ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 01 ഡിസംബർ 2018 ലക്കം 08

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephpatharadio.com
0490- - 2342440

# ഉള്ളടക്കം


1. Prot. No.635/18സർക്കുലർ 20/2018 ........ 5
2. ഇടയലേഖനം ........ 7
3. വത്സലപിതാവ് കുഞ്ഞുങ്ങളോട് ........ 12
4. സീറോ മലബാർ മിഷൻ വാരാചരണം ........ 16
5. കച്ചേരിക്കാര്യം ........ 19
6. സെമിനാരിവാർത്തകൾ ........ 23
7. വിശ്വാസപരിശീലനം ........ 24
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 33
9. ചെറുപുഷ്പ മിഷൻലീഗ് ........ 36
10. തിരുബാലസഖ്യം ........ 45
11. യുവജനശുശ്രൂഷ ........ 47
12. കുടുംബപ്രേഷിതത്വം ........ 52
13. വിദ്യാഭ്യാസ ഏജൻസി ........ 61
14. സാൻജോസ് അക്കാഡമി ........ 65
15. വിമൽജ്യോതി വാർത്തകൾ ........ 69
16. കരിസ്മാറ്റിക് നവീകരണരംഗം ........ 71
17. ഇൻഫാം വാർത്തകൾ ........ 72
18. നിർമ്മലഗിരി വാർത്തകൾ ........ 75
19. കുടുംബക്കൂട്ടായ്മ ........ 76
20. എകെസിസി വാർത്തകൾ ........ 78
21. പ്രതീക്ഷ വാർത്തകൾ ........ 80
22. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ ........ 82
23. കെസിബിസി മദ്യവിരുദ്ധ സമിതി ........ 86
24. സാമൂഹ്യസേവനവേദി ........ 96
25. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 103
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 105
27. Programme of the Archbishop Mar George Njaralakatt ........ 107
28. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 109
29. Programme of the Abp. Emeritus Mar George Valiamattam ........ 110
30. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 111
31. Programme of the Auxiliary Bishop Mar Joseph Pamplany ........ 112

Prot. No. 635/18; സർക്കുലർ നമ്പർ 20/2018

# യുവജന വർഷ സംഗമം

ഈശോമിശിഹായിൽ ഏറെ സ്നേഹമുള്ള സഹോദരീസഹോദരന്മാരെ,

ആഗോളസഭയോട് ചേർന്ന് 2018 മാർച്ച് 19ന് നാം ആരംഭിച്ച യുവജനവർഷം പാതി ദൂരം പിന്നിട്ടിരിക്കുന്നു. ഈ കാലയളവിൽ, നമ്മുടെ യുവജനമക്കളെ കൂടുതൽ മനസ്സിലാക്കുവാനും സ്നേഹിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും സർവ്വോപരി ഈശോയോടും പരിശുദ്ധ കത്തോലിക്കാസഭയോടും ചേർത്ത് നിർത്തുവാനും നിങ്ങൾ ഓരോരുത്തരും കാണിക്കുന്ന ത്യാഗത്തിന് ആത്മാർത്ഥമായി നന്ദി പറയുന്നു. ഏവരുടെയും പരിശ്രമഫലമായി നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും കെ സി വൈ എം യൂണിറ്റ് സ്ഥാപിക്കാൻ നമുക്ക് സാധിച്ചു. അഭിവന്ദ്യപിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ 16 ഫൊറോനകളിലും ഫൊറോന യൂത്ത് അസംബ്ലി പൂർത്തിയാക്കി. 2018 ജൂലൈ 26ന് നടന്ന ഫൊറോന യൂത്ത് അസംബ്ലി സമാപനത്തിൽ വച്ച് കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ കെ സി വൈ എം രൂപതയായി നമ്മുടെ അതിരൂപതയെ പ്രഖ്യാപിച്ചു. യുവജനങ്ങളുടെ ആത്മീയപോഷണത്തിനായി ഫൊറോനകൾതോറും നടന്നുകൊണ്ടിരിക്കുന്ന 'ആർമി' യുവജന കൺവൻഷന് നല്കുന്ന പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നു.

തിരുവനന്തപുരത്ത് ഓഖി ചുഴലിക്കാറ്റ് അടിച്ചപ്പോഴും മലബാറിൽ ഉരുൾപൊട്ടൽ ഉണ്ടായപ്പോഴും കുട്ടനാട്ടിലും വയനാട്ടിലും കേരളത്തിന്റെ പല പ്രദേശങ്ങളിലും പ്രളയം ഉണ്ടായപ്പോഴും സഹായഹസ്തവുമായി ആദ്യം ഓടിയെത്തിയത് നമ്മുടെ യുവജനങ്ങളാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം, തിരുസഭയോടൊപ്പം, സമൂഹത്തോടൊപ്പം എന്ന യുവജനവർഷത്തിലെ ആപ്തവാക്യം ജീവിച്ച് കാണിക്കാൻ നമ്മുടെ യുവജനങ്ങൾക്ക് സാധിച്ചു.

അഭിവന്ദ്യ പാംപ്ലാനി പിതാവ് റോമിൽവച്ച് നടന്ന യുവജന സിനഡിൽ സംബന്ധിക്കുകയും പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു. പാംപ്ലാനി പിതാവിന്റെ പ്രബന്ധത്തിലെ പ്രസക്തഭാഗങ്ങൾ ഫ്രാൻസിസ് മാർപാപ്പ സിനഡനന്തര പ്രബോധന രേഖയിൽ ഉൾച്ചേർത്തുവെന്നത് നമുക്ക് മാത്രമല്ല ഭാരതസഭയ്ക്കു തന്നെയുള്ള

അംഗീകാരമാണ്. യുവജനങ്ങളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കുവാനും സ്നേഹിക്കുവാനും അനുധാവനം ചെയ്യുവാനും സാധിക്കുന്ന ഒരു പുതിയ അജപാലനശൈലി നാം സ്വീകരിക്കണമെന്ന ഫ്രാൻസീസ് പാപ്പായുടെ വാക്കുകൾ നമുക്ക് സ്വീകരിക്കാം.

ഈ യുവജനവർഷത്തിൽ തലശ്ശേരി അതിരൂപതയിലെ യുവജനങ്ങളെ ഒരുമിപ്പിച്ച്കൊണ്ട് മഹായുവജന സംഗമം ഡിസംബർ 8 രണ്ടാം ശനിയാഴ്ച കണ്ണൂരിൽ വച്ച് നടത്തപ്പെടുകയാണ്. "I am the church" (ഞാനാണ് സഭ) എന്നതാണ് സംഗമത്തിന്റെ ആപ്തവാക്യം. ഈ സംഗമത്തിലേക്ക് ഓരോ ഇടവകയുടെയും വലിപ്പമനുസരിച്ച് യുവജനങ്ങളെ പറഞ്ഞയക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇതിനായി ബഹു. വികാരിയച്ചന്മാർ പ്രത്യേകം താല്പര്യം എടുക്കുമല്ലോ.

യുവജനവർഷ പ്രവർത്തനങ്ങൾക്കായി ഒരു നിശ്ചിത സംഖ്യ ഇടവകയിൽ നിന്നും മാറ്റി വയ്ക്കണമെന്ന് താത്പര്യപ്പെടുന്നു. കരുണാർദ്ര സ്നേഹത്തോടെ എല്ലാ യുവജനങ്ങളെയും സഭയോടും ഈശോയോടും ചേർത്ത് നിർത്താൻ എല്ലാ വഴികളും നമുക്ക് ഉപയോഗിക്കാം. നിയമത്തിന്റെ വടിയെക്കാൾ സ്നേഹത്തിന്റെ ലേപനമാണ് അവർക്കാവശ്യമെന്ന് മറക്കാതിരിക്കാം. യുവജനവർഷ പ്രാർത്ഥന കുടുംബങ്ങളിലും ഇടവകകളിലും മുടങ്ങാതിരിക്കട്ടെ.

പ്രിയ യുവജനങ്ങളെ, സഭയും സമൂഹവും നിങ്ങളെയോർത്ത് അഭിമാനിക്കുന്നു. യുവജന വർഷത്തിലെ എല്ലാ സാധ്യതകളെയും പ്രയോജനപ്പെടുത്തി വിശ്വാസത്തിലും മൂല്യത്തിലും അഭിവൃദ്ധിയിലും വളരാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

യുവജനവർഷാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ് ഞറളക്കാട്ട്**

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 ഡിസംബർ മാസം 2-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

Prot. No. 646/2018; Pastoral Letter No. 2/2018

# ഇടയലേഖനം

*ദൈവകൃപയാൽ*
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*മാർ ജോർജ് ഞറളക്കാട്ട്*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മംഗളവാർത്തക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ രക്ഷയ്ക്കുവേണ്ടി ദൈവപുത്രൻ പുൽക്കൂട്ടിൽ പിറന്നതിനെ തിരുസഭ കൃതജ്ഞതയോടും സ്നേഹത്തോടുംകൂടെ അനുസ്മരിക്കുന്ന കാലമാണിത്. തന്റെ മനുഷ്യാവതാരത്തിലൂടെയും ബലിയിലൂടെയും കൈവന്ന രക്ഷയെ ലോകത്തിന്റെ അതിരുകളോളവും അവസാനംവരെയും സകലർക്കും സംലഭ്യമാക്കാനാണ് ഈശോ തിരുസഭയെ സ്ഥാപിച്ചത്. ഈശോ സ്ഥാപിച്ച തിരുസഭയിൽ അടുത്തകാലത്തുണ്ടായ ചില വിവാദങ്ങൾ തിരുസഭയെ സ്നേഹിക്കുന്ന സകലരെയും സങ്കടപ്പെടുത്തുന്നതും അസ്വസ്ഥതപ്പെടുത്തുന്നതുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. തിരുസഭയെ പഠിപ്പിക്കാനും നയിക്കാനും വിശുദ്ധീകരിക്കാനും നിയോഗം ലഭിച്ചവർതന്നെ സഭയെ അപമാനിക്കുന്ന പ്രവർത്തനങ്ങളും വാദഗതികളുമായി രംഗത്തുവരുന്നതിന് നാം സാക്ഷികളായി. അനുസരണവ്രതമെടുത്തവർ അനുസരണക്കേടിന്റെ ധാർഷ്ട്യം മാധ്യമങ്ങൾക്കുമുന്നിൽ പ്രകടമാക്കിക്കൊണ്ട് സഭയുടെ ശത്രുക്കൾക്കു വിരുന്നൊരുക്കുന്നതിനും മൂകസാക്ഷികളാകേണ്ടിവന്നതിന്റെ സങ്കടം നമ്മുടെയെല്ലാം മനസ്സിനെ ഭാരപ്പെടുത്തുന്നതാണ്. മേൽപട്ടക്കാർക്കെതിരെ പ്രതിഷേധജാഥനയിക്കുന്ന പട്ടക്കാരെയും സഭാധികാരികൾക്കെതിരെ വിമതശബ്ദമുയർത്തുന്ന സമർപ്പിതരെയും മുന്നിൽനിർത്തി മാധ്യമങ്ങൾ സഭാവിരുദ്ധത ആഘോഷമാക്കുന്നതും നാം കണ്ടു. സഭയുടെ കെട്ടുറപ്പും ശക്തിയും വിശ്വാസ്യതയും ചോരുന്നു എന്നചിന്ത പൊതുസമൂഹത്തിൽ പ്രകടമാക്കാൻ ഇപ്രകാരമുള്ള സംഭവങ്ങൾ ഇടവരുത്തി എന്നത് സഭയൊന്നാകെ ഗൗരവമായി കാണേണ്ടതാണ്.

''അരാജകത്വത്തിന്റെ അരൂപി'' (Spirit of Anarchy) എന്ന് അപ്പസ്തോലൻ വിശേഷിപ്പിച്ച തിന്മയുടെ അരൂപി (2തെസ 2:6–8) സഭയിൽ ശക്തി പ്രാപിക്കുന്നതിന്റെ സൂചനകളാണിവ. ഇത്തരം പ്രതിസന്ധികൾ സഭാത്മകമായി പരിഹരിക്കാനും ആവർത്തിക്കാതിരിക്കാനും സഭാനേതൃത്വം കൂട്ടായ തീരുമാനമെടുക്കും. ഇതിനായി സഭയുടെ മക്കളെല്ലാം തീക്ഷ്ണമായി പ്രാർത്ഥിക്കണം.

## തിരുസഭ-സുരക്ഷിതഭവനം

ലോകത്തിന്റെ പല കോണുകളിൽ നിന്നുമാത്രമല്ല നമ്മുടെ നാട്ടിൽനിന്നുപോലും സഭാശുശ്രൂഷകർക്കെതിരെ ഉയർന്ന ലൈംഗിക ആരോപണവിവാദങ്ങൾ തിരുസഭയുടെ വിശ്വാസ്യതയ്ക്ക് സാരമായ മങ്ങലേല്പിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ആരോപണങ്ങൾ മാത്രമാ ണെങ്കിലും ഇത്തരം വിവാദങ്ങൾ സഭയുടെ സാക്ഷ്യജീവിതത്തിന് ദൂരവ്യാപകമായ ദുരന്തഫലങ്ങൾ ഉളവാക്കും. ഇരുപതുനൂറ്റാണ്ടായി ഈ ഭൂമിയിലെ സകല നിരാലംബരുടെയും ദുർബലരുടെയും കുഞ്ഞുങ്ങളുടെയും ആലംബമായി വർത്തിച്ചിരുന്നത് തിരുസഭയാണ്. ആ തിരുസഭയിൽ കുഞ്ഞുങ്ങളും സ്ത്രീകളും സുരക്ഷിതരല്ല എന്നചിന്ത വളർത്താനും സഭയെ പൊതുസമൂഹത്തിൽ അവഹേളിക്കാനും ഇടവരുത്തുന്നവരിൽ ചില മാധ്യമങ്ങളും സഭയുടെ ശത്രുക്കളും മാത്രമല്ല സഭയുടെ ശുശ്രൂഷകർ പോലുമുണ്ടെന്നത് നമ്മെ ഏറെ വേദനിപ്പിച്ച സത്യമാണ്. സഭാശുശ്രൂഷകർവഴി വന്നുപോയ സകല തെറ്റുകൾക്കും ഉതപ്പുകൾക്കും സകലവിശ്വാസികളോടും മാപ്പുചോദിച്ച ഫ്രാൻസിസ് മാർപാപ്പയോട് ചേർന്ന് ഞാനും നിങ്ങളോടു ക്ഷമയാചിക്കുന്നു. തിരുസഭയെ സകലർക്കുമുള്ള സുരക്ഷിതഭവനമാക്കിമാറ്റാൻ സഭയൊന്നാകെ പ്രതിജ്ഞാബദ്ധ മാകണം. തെറ്റുകളും കുറവുകളും യഥാസമയം ചൂണ്ടിക്കാട്ടാനും തിരുത്താനും ഉചിതമായ നടപടികൾ എടുക്കാനും നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. തെറ്റുചെയ്യുന്നവർക്കെതിരെ രാജ്യത്തെ നിയമവ്യ വസ്ഥിതിയ്ക്കനുസൃതം നടപടികൾ സ്വീകരിക്കണം. കൂടാതെ സഭാശുശ്രൂഷകർക്കെതിരെ സഭയിൽ പരാതികൾ ഉന്നയിക്കാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി വനിതാ അഭിഭാഷകർ ഉൾക്കൊള്ളുന്ന ഒരു ഗ്രീവൻസ് സെൽ നമ്മുടെ അതിരൂപതയിൽ ക്രമീകരിച്ചിട്ടുണ്ട്. ഈ സമിതി പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ നിയമാനുസൃതം സ്വീകരിക്കുന്നതാണ്. തിരുസഭയെ എല്ലാവർക്കുമുള്ള സുരക്ഷിതഭവനമാക്കി മാറ്റിയെങ്കിൽമാത്രമേ ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ നമുക്ക് കഴിയുകയുള്ളു. സാമ്പത്തിക സുതാര്യതയും ധാർമ്മികവിശുദ്ധിയും എളിമയുടെ പുണ്യവും പുലരുന്ന ഭവനമായി തിരുസഭയെ രൂപപ്പെടുത്താൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം.

## കോടതി വിധികൾ

ഭാരതത്തിന്റെ പരമോന്നത നീതിപീഠം അടുത്തകാലത്ത് വിവാഹപൂർവ്വലൈംഗികബന്ധം, വിവാഹേതര കൂടിത്താമസം, സ്വവ ർഗ്ഗാനുരാഗികളുടെ വിവാഹം എന്നിവയെക്കുറിച്ചു നടത്തിയ വിധികൾ വിശ്വാസികൾക്കിടയിൽ സന്ദിഗ്ധത സൃഷ്ടിച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സി ലാക്കുന്നു. മേൽപറഞ്ഞതരം വ്യത്യസ്തമായ ജീവിതശൈലി പുലർ ത്തുന്നവരോട് നാട്ടിലെ കപടസദാചാര വാദികൾ നടത്തുന്ന അനധി കൃതകയ്യേറ്റങ്ങൾക്ക് അറുതിവരുത്തുക എന്നലക്ഷ്യത്തോടെ നീതിപീഠം പുറപ്പെടുവിച്ച വിധികളെ മാനിക്കുമ്പോൾത്തന്നെ ഈ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള തിരുസഭയുടെ പ്രബോധനം നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുസഭയെ സംബന്ധി ച്ചിടത്തോളം വിവാഹം എന്നത് പൂർണ്ണമായ അറിവോടും സമ്മതത്തോടും സ്വാതന്ത്ര്യത്തോടുംകൂടി ദൈവഹിതപ്രകാരം ദമ്പതികൾ തിരുസഭയിൽ നടത്തുന്ന കൂദാശയും ഉടമ്പടിയുമാണ്. ഇപ്രകാരമല്ലാത്ത എല്ലാ കൂടിത്താമസങ്ങളും ദമ്പതികളുടെ വിശ്വാസ ജീവിതത്തിനും കുഞ്ഞുങ്ങളുടെ പരിപാലനത്തിനും ഹാനിക രമാകയാൽ സത്യവിശ്വാസികൾ വർജ്ജിക്കാൻ കടപ്പെട്ടിരിക്കുന്നു. വിവാഹത്തിന്റെ പരിശുദ്ധിയെയും അഭേദ്യതയെയുംകുറിച്ച് തിരുസഭനൽകിയിട്ടുള്ള എല്ലാ പ്രബോധനങ്ങളും മാറ്റമില്ലാതെയും കലർപ്പില്ലാതെയും പാലിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്.

സ്വവർഗ്ഗാനുരാഗികളോട് തിരുസഭാമാതാവിന് ഏറെ കരുണയും സ്നേഹവും ഉണ്ട്. അജപാലകർ അവരെ അനുഭാവപൂർവ്വം പരിഗണി ക്കുവാനും സ്നേഹപൂർവ്വം ശുശ്രൂഷിക്കാനും കടപ്പെട്ടിരിക്കുന്നു. എന്നാൽ, സ്വവർഗ്ഗാനുരാഗത്തെ ജന്മസിദ്ധമായ ഒരു അവസ്ഥയായി തിരുസഭ കരുതുന്നില്ല. തങ്ങൾ വളർന്ന സാഹചര്യങ്ങളുടെ സങ്കീർ ണ്ണതയും സമ്മർദ്ദവുമാണ് അവരെ അപ്രകാരം രൂപപ്പെടുത്തിയത്. അതിനാൽ ശരിയായ പരിശീലനത്തിലൂടെയും മനഃശാസ്ത്രപരമായ വഴികളിലൂടെയും അവരെ സ്വാഭാവികജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ സമൂഹത്തിന് ഒന്നാകെ കടമയുണ്ട്. സ്വവർഗ്ഗാ നുരാഗികളെ അവരുടെ പ്രത്യേകതകളോടെ അംഗീകരിച്ച് സ്വാഭാവിക ലൈംഗികാവസ്ഥയിലേക്കു വളരാൻ സഹായിക്കണം എന്നതാണ് തിരുസഭയുടെ നിലപാട്. സ്വവർഗ്ഗാനുരാഗികളുടെ സോദോം, ഗോമോറ നഗരങ്ങൾ ചാവുകടലായി പരിണമിച്ചകഥ ബൈബിൾ പറയുന്നത് ശ്രദ്ധേയമാണ് (ഉൽപ 19:1-38). സ്വവർഗ്ഗാനുരാഗവും വിവാഹവും ജീവന്റെ കൈമാറ്റത്തിനു വിരുദ്ധമാകയാൽ അത് മനുഷ്യന്റെ

നിലനില്പിനെ അപകടത്തിലാക്കി "ചാവുകടൽ സംസ്കാരം" വളർത്തും എന്നതാണ് സഭയുടെ നിലപാട്. അതിനാൽ സ്വവർഗ്ഗാനുരാഗികളുടെ വിവാഹം സൃഷ്ടാവിനോടുള്ള വെല്ലുവിളിയാണ്.

### കുമ്പസാരവിവാദം

തിരുസഭയുടെ പുണ്യമാണ് വി. കുമ്പസാരം എന്ന കൂദാശ. ഈശോ നമുക്കുവേണ്ടി കാൽവരിയിൽ നേടിത്തന്ന രക്ഷയെ ഏതൊരു പാപാവസ്ഥയിലും നമുക്കു സംലഭ്യമാക്കുന്ന അത്ഭുതകരമായ കൂദാശയാണിത്. നാരകീയ ശക്തികൾ ഏറ്റവും വെറുക്കുന്നത് കുമ്പസാരമെന്ന കൂദാശയെയാണ് എന്ന് വി. മരിയ വിയാനി പറഞ്ഞത് സത്യമാണ്. ഏതൊരുപാപിയെയും വിമലീകരിച്ച് ഈശോയുടെ തിരുരക്തത്താൽ കഴുകി വിശുദ്ധമാക്കുന്ന കൂദാശയാണിത്. കുമ്പസാരമെന്ന കൂദാശയില്ലെങ്കിൽ നാം മറ്റേതൊരു ജനതയെയുംപോലെ പാപത്തിൽ അവസാനിക്കുമായിരുന്നു.

കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്യുന്ന വൈദികരെ ഏറെ കരുതലോടും സൂക്ഷ്മതയോടും കൂടിയാണ് സഭ ഇതിനായി പരിശീലിപ്പിക്കുന്നത്. ഇരുപത്തിയൊന്നു നൂറ്റാണ്ടായി തിരുസഭ പരിപാവനമായി കരുതുന്ന കുമ്പസാരരഹസ്യത്തിന്റെ പാലനത്തിനായി അനേകം വൈദികർ ജീവത്യാഗവും മാനഹാനിയും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അടുത്തകാലത്ത് ഒരു സഹോദരസഭയിലെ ഏതാനും വൈദികർ കുമ്പസാരരഹസ്യം ദുരുപയോഗിച്ചു എന്ന ആരോപണം ഉയർന്നതിന്റെ പശ്ചാത്തലത്തിൽ കുമ്പസാരമെന്ന കൂദാശയെ അധിക്ഷേപിക്കുന്ന അനേകം പരാമർശങ്ങൾ നാം കേൾക്കുകയുണ്ടായി. ദേശീയവനിതാകമ്മീഷനും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണമായ വിജ്ഞാനകൈരളിയും കുമ്പസാരത്തെക്കുറിച്ചു നടത്തിയ പരാമർശങ്ങൾ അങ്ങേയറ്റം അപലപനീയമാണ്. കുമ്പസാരത്തെ അവിശ്വസിക്കാനുള്ള എല്ലാ പ്രേരണകളും പൈശാചികമാണെന്നു നാം തിരിച്ചറിയണം. കുമ്പസാരരഹസ്യം ഏതെങ്കിലും വിധത്തിൽ വെളിപ്പെടുത്തുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്യുന്ന പുരോഹിതൻ മഹറോൻ ശിക്ഷയിലൂടെ സഭാഗാത്രത്തിനു പുറത്താകും എന്നസത്യംകൂടി നമ്മൾ തിരിച്ചറിയണം. അതിനാൽ കുമ്പസാരക്കൂട്ടിലെ വൈദികൻ ഈശോയുടെ സ്ഥാനത്താണ് എന്ന പരമ്പരാഗത വിശ്വാസം നാം മുറുകെപ്പിടിക്കണം. ഈ വിശ്വാസം ഇളംതലമുറയിലേക്കു നാം ജാഗ്രതയോടെ കൈമാറുകയും ചെയ്യണം.

പത്രോസാകുന്ന പാറമേൽ ഈശോസ്ഥാപിച്ച സഭയെ തകർക്കാൻ നരകകവാടങ്ങൾക്ക് ഒരിക്കലും കഴിയില്ല എന്ന ദിവ്യനാഥന്റെ വാഗ്ദാനത്തിൽ നമുക്ക് ഉറച്ചുവിശ്വസിക്കാം. പീഡാനുഭവങ്ങളുടെയും അപമാനത്തിന്റെയും വഴിയിലൂടെനടത്തി തന്റെസഭയെ ഈശോ വിശുദ്ധീകരിക്കുന്ന നാളുകളിലാണ് നാം ജീവിക്കുന്നത്. ഈ ശുദ്ധീകരണനാളുകളിൽ സഭയിലും ക്രിസ്തുവിലുമുള്ള വിശ്വാസത്തിൽ ഇടർച്ചയുണ്ടാകാതിരിക്കാൻ നമുക്ക് പരസ്പരം പ്രാർത്ഥിച്ച് ശക്തിപ്പെടുത്താം. തിരുസഭയ്ക്കെതിരായ എല്ലാ സംഘടിതനീക്കങ്ങളെയും കൂട്ടായ്മയുടെ കരുത്തിൽ അതിജീവിക്കാം.

സമാഗതമാകുന്ന ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

നിങ്ങളുടെ വൽസലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
24.11.2018 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ ഇടയലേഖനം 2018 ഡിസംബർ മാസം 9-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

Prot. No. 647/18; സർക്കുലർ നമ്പർ 21/2018

# വത്സലപിതാവ് പിതാവ് കുഞ്ഞുങ്ങളോട്

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട വത്സലമക്കളേ,

"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വവും ഭൂമിയിൽ ദൈവ കൃപ ലഭിച്ചവർക്ക് സമാധാനവും" (ലൂക്ക 2:14) ആശംസിച്ചുകൊണ്ട് വീണ്ടും ക്രിസ്മസ് വരവായി. ക്രിസ്മസ് എന്ന് കേൾക്കുമ്പോഴേക്കും 25 ദിവസങ്ങളിലും നോമ്പെടുത്ത് പള്ളിയിൽ പോകുന്നതും പാതിരാ കുർബാനയും പുൽക്കൂടും നക്ഷത്രങ്ങളും ക്രിസ്മസ് പപ്പായും കുടും ബങ്ങളുമൊത്ത് ദീർഘനേരം സംസാരിച്ച് ഭക്ഷണം കഴിക്കുന്നതും കരോൾ പോകുന്നതുമൊക്കെ നിങ്ങളുടെ ഓർമ്മയിൽ വരുന്നുണ്ടാകും. നന്മനിറഞ്ഞ ഐശ്വര്യം നിറഞ്ഞ ഒരു ക്രിസ്മസ് കാലം ഞാൻ സ്നേഹ പൂർവ്വം നിങ്ങൾക്കാശംസിക്കുകയാണ്. അനേകർ ശാരീരികവും മാന സികവും സാമ്പത്തീകവുമായ ക്ലേശങ്ങൾ അനുഭവിക്കുന്ന ഈ കാല ഘട്ടത്തിൽ ശാന്തതയും സമാധാനവും നല്കി ഒരു അനുഗ്രഹമായി ത്തീരാൻ അനേകർക്ക് അനുഗ്രഹമായ ഉണ്ണിയേശുവിനോട് നമുക്ക് പ്രാർത്ഥിക്കാം. ക്രിസ്മസ് കാലയളവുമുതൽ നിങ്ങൾ മാതാപിതാ ക്കൾക്കും സഹോദരങ്ങൾക്കും ഒരു അനുഗ്രഹമായിത്തീരണം എന്ന കാര്യം ഓർമ്മിപ്പിക്കാനാണ് ഈ വർഷം ഞാൻ ആഗ്രഹിക്കുന്നത്.

കേരള ജനതമുഴുവൻ വളരെ യാതനകൾ അനുഭവിച്ച കഴിഞ്ഞ മാസങ്ങളിൽ അസാധാരണ പ്രവർത്തനങ്ങൾ ചെയ്ത സാധാരണ വ്യക്തികളെക്കുറിച്ച് ടിവിയിലും പത്രങ്ങളിലും സോഷ്യൽ നെറ്റ് വർക്കി ലുമൊക്കെ ധാരാളം റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. അതെ സത്രങ്ങ ളിൽ ഇടം കൊടുത്ത ധാരാളം വ്യക്തികൾ (ലൂക്കാ 2:17) എന്നെ വള രെയധികം ആകർഷിച്ച ഒരു വാട്ട്സ് ആപ്പ് വീഡിയോയെക്കുറിച്ച് കുട്ടി കളായ നിങ്ങളോട് പറയാൻ എനിക്കിഷ്ടമുണ്ട്. നമ്മുടെ അതിരൂപത യിലെ കാലിച്ചാനടുക്കം ഇടവകയിലെ രണ്ട് പെൺകുട്ടികൾ മൂലയിൽ അൽഫോൻസായും കൊച്ചുത്രേസ്യായും പ്രളയ ബാധിതരെ സഹാ യിക്കുവാനായി തങ്ങളുടെ കൊച്ചു കുടുക്കകളിൽ ശേഖരിച്ച തുക മുഴുവൻ ഇടവക വികാരിയച്ചനായ ലൂയിസ് അച്ചനെ ഏല്പിക്കുന്ന തായിരുന്നു ഞാൻ കണ്ട ആ വിഡീയോ. ജനങ്ങളുടെ ബുദ്ധിമുട്ട് മന സ്സിലാക്കിയ മൂന്നാംക്ലാസ്സിലും ഒന്നാംക്ലാസ്സിലും പഠിക്കുന്ന ആ കുഞ്ഞു ങ്ങൾ അനേകം പേർക്ക് ഒരു അനുഗ്രഹമായി മാറുകയായിരുന്നല്ലോ.

നമ്മുടെ തന്നെ അതിരൂപതയിൽ നടന്ന ഒരു സംഭവമാണ് ഇത് എന്ന തിൽ അത്യധികമായ ആനന്ദം എനിക്ക് ഉണ്ടായി.

ചുറ്റുമുള്ളവർക്ക് ഒരു അനുഗ്രഹമായി മാറി എങ്ങനെ ഉണ്ണിമിശി ഹായുടെ പിറവിക്ക് ഒരുങ്ങാം എന്ന് ചിന്തിച്ചപ്പോൾ ഏതാനും പ്രധാ നപ്പെട്ട കാര്യങ്ങളാണ് എന്റെ മനസ്സിലേക്ക് വന്നത്.

1. ഒന്നാമതായി 25 ദിവസങ്ങളിലും പ്രാർത്ഥിച്ച് ഒരുങ്ങി ദൈവാലയ ത്തിൽ ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുകയും മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ്. മറ്റുള്ളവർക്ക്വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് അവർക്ക് നമ്മൾ അനുഗ്രഹമായി മാറണം. അതോ ടൊപ്പം ദിവസേന ദിവ്യബലിക്കായി പോകാൻ സാധിക്കാത്ത അവസര ങ്ങളാണെങ്കിൽ സ്കൂൾ ഇന്റർവെൽ സമയത്തൊക്കെ കൂട്ടുകാരെയയും കൂട്ടി ദൈവാലയത്തിൽ പോയി വിസിറ്റ് നടത്തുക. കൂട്ടുകാരെയും ഈശോയുടെ പക്കലെത്തിക്കുന്നതുവഴി അവർക്കനുഗ്രഹമാകാൻ നമുക്ക് പറ്റും.

2. 25 നോമ്പ് ദിനങ്ങളിൽ നമുക്കേറ്റവും ഇഷ്ടമുള്ള ഭക്ഷണ സാധ നങ്ങൾ വേണ്ടെന്നു വയ്ക്കുകയും അതിലൂടെ മിച്ചം വരുന്ന തുക പാവ ങ്ങൾക്കായി നല്കുകയും ചെയ്യുക എന്നതാണ് രണ്ടാമത്തെ കാര്യം. കഴിഞ്ഞ വർഷം വിജയവാഡയിൽ ഒരു ഗ്രാമത്തിൽ ഉള്ളവർക്ക് ഇങ്ങനെ ശേഖരിച്ച തുകകൊണ്ട് നമ്മൾ കട്ടിൽ വാങ്ങി നല്കിയിരുന്നു. ഈ വർഷവും അദിലാബാദ് രൂപതയിലെ സാലിഗാം ഗ്രാമത്തിലെ കുട്ടി കൾക്കാണ് കട്ടിൽവാങ്ങി നല്കാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കഴിഞ്ഞവർഷം വളരെ ഉദാരമായി തുക നല്കി സഹായിച്ച കുഞ്ഞുങ്ങ ളെയും ഇടവകകളെയും ഏറ്റവും നന്ദിപൂർവ്വം അനുസ്മരിക്കുന്നു. അങ്ങനെ നമ്മുടെ കൊച്ചു കൊച്ചു ത്യാഗങ്ങൾ അനേകർക്ക് അനുഗ്ര ഹമായി മാറും.

3. പ്രകൃതിക്ക് ഇണങ്ങിയ ജീവിത ശൈലിയെ വളർത്തിയെടു ക്കുക എന്നതാണ് ഉണ്ണീശോയ്ക്ക് ഇഷ്ടമുള്ള മൂന്നാമത്തെ കാര്യം. ഈ ക്രിസ്മസ് കാലത്ത് നമ്മുടെ വീടിനും പരിസരത്തുംഉള്ള എല്ലാ പ്ലാസ്റ്റിക് മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിനെപ്പറ്റി പപ്പയു ടെയും മമ്മിയുടെയും സഹകരണത്തോടെ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. പ്രകൃതിയെ സംരക്ഷിക്കുന്നതും പരിപാലിക്കുന്നതും ഉണ്ണി മിശിഹായ്ക്ക് ഏറ്റവും ഇഷ്ടമുള്ള കാര്യങ്ങൾതന്നെയാണ്. അങ്ങനെ പ്രകൃതിക്ക് നമ്മൾ ഒരു അനുഗ്രഹമായി മാറണം.

4. നമ്മുടെ വല്യപ്പച്ചനും വല്യമ്മച്ചിക്കും ഒപ്പം കൂടുതൽ സമയം സംസാരിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്യുക എന്നതാണ് എനിക്ക്നിർദ്ദേശിക്കാനുള്ള നാലാമത്തെ കാര്യം. വല്യപ്പച്ചനും അമ്മച്ചിയുമൊക്കെ മറ്റുസ്ഥലങ്ങളിലാണ് താമസിക്കുന്നതെങ്കിൽ 2 ദിവസമെങ്കിലും അവരോടൊപ്പം ചിലവിടാൻ സമയം കണ്ടെത്തുമല്ലോ. ഉണ്ണിയേശു മാതാപിതാക്കൾക്ക് വിധേയനായി വളർന്നുവല്ലോ. മാതാപിതാക്കൾ അനുഗ്രഹമായി തീർന്നല്ലോ. അതുകൊണ്ട് നമ്മളും നമ്മുടെ മാതാപിതാക്കൾക്കും വല്യപ്പച്ചനും വല്യമ്മച്ചിക്കും ഒക്കെ കുറേ സമയം ചിലവഴിച്ച്, ഉല്ലസിച്ച്, സഹായിച്ച് ഒരു അനുഗ്രഹമായി മാറണം.

5. ഈ ക്രിസ്മസ് കാലയളവിൽ 3 കാര്യങ്ങൾ നിങ്ങൾ കണ്ടുമുട്ടുന്ന സുഹൃത്തുക്കളോടൊക്കെ പറയണം എന്ന് ഞാൻ ആഗ്രഹിക്കുന്നു.

1. നമുക്കായി രക്ഷകനായ ഉണ്ണീശോ പിറന്നിരിക്കുന്നു.
2. നീ എല്ലാവർക്കും ഒരു അനുഗ്രഹമായി മാറണം.
3. നീ ഒരു വിശുദ്ധൻ/വിശുദ്ധ ആകണം.

ഇത് കൂട്ടുകാരോട് പറയുന്നതിലൂടെ, പ്രോത്സാഹിപ്പിക്കുന്നതിലൂടെ നിങ്ങൾക്ക് മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിത്തീരാനാകും.

6. നല്ല വസ്ത്രധാരണ രീതിയും പക്വതയാർന്ന സംസാരവും. ചിലപ്പോഴൊക്കെ മക്കൾ മോശമായ വസ്ത്രധാരണവും മുടി വളർത്തിയും വ്യത്യസ്തമായ രീതിയിൽ hair Cut ചെയ്തും ജീവിക്കുന്നതിനാൽ വളരെ വിഷമിക്കുന്ന മാതാപിതാക്കളെ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. പ്രിയ മക്കളേ... നമുക്ക് സഭ്യമായ, മാന്യമായ വസ്ത്രധാരണ രീതിയല്ലേ നല്ലത്?നല്ല ഹെയർ സ്റ്റൈൽ അല്ലേ നല്ലത്? നമുക്ക് അതുമതി. സ്നേഹപൂർവ്വം ഞാൻ നിങ്ങളോട് ഉപദേശിക്കുകയാണ്. മെച്ചപ്പെട്ട വസ്ത്രധാരണത്തിലൂടെ മറ്റുള്ളവർക്കു നമ്മുടെ സാന്നിദ്ധ്യം ഒരു അനുഗ്രഹമായി മാറണം.

നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽകൂടി ക്രിസ്മസ് ആശംസകൾ ഞാൻ നേരുകയാണ്. നന്നായി പരീക്ഷക്ക് ഒരുങ്ങുമല്ലോ. സാധിക്കുന്ന എല്ലാവരും വീടുകളിൽ പുൽക്കൂട് ഉണ്ടാക്കണം, കരോളിന് പോവുകയും വേണം. ഈ കാലയളവുകളിൽ ടിവിയും മൊബൈലും ഒക്കെ ഉപയോഗിക്കുന്നത് നിങ്ങൾ കുറയ്ക്കും എന്ന് ഞാൻ വിശ്വസിക്കുകയാണ്. 25 ദിവസവും വ്യത്യസ്തങ്ങളായ സുകൃതങ്ങൾ അഭ്യസിച്ച്

നിങ്ങൾ ഹൃദയത്തിൽ നല്ല ഒരു പുൽക്കൂട് ഉണ്ണീശോയ്ക്കായി നിർമ്മിക്കും എന്ന് എനിക്ക് ബോധ്യമുണ്ട്. നിങ്ങളുടെ മാതാപിതാക്കളോടും അധ്യാപകരോടും കൂട്ടുകാരോടും സ്നേഹപൂർവ്വം ഇടപെടാൻ ശ്രദ്ധിക്കണേ. മാതാപിതാക്കളോടൊത്ത് ഒരു പാവപ്പെട്ട വീട് സന്ദർശിക്കുന്നതും അവരെ സഹായിക്കുന്നതും വളരെ നല്ല കാര്യമാണ്. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കൂട്ടുകാരാണെങ്കിൽ മാതാപിതാക്കളുടെ സഹായത്തോടെ പഠനോപകരണങ്ങളൊക്കെ വാങ്ങി നല്കാൻ പരിശ്രമിക്കുമല്ലോ. സ്കൂളുകളിലും സൺഡേസ്കൂളിലും പഠിപ്പിക്കുന്ന എല്ലാ അധ്യാപകരെയും അനധ്യാപകരെയും ക്രിസ്മസിന് ആശംസ നല്കാൻ മറക്കില്ലല്ലോ, അതേപോലെ കേൺവെന്റിലുള്ള എല്ലാ സിസ്റ്റേഴ്സിനും ആശംസകൾ നേരണം. നിങ്ങളുടെ ബന്ധുക്കളായ അച്ചന്മാർക്കും സിസ്റ്റേഴ്സിനും ബ്രദേഴ്സിനും കോൺവെന്റിൽ ചേർന്നു പഠിക്കുന്നവർക്കും ആശംസയർപ്പിക്കണേ. ഇങ്ങനെയൊക്കെ ചെയ്യുന്നതിലൂടെ നമുക്ക് മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായി ഈ ക്രിസ്മസ് കാലയളവ് മുതൽ മാറാം. നിങ്ങളുടെ ഭവനങ്ങളിലെ, സ്കൂളിലെ, ഇടവകയിലെ ക്രിസ്മസ് അനുഭവത്തെക്കുറിച്ച് എനിക്ക് കത്ത് എഴുതുമല്ലോ. നിങ്ങൾ അയക്കുന്ന കത്തുകളൊക്കെ ഞാൻ ശ്രദ്ധാപൂർവ്വം വായിക്കാറുണ്ട്. മറുപടി എഴുതാൻ ശ്രദ്ധിക്കാറുണ്ട്. ഒരിക്കൽകൂടി സമൂഹത്തിനും പ്രിയപ്പെട്ടവർക്കും ഒരു അനുഗ്രഹമായിത്തീരാനുള്ള എല്ലാ ആശംസകളും നേർന്നുകൊണ്ട്.

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 ഡിസംബർ മാസം 16-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും കുട്ടികൾക്കുള്ള വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

Prot. No. 1911/2018

# സീറോ മലബാർ മിഷൻ വാരാചരണം

## (2019 ജനുവരി 6–12)

*സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നഎല്ലാ ദൈവജനത്തിനും എഴുതുന്നത്.*

ഈശോയുടെ ദനഹാതിരുന്നാളായ 2019 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. ഈയവസരത്തിൽ മിഷൻവാരവുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദനഹാ തിരുനാളിന്റെ വേളയിൽ സ്വയം വെളിപ്പെടുത്തികൊണ്ട് ഈശോ തന്റെ പ്രേഷിത ദൗത്യത്തിന് തുടക്കം കുറിക്കുകയാണല്ലോ ചെയ്തത്. പതിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും അവിടുന്ന് സവിശേഷമായ സ്നേഹവും കാരുണ്യവും പുലർത്തിയിരുന്നതായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. സ്വയം വെളിപ്പെടുത്തിയ മിശിഹായുടെ മൗതിക ശരീരമായ തിരുസഭയും ഈ പ്രേഷിതദൗത്യത്തിൽ അനുസ്യൂതം പങ്കുചേരുന്നു. അതുകൊണ്ടാണ് സഭ സ്വഭാവത്താലെ പ്രേഷിതയാണ് (AG:2) എന്ന് വത്തിക്കാൻ കൗൺസിലിന്റെ ജനതകളിലേക്ക് എന്ന പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നത്. പ്രേഷിത അവബോധവും ആവേശവും സ്വന്തമാക്കി നമ്മുടെ കഴിവും ജീവിതാന്തസുകളും സാഹചര്യങ്ങളുമനുസരിച്ച് സുവിശേഷപ്രഘോഷണത്തിനും പ്രേഷിത പ്രവർത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ എല്ലാവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

ഈശോയുടെ മുഖം ഇന്ന് ലോകത്തിൽ പ്രകാശിതമാകുന്നത് നമ്മിൽഓരോരുത്തരിലൂടെയുമാണ്. നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ്:16/15) എന്നുള്ള തമ്പുരാന്റെ ആഹ്വാനം പൂർത്തീകരിക്കപ്പെടേണ്ടിയിരിക്കുന്നു. തിന്മയുടെശക്തി പതിയിരുന്ന് സഭയെ ആക്രമിക്കാൻ പരിശ്രമിക്കുമ്പോൾ, ആത്മീയതയിൽ നമ്മൾ കൂടുതൽ ശക്തരാകേണ്ടത് ഇന്നിന്റെ ആവശ്യമാണ്. കുടുംബങ്ങളെ ആത്മീയതയിൽ നയിക്കുവാനുള്ള മാതാപിതാക്കളുടെ കടമകൾ ഒരിക്കലും മറന്നുകൂടാ. നമ്മുടെ മുൻതലമുറക്കാർ കൈമാറി തന്ന വിശ്വാസവെളിച്ചത്തെ അണയാതെ

കാക്കുവാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം. മാർത്തോമ്മാ ശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയും ധീരതയും ഏതുപ്രതിസന്ധി കളെയും മറികടക്കുവാൻ ശക്തിപകരുന്നുണ്ട്. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി അനുഭവിച്ചറിഞ്ഞ് ഈശോയുടെ സുവിശേഷം എത്തിപ്പെടാത്ത സ്ഥലങ്ങളിൽ ക്രിസ്തുവിന്റെ സുവി ശേഷവുമായി കടന്നുചെല്ലുവാനുള്ള തീക്ഷ്ണത ഈ മിഷൻ വാരാചരണത്തിലൂടെ നമ്മിൽ ഉജ്ജ്വലിപ്പിക്കാം. ആദിമക്രൈസ്ത വരുടെ മാതൃക ഉൾക്കൊണ്ടുകൊണ്ട് എല്ലായിടത്തും എല്ലാവരുടെ ഇടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും സാധ്യമാക്കുവാനുള്ള നമ്മുടെ കടമയെ വിസ്മരിക്കാതിരിക്കാം. പ്രേഷിതപ്രവർത്തനം പലവിധത്തിലും നമുക്ക് നിറവേറ്റാം. ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം പങ്കുവയ്ക്കുവാനുള്ള കാര്യപരിപാടികൾ രൂപതാതലത്തിലും ഇടവകതലത്തിലും എല്ലാ ഭക്തസംഘടനകളെയും കൂട്ടിയോജിപ്പിച്ച് ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് പ്രേഷിതവാരാചരണത്തെ കൂടുതൽ അർത്ഥമുള്ള താക്കി തീർക്കുവാൻ സഹായിക്കും. നമ്മുടെ വിശ്വാസം ഫലം ചൂടുന്നത്  നമ്മുടെ പ്രേഷിതതീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്.

നമ്മുടെ സഭ ഭാരതത്തിന് അകത്തും പുറത്തുമായി ധാരാളം മിഷനറിമാരെ നൽകികൊണ്ട് പ്രവർത്തിക്കുന്നു. നമ്മുടെസഭയ്ക്ക് ഇന്ത്യമുഴുവൻ അജപാലനശുശ്രൂഷയും  സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അനുവാദം പരിശുദ്ധപിതാവ് നൽകിയിരിക്കുന്നതിന്റെ ഫലമായി രൂപംകൊണ്ട ഷംഷാബാദ്, ഹോസുർ രൂപതകൾ അജപാ ലന-സുവിശേഷപ്രഘോഷണാവകാശം മറ്റ് രൂപതകളോട് ചേർന്ന് പ്രായോഗിക മാക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. പ്രേഷിതവാരാ ചരണ ദിവസങ്ങളിൽ പ്രത്യേകമായി നമുക്ക് അവരെ അനുസ്മരിക്കാം.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും ഭംഗിയായി മുന്നോട്ടുപോകുവാൻ കാരണം നമ്മുടെ സഭയിലെ മിഷൻതീക്ഷ്ണ തയാണ്. എല്ലാമിഷനറിമാരെയും ഓർക്കേണ്ടതും അതോടൊപ്പം വിശ്വാസതീക്ഷ്ണതയും ധൈര്യവുമുള്ള ദൈവവിളികൾ പ്രോത്സാ ഹിപ്പിക്കേണ്ടതും ഇന്നിന്റെ ആവശ്യമാണ്. നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനെ സഹായി ക്കാനുമായി സീറോ-മലബാർ മിഷൻ എന്ന പേരിൽ ഒരു ഓഫീസ് കാക്കനാട് മൗണ്ട് സെൻറ് തോമസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതായി നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അമ്പത്തി യൊന്ന്ലക്ഷത്തോളം വിശ്വാസികളുള്ള നമ്മുടെ സഭയുടെ 18 മിഷൻരൂപതകളിലും മറ്റ്പ്രദേശങ്ങളിലും സേവനംചെയ്യുവാൻവേണ്ട

വൈദിക പരിശീലനം നേടിക്കൊണ്ടിരിക്കുന്ന 230 വൈദികവിദ്യാർത്ഥികളെയും 34 സന്യാസാർത്ഥിനികളെയും ഈ ഓഫീസ്വഴി സഹായിക്കുന്നുണ്ട്. കൂടാതെ, നമ്മുടെ മിഷൻപ്രദേശങ്ങളിൽ സുവിശേഷവത്കരണവും അതിനോട് ബന്ധപ്പെട്ടിട്ടുള്ള മറ്റ് ആവശ്യങ്ങളും സാധ്യമാക്കുന്നതിനായി മിഷൻ പ്രോജെക്റ്റുകളും നൽകുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും ഉദാരതയുമാണ് ഈ ഓഫീസിന്റെ പ്രവർത്തനങ്ങളെ നയിക്കുകയും ക്രിയാത്മകമായ സമീപനങ്ങൾ കാഴ്ചവയ്ക്കാൻ സഹായിക്കുകയും ചെയ്യുന്നത്. സഭയുടെ വളർച്ചയിലും മിഷൻപ്രവർത്തനത്തിലും വളരെ ശ്ലാഘനീയമായ കാര്യങ്ങൾ ഈ ഓഫീസുവഴി നിർവഹിക്കപ്പെടുന്നത് അഭിനന്ദനാർഹമാണ്. മിഷൻവാരാചരണത്തിലൂടെ സമാഹരിക്കുന്ന തുക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കുന്നത്.

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ "നമുക്ക് അവനോടുകൂടെ പോയി മരിക്കാം'' (യോഹ 11:16) എന്ന വാക്കുകൾ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ആ വിശ്വാസവെളിച്ചത്തിൽ മിഷനെ അറിഞ്ഞും സ്നേഹിച്ചും മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിച്ചും മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചും കൂടാതെ സാമ്പത്തികമായി സഹായിച്ചും നമ്മൾ ശക്തരായിതീരട്ടെ. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**+കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

---

NB: 1. 2018 ഡിസംബർ 30-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ-മലബാർ സഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. ഓരോ ഇടവകയിലും, സ്ഥാപനത്തിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2019 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018-ാം മാണ്ട് നവംബർ മാസം 5-ാം തീയതി നൽകപ്പെട്ടത്.




## 1. പാസ്റ്ററൽ കൗൺസിൽ യോഗം

തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2018 ഡിസംബർ 15-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ്. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇത് ഒരു അറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 2. നവവൈദികർ

ഈ വർഷം നമ്മുടെ അതിരൂപതയ്ക്കുവേണ്ടി 5 മ്ശംശാനമാർ തിരുപ്പട്ടം സ്വീകരിക്കുന്നു. കുന്നോത്ത്, ആലുവ, കോട്ടയം മേജർ സെമിനാരികളിലായി വൈദികപരിശീലനം പൂർത്തിയാക്കി തിരുപ്പട്ട സ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. തിരുപ്പട്ടസ്വീകരണങ്ങളുടെ സ്ഥലവും സമയവും താഴെ ചേർക്കുന്നു.

| നമ്പർ, പേര് | | ഫോൺ | ഇടവക | തീയതി | സമയം |
|---|---|---|---|---|---|
| 1. | എടൂക്കുന്നേൽ ഏലിയാസ് | 9946 063 545 | ചെടിക്കുളം | 26-12-18 | 08.45 |
| 2. | മുക്കുഴി മാത്യു | 9745 903 288 | ചെമ്പേരി | 27-12-18 | 09.00 |
| 3. | മുട്ടുമണ്ണിൽ ഫിലിപ്പ് | 9495 420 482 | പൊന്മല | 28-12-18 | 09.00 |
| 4. | എഴുപറയിൽ ജോസഫ് | 8943 940 451 | കണ്ണിവയൽ | 31-12-18 | 09.00 |
| 5. | തെക്കേടത്ത് സെബാസ്റ്റ്യൻ | 9497 517 396 | കരുവഞ്ചാൽ | 01-01-19 | 08.45 |

## 3. ബൈബിൾ ഞായർ

ഡിസംബർ 30-ാം തീയതി കേരളസഭയിൽ ബൈബിൾ ഞായറായും ഡിസംബർമാസം ബൈബിൾ പാരായണ മാസമായും ആഘോഷിക്കുകയാണ്. നവംബർ മാസത്തിലെ ബുള്ളറ്റിനിൽ നല്കിയിരിക്കുന്ന സർക്കുലർ ശ്രദ്ധിക്കുമല്ലോ. ഡിസംബർ 30ന് എടുക്കുന്ന സ്തോത്രക്കാഴ്ച ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി സമാഹരിക്കുകയും അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

## 4. മംഗളവാർത്തക്കാലം

നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുന്നാളിനൊരുക്കമായുള്ള ഇരുപത്തഞ്ച് നോമ്പ് ആചരിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 24 വരെ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കും. ഇക്കാല

യളവിൽ വരുന്ന മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

### 5. കൂരിയാ, ട്രൈബ്യൂണൽ അവധി

ക്രിസ്മസ് പ്രമാണിച്ച് ഡിസംബർ 21 മുതൽ 27 വരെ അതിരൂപതാ കൂരിയായ്ക്കും ട്രൈബ്യൂണലിനും അവധിയായിരിക്കും. ഈ വിവരം ബഹു. വികാരിയച്ചന്മാർ ജനങ്ങളെ അറിയിക്കുമല്ലോ.

### 6. പുതിയ അഡ്രസ്സുകൾ

Don Jom Mathew Kizhakarattu
Istituto San Giovanni Damasceno
Via Boccea, 480, 00166
Rome, Italy

Don Joby Francis Kovattu
Discepoli dei Cuori di Gesù e Maria
Via Urbisaglia, 11, 00183
Roma, Italy

Don Bipin Kurian Thazhapally
Parrocchia di Sant'Elena
Via Casilina 205
00176, Roma, Italy

Pfr. John Orakundil
Gelbrink-3, 49624
Löningen, Germany
0049 54325966911

Fr. Rajesh Joseph Mechirakath
The Presbytery
St. Martin De Pores Church
Aylesbury, Old Bawn, Tallaght
Dublin 24, Ireland
Ph: +3534510160 Mob: 089442688

Fr. Tony Chakochan
Dept. of Civil Engineering
Mar Ephrem College of Engineering & Technology, Malankara Hills
Elavuvilai, Marthandom 629 171
Kanyakumari, TN

### 7. പുതിയ കോൺവെന്റ്

പറമ്പ ഇടവകയിൽ ദിവ്യകാരുണ്യ ആരാധനാസന്യാസിനീ സമൂഹത്തിന്റെ പുതിയ ഒരു ഭവനം ആരംഭിച്ചിരിക്കുന്നു. 2018 നവംബർ 3ന് തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ഈ ഭവനത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. ഈ മഠം മലയോര ഹൈവേയിൽ വള്ളിക്കടവ്-ചിറ്റാരിക്കാൽ റോഡിന് സമീപത്താണ് സ്ഥിതി ചെയ്യുന്നത്. പുതുതായി ആരംഭിച്ച ഭവനത്തിന്റെ പ്രഥമ സുപ്പീരിയർ സി. മരിയറ്റ് പുള്ളിക്കാട്ടിൽ എസ്.എ.ബി.എസ് ആണ്.

അഡ്രസ്സ്: അഡൊറേഷൻ കോൺവെന്റ്
പറമ്പ, മാലോം, വള്ളിക്കടവ് പി.ഒ. 671 533, കാസറഗോഡ് ജില്ല

### 8. ആദരാഞ്ജലികൾ

**സി.മേരി ടെർസീന വള്ളിപ്പാലത്തുങ്കൽ എസ്.എച്ച്:** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിലെ നിർമ്മലഗിരി സാൻജോസ് ഭവനാംഗമായ സി. മേരി ടെർസീന വള്ളിപ്പാലത്തുങ്കൽ എസ്. എച്ച് (83) 09-11-2018 ന് നിര്യാതയായി. മൃതസംസ്ക്കാരം നവംബർ 10 ന് രാവിലെ 10 മണിക്ക് ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോർജ്ജ് വലിയമറ്റത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ എസ്.



എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടത്തി. പരേത കോട്ടയം ജില്ലയിൽ കുറവിലങ്ങാട് മോനിപ്പള്ളി വള്ളിപ്പാലത്തുങ്കൽ കുടുംബാംഗമാണ്. 1958 ജൂൺ മാസത്തിൽ പാലായിൽനിന്നും പേരാവൂരിലേയ്ക്ക് അദ്ധ്യാപികയായി എത്തിച്ചേർന്നു. പേരാവൂർ സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിൽ തയ്യൽ അദ്ധ്യാപികയായും ഇടവകയിലെ വേദപാഠത്തിന്റെ പ്രധാന അദ്ധ്യാപികയായും സേവനം ആരംഭിച്ചു. രാമപുരം, വെള്ളിയാമറ്റം, പേരാവൂർ, കുളത്തുവയൽ, കരുവഞ്ചാൽ, തൊക്കിലങ്ങാടി, കട്ടിപ്പാറ, തിരൂർ, ഷീരാടി, നിർമ്മലഗിരി, ആലക്കോട്, മാങ്ങോട്, ഉദയഗിരി, എടത്തൊട്ടി, ചായോത്ത് എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സിസ്റ്ററിനെ ദൈവം നിത്യമഹത്വത്തിലേക്ക് പ്രവേശിപ്പിക്കുമാറാകട്ടെ.

**സി. മരിയറ്റ് എഫ്.സി.സി:** (75) ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ സി. മരിയറ്റ് എഫ്.സി.സി. 2018 നവംബർ 5 ന് നിര്യാതയായി. പരേത ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട ചിറക്കടവ് ഇടവകയിലെ കരിങ്ങടയിൽ കുടുംബാംഗമാണ്. 50 വർഷത്തെ ധന്യമായ സമർപ്പണജീവിതത്തിനിടയിൽ ചെമ്പന്തൊട്ടി, വെള്ളരിക്കുണ്ട്, വേനപ്പാറ, കുന്നോത്ത്, മാനന്തവാടി, കരിമ്പം, കൽപ്പറ്റ, കുടിയാന്മല, ബത്തേരി, ദേവഗിരി, നിർമ്മലഗിരി, കരിക്കോട്ടക്കരി, ചെമ്പേരി, കോളയാട്, തലശ്ശേരി, പുത്തൂർ, പുഷ്പഗിരി, തേർമല എന്നീ ഭവനങ്ങളിൽ സേവനം ചെയ്തു. മാനന്തവാടി ബിഷപ്സ് ഹൗസിലും തലശ്ശേരി മൈനർ സെമിനാരിയിലും സേവനം ചെയ്തിരുന്നു. 2016 ലാണ് സി. മരിയറ്റിന് ക്യാൻസർ രോഗം പിടിപെടുന്നത്. തുടർന്ന് ചികിത്സാർത്ഥം കണ്ണൂർ ജ്യോതിഭവൻ പ്രൊവിൻഷ്യലേറ്റിലേയ്ക്ക് കൊണ്ടുവന്നു. 7-ാം തീയതി നടത്തിയ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും സിസ്റ്ററിന്റെ സഹോദരപുത്രൻ പാവനാത്മ കപ്പൂച്ചിൻ പ്രൊവിൻഷ്യൽ ബഹു. തോമസ് കരിങ്ങടയിലും നേതൃത്വം വഹിച്ചു. സിസ്റ്ററിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



## 9. സ്നേഹസ്മൃതി

1. റവ. ഫാ. അബ്രാഹം കുഴുമുള്ളോരം - 14-12-1982
2. റവ. ഫാ. ജോർജ് തടത്തിൽ - 24-12-1998
3. റവ. ഫാ. അഗസ്റ്റിൻ കീലത്ത് - 24-12-2011
4. റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് - 25-12-1982
5. റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ - 25-12-2001
6. റവ. ഫാ. ജോസഫ് മുക്കാട്ട് - 26-12-1994

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

Prot. No. 609/18

# ഡിക്രി

തലശ്ശേരി അതിരൂപതയിലെ വൈദികർക്കും ശെമ്മാശൻമാർക്കും സമർപ്പിതർക്കും അൽമായ നേതാക്കൾക്കും ദൈവജനം മുഴുവനും നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും

സീറോമലബാർ സഭയിലെ മെത്രാൻ സിനഡിന്റെ തീരുമാനമനുസരിച്ചും നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പിന്റെ കല്പനയനുസരിച്ചും രൂപതയിലെ വിവിധ സമിതികളിലും അതിരൂപതായോഗത്തിലും ചർച്ച ചെയ്ത് തീരുമാനിച്ചതനുസരിച്ചും തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായ ഞാൻ കുടുംബ കൂട്ടായ്മകൾക്ക് വേണ്ടിയുള്ള നിയമാവലിയും പ്രാർത്ഥനാഗ്രന്ഥവും അംഗീകരിച്ച് 2018 ഡിസംബർ 1 മുതൽ നടപ്പിൽ വരുത്തുന്നു. ഈ നിയമാവലിയും പ്രാർത്ഥനാഗ്രന്ഥവും നിലവിൽ വരുന്ന തീയതി മുതൽ ഇപ്പോൾ ഇടവകകളിൽ നിലവിലിരിക്കുന്ന വാർഡുപ്രാർത്ഥന ക്കൂട്ടായ്മകളും അനുബന്ധ സംവിധാനങ്ങളും അതിന് വേണ്ടിയുള്ള എല്ലാ നിയമങ്ങളും പ്രാർത്ഥനാഗ്രന്ഥങ്ങളും അസാധുവായിത്തീരുന്നതാണ്. ഇപ്പോൾ നടപ്പിൽ വരുത്തുന്ന നിയമാവലിക്കും പിന്നീട് കാലാകാലങ്ങളിൽ സീറോ മലബാർ മേജർ ആർച്ച് ബിഷപ്പോ തലശ്ശേരി അതിരൂപതാധികാരികളോ പ്രാബല്യത്തിൽ വരുത്തുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ച് തലശ്ശേരി അതിരൂപതയിലെ കുടുംബകൂട്ടായ്മകൾ പ്രവർത്തിക്കേണ്ടതാണ്. തലശ്ശേരി അതിരൂപതാധികാരികളുടെ അനുവാദമില്ലാതെ മറ്റാരും ഇവ അച്ചടിക്കാനോ പ്രസിദ്ധീകരിക്കാനോ പാടില്ലാത്തതാകുന്നു.

ഈ നിയമാവലിയിലും പ്രാർത്ഥനാഗ്രന്ഥത്തിലും ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ നടത്താൻ തലശ്ശേരി അതിരൂപതാദ്ധ്യക്ഷന് മാത്രമായിരിക്കും അധികാരം. ഈ നിയമാവലിയിലെ ഏതെങ്കിലും ഭാഗത്തെപ്പറ്റിയോ മുഴുവനുമായോ ഔദ്യോഗികവും ആധികാരികവുമായ വ്യാഖ്യാനം കൊടുക്കാൻ തലശ്ശേരി അതിരൂപതാദ്ധ്യക്ഷന് മാത്രമായിരിക്കും അധികാരം. അദ്ദേഹത്തിന്റെ തീരുമാനം അന്തിമവുമായിരിക്കും. തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2018 നവംബർ മാസം 02 ന് നല്കപ്പെട്ടത്.

**ഫാ. തോമസ് തെങ്ങുംപള്ളിൽ** — ചാൻസലർ

**മാർ ജോർജ് ഞറളക്കാട്ട്** — തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

## RELIF FUNDS

| | | |
|---|---|---|
| Minor Seminary Thalassery | - | 10000 |
| Fr. Mathew Elamthuruthipadavil | - | 8000 |
| Fr. Johnson Anthiyamkulam | - | 10000 |
| Pratheeksha | - | 42500 |
| Sr. Tresa John | - | 2500 |
| Sr. Elseena | - | 2500 |
| Sr. Shanty | - | 2500 |

# സെമിനാരി വാർത്തകൾ

## Come & See Programme 2018

തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദികനാകുവാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കായി 2018 ഡിസംബർ 29, 30 തീയതികളിലായി തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് Come & See Programme സംഘടിപ്പിക്കുന്നു. 29 ന് രാവിലെ 10 മണിമുതൽ 30 ന് ഉച്ചകഴിഞ്ഞ് 2.30 വരെ ആയിരിക്കും ക്യാമ്പ്. എല്ലാ ഇടവകകളിൽനിന്നും നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികനാകുവാനാഗ്രഹിക്കുന്ന കുട്ടികളെ കണ്ടെത്തി (കുറഞ്ഞത് 2 പേരെയെങ്കിലും) ഈ ക്യാമ്പിന് പറഞ്ഞുവിടുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ/കൊച്ചച്ചന്മാർ പ്രത്യേകം താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ അതിരൂപതയെയും മൈനർസെമിനാരിയെയും അടുത്തറിയുവാൻവേണ്ടി നടത്തുന്ന ഈ ക്യാമ്പിന്റെ വെളിച്ചത്തിലായിരിക്കും നമ്മുടെ മൈനർ സെമിനാരിയിലേയ്ക്ക് അടുത്ത വർഷത്തേയ്ക്കുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നത്. ബഹുമാനപ്പെട്ട റീജണൽ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ സഹായത്തോടെ വിവിധ ഫൊറോനകളിൽനിന്നും കുട്ടികൾക്ക് ക്യാമ്പിനു വരുവാനുള്ള ക്രമീകരണം നടത്തുന്നതായിരിക്കും. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി ഏറ്റവും നല്ല കുട്ടികളെ കണ്ടെത്തുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ/കൊച്ചച്ചന്മാർ ആത്മാർത്ഥമായി താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വിഷൻ & മിഷൻ 2018-നന്ദി

തലശ്ശേരി അതിരൂപതാ വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നടന്ന വിഷൻ & മിഷൻ ദൈവവിളി സെമിനാർ അതിരൂപതയിലെ 31 സെന്ററുകളിൽ വച്ച് നടത്തപ്പെട്ടു. നമ്മുടെ അതിരൂപതയിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന 3142 കുട്ടികൾ അതിൽ പങ്കെടുത്തു. ക്ലാസ്സുകൾക്ക് സമർത്ഥമായി നേതൃത്വം നല്കിയ വൊക്കേഷൻ ബ്യൂറോ അംഗങ്ങളായ എല്ലാ ബഹുമാനിതരായ വൈദികർക്കും സമർപ്പിതർക്കും അല്മായ പ്രേഷിതർക്കും നന്ദി പറയുന്നു. അതോടൊപ്പം തന്നെ വിവിധ സെന്ററുകളിൽ ക്ലാസ്സ് നടത്തുവാൻ നേതൃത്വം നല്കിയ ഫൊറോന വികാരിയച്ചന്മാരെയും മറ്റ് വൈദികരെയും കുട്ടികളെ പങ്കെടുപ്പിക്കുവാൻ ക്രമീകരണങ്ങൾ നടത്തിയ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരെയും മതാധ്യാപകരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. നമ്മുടെ കുട്ടികളിലെ ദൈവവിളി കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും നടത്തിയ ഈ ഉദ്യമം വിജയിപ്പിക്കുവാൻ ആത്മാർത്ഥമായും സമർപ്പണത്തോടെയും പരിശ്രമിച്ച എല്ലാവർക്കും നന്ദി.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. ജോർജ് കരോട്ട്**
റെക്ടർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു (യോഹ 1:14). ദൈവത്തിന്റെ സ്നേഹം മനുഷ്യരൂപം പൂണ്ട് നമ്മോടൊപ്പമായിത്തീർന്ന മഹാസംഭവത്തിന്റെ-തിരുപ്പിറവിയുടെ ഓർമ്മകളുണർത്തികൊണ്ട് ഒരിക്കൽകൂടി മംഗളവാർത്തക്കാലം ആഗതമായിരിക്കുന്നു. നക്ഷത്രദീപങ്ങൾ തെളിച്ചും പുൽക്കൂടൊരുക്കിയും ക്രിസ്മസ് ആഘോഷത്തിനായി ബാഹ്യമായി ഒരുങ്ങുന്നതിനുമുമ്പേ സുകൃതങ്ങൾ അനുഷ്ഠിച്ചും കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തും നമ്മുടെ ഹൃദയത്തിൽ ഉണ്ണീശോയ്ക്ക് ഒരു പുൽക്കൂട് ഒരുക്കാം.

## 1. ക്രിസ്മസ് പരീക്ഷ ഡിസംബർ 9

ക്രിസ്മസ് പരീക്ഷ ഡിസംബർ 9ന് ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. എല്ലാ സൺഡേസ്കൂളുകളിലും വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്ന് നിർദ്ദേശിച്ചിരിക്കുന്ന സമയത്തുതന്നെ പരീക്ഷ നടത്തേണ്ടതാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1-5അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

## 2. ജനറൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ വെബ്സൈറ്റിൽ നിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 3. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

**a.** 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2018-2019 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. **ഇനിയും രജിസ്ട്രേഷൻ പൂർത്തിയാക്കാത്തവർ എത്രയും പെട്ടെന്ന് ചെയ്യേണ്ടതാണ്.**

**b.** ഓഫീസിൽ നിന്നു തരുന്ന ഡിപ്ലോമ രജി. ഫോമിൽ വെബ്സൈറ്റിലെ ഫൈനൽ കോപ്പിയുടെ ക്രമത്തിൽ കുട്ടികളുടെ പേരുവിവരങ്ങൾ എഴുതിയ ഫോമും വെബ്സൈറ്റിലെ ഫൈനൽകോപ്പിയുടെ പ്രിന്റും **ഡിസംബർ 30നകം** ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഫോം ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം തരുന്നതാണ്.

## 4. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2019 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

## 5. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പി

ക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

## 6. വിശ്വാസോത്സവം 2019

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവത്തിന് ആവശ്യമായ വർക്ക്ബുക്കുകളുടെ ഓർഡർഫോം ക്രിസ്മസ് പരീക്ഷാ ചോദ്യപേപ്പറിനോടൊപ്പം അയക്കുന്നു. കൂടാതെ ഓർഡർ ഫോം വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. കൃത്യമായ എണ്ണം ഓർഡർഫോമിൽ ചേർത്ത് ജനുവരി 10ന് മുമ്പ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.

## 7. മതാധ്യാപകദിനം ... നന്ദി

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായിരുന്ന നവംബർ 4 എല്ലാ ഇടവകകളിലും മതാധ്യാപകദിനമായി ആചരിക്കുകയുണ്ടായി. അന്നേദിവസം വിശ്വാസപരിശീലകരെ ആദരിക്കാനും സമ്മാനങ്ങൾ വിതരണം ചെയ്യാനും നേതൃത്വം കൊടുത്ത എല്ലാ ബഹു. വികാരിയച്ചന്മാർക്കും പിടിഎ ഭാരവാഹികൾക്കും കുട്ടികൾക്കും ഹൃദയപൂർവ്വം നന്ദി.

## 8. ARMY : XI - XII ക്ലാസുകളിലെ കുട്ടികൾക്കുള്ള ധ്യാനം

യുവജനവർഷത്തോടനുബന്ധിച്ച് 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം അതിരൂപത കെസിവൈഎം-എസ്എംവൈഎം ആണ് നടത്തുന്നത്. അഭിവന്ദ്യ മാർ ജോസഫ്പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന കേരളത്തിലെ പ്രഗൽഭ റിസോഴ്സ് ടീമാണ് ധ്യാനത്തിന് നേതൃത്വം നല്കുന്നത്. വി. കുർബാന, ദിവ്യകാരുണ്യ ആരാധന, സെഷൻസ്, മ്യൂസിക് മിനിസ്ട്രി എന്നിവ ധ്യാനത്തിൽ ഉൾപ്പെട്ടിരിക്കും. 11, 12 ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ കുട്ടികളെ ധ്യാനത്തിന് കൊണ്ടുവരേണ്ടതാണ്.

## 9. ആസ്പെക്ട്

2018-2019 അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് **'സഭയും സുവിശേഷവൽക്കരണവും'** എന്ന പുസ്തകമാണ്.

## 10. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2018–2019 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം.** അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 11. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechism thalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

## 12. പുസ്തകപരിചയ സെമിനാർ

ചെറുപുഴ, വെള്ളരിക്കുണ്ട്, തോമാപുരം എന്നീ ഫൊറോനകളിലെ 9 മുതൽ 12വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്കായി നടത്തപ്പെട്ട പുസ്തകപരിചയ സെമിനാറിന് റവ. ഡോ. തോമസ് മേൽവെട്ടം, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ എന്നിവർ നേതൃത്വം നല്കി. എല്ലാ ബഹു വൈദികർക്കും ഹൃദ്യമായ നന്ദി.

### ഫൊറോനാതല ക്ലാസുകൾക്ക് നേതൃത്വം നല്കിയവർ

സാജു പുത്തൻപുരയിൽ, എബി പുന്നക്കുന്നേൽ, ഷിജു വേങ്ങത്താനം, സി. റോസ്ന എംഎസ്എംഐ, ഷേർലി വല്ലാട്ട്, ജിന്റോ കുറ്റിക്കുളക്കാട്ട്, ഷിജിത്ത് കുഴിവേലിൽ, തങ്കച്ചൻ തേക്കുംകാട്ടിൽ, ജോഷ്വ ഒഴുകയിൽ, ബിജോ തണ്ണിപ്പാറ, ജോസ് അരീക്കുഴിയിൽ, ആന്റണി തുരുത്തിപ്പള്ളി.

## 13. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാ

ത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 14. WhatsApp Group

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അറിയിക്കണേ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

## 15. വിഷൻ & മിഷൻ

ദൈവവിളി പ്രോത്സാഹനാർത്ഥം അതിരൂപതാ വൊക്കേഷൻ ബ്യൂറോ നവംബർ 11,18 തീയതികളിൽ അതിരൂപതയിലെ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും അന്നേദിവസം മുഴുവൻ സമയവും കുട്ടികളോടൊപ്പമുണ്ടായിരുന്ന ബഹു. അധ്യാപകർക്കും നന്ദി.

## 16. സീറോമലബാർ പ്രതിഭാസംഗമം 2018-19

2011-2012 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന മൂന്ന് ആൺകുട്ടികൾക്കും മൂന്ന് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം നടത്തി വരുന്നു. നമ്മുടെ അതിരൂപതയിൽ നിന്നുള്ള പ്രതിഭകളെ കണ്ടെത്തുന്ന തിനുള്ള ഫൊറോന, അതിരൂപതാതല ക്ലാസുകൾ നവംബർ മാസത്തിൽ നടക്കുകയുണ്ടായി. സഹകരിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദി.

## ഫൊറോനതല ക്യാമ്പ്

നവംബർ 6 ചൊവ്വാഴ്ച്ച 16 ഫൊറോനകളിലും ക്ലാസുകൾ സംഘടിപ്പി ക്കുകയുണ്ടായി. ഫൊറോനാതല ക്യാമ്പിൽ പന്ത്രണ്ടിൽ പഠിക്കുന്ന 500-ൽ അധികം കുട്ടികൾ പങ്കെടുക്കുകയുണ്ടായി. അവരിൽ നിന്നും 93 പേരെയാണ് അതിരൂപതാ ക്യാമ്പിലേക്ക് സെലക്ട് ചെയ്തത്. ക്യാമ്പിന് കുട്ടികളെ പറഞ്ഞയച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും സൗകര്യങ്ങൾ ഒരുക്കി തന്ന എല്ലാ ഫൊറോനാ വികാരിയച്ചന്മാർക്കും ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാ ഫൊറോന പ്രസിഡന്റുമാർക്കും ഒത്തിരി നന്ദി.

### ക്ലാസുകൾക്ക് നേതൃത്വം കൊടുത്തവർ

റവ. ഫാ. മാത്യു നരിക്കുഴി, റവ. ഫാ. സ്കറിയ പൂവത്താനിക്കുന്നേൽ, റവ. ഫാ. ജോൺസൺ അന്ത്യാംകുളം, റവ. ഫാ. തോമസ് ചക്കിട്ടമുറിയിൽ,

റവ. ഫാ. ഷെറിൻ പ്രവർത്തുംമലയിൽ, റവ. ഫാ. ജോസഫ് ആനചാരിൽ, റവ. ഫാ. നോബിൾ പുതിയേടത്ത്, റവ. ഫാ. സ്കറിയ ചക്കനാനിക്കൽ, റവ. ഫാ. കുര്യാക്കോസ് പുതുക്കുളങ്ങര, റവ. ഫാ. ജോൺസൺ പുലിയുറുമ്പിൽ, റവ. ഫാ. ജോൺ നൂറമ്മാക്കൽ, റവ. ഫാ. ക്ലിന്റ് എംസിബിഎസ്, റവ. ഫാ. സുബിൻ റാത്തപ്പള്ളിൽ, റവ. ഫാ. പോൾ ഇടത്തിനകത്ത്, റവ. സി. ടെർസിറ്റ എൻഎസ്, റവ. സി. റ്റീന എസ്എബിഎസ്, റവ. സി. ആൻസി ടോം എസ്.എച്ച്, റവ. സി. എയ്ഞ്ചൽ റോസ് എൻഎസ്, റവ. സി. ലീമ എൻഎസ്, റവ. സി. ഐശ്വര്യ എംഎസ്ജെ, റവ. സി. അമല സിഎം.സി, റവ. സി. ജാസ്മിൻ എസ്കെഡി, റവ. സി. പുഷ്പ എംപിവി, റവ. സി. അലീന എംഎസ്എംഐ, റവ. സി. ബ്ലസ്സി എസ്എബിഎസ്, റവ. സി. റോസ്ന എസ്എച്ച്, റവ. സി. അമൃത എഎസ്എംഐ, റവ. സി. പൗളിൻ എസ്എബിഎസ്, റവ. സി. ലിൻസി എസ്എച്ച്, റവ. സി. റോസ് ഡിഎം, റവ. സി. സെലിൻ എസ്എബിഎസ്, റവ. സി. ലിൻസ എസ്എച്ച്, റവ. സി. നാൻസി എൻഎസ്. ക്യാമ്പ് വിജയകരമായി നടത്തിയ ടീം അംഗങ്ങൾക്കെല്ലാം വിശ്വാസപരിശീലന കുടുംബത്തിന്റെ സ്നേഹോഷ്മളമായ നന്ദി.

## അതിരൂപതാ ക്യാമ്പ്

ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് നവംബർ 10, 11 തീയതികളിൽ അതിരൂപതാ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. 86 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. റവ. ഡോ. തോമസ് മേൽവെട്ടം, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഫാ. ജോസഫ് വേങ്ങക്കുന്നേൽ, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, ശ്രീ ബെന്നി പുത്തൻനട എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. കൂടാതെ റവ. സി. ടെർസിറ്റ എൻഎസ്, റവ. സി. പുഷ്പ സിഎംസി, റവ. സി. ലിൻസി എസ്എച്ച്, റവ. ബ്ര. മാത്യു കരക്കൊഴുപ്പിൽ എന്നിവർ ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ചു. ക്യാമ്പിന് സൗകര്യങ്ങൾ ഒരുക്കിതന്ന വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിലെ എല്ലാ ബഹു. വൈദികർക്കും സ്റ്റാഫ് അംഗങ്ങൾക്കും നന്ദി.

**അതിരൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ**

**ആൺകുട്ടികൾ**

| **പേര് വീട്ടുപേര്** | **ഇടവക** | **ഫൊറോന** |
|---|---|---|
| തദ്ദേവൂസ് വടക്കേടത്ത് | ആനറ | നെല്ലിക്കാംപൊയിൽ |
| ജെയ്ജിത്ത് മാധവപ്പള്ളിൽ | ഉദയപുരം | കാഞ്ഞങ്ങാട് |
| എബിൻ മാറുകാട്ടുകുന്നേൽ | ചെട്ടിയാംപറമ്പ് | പേരാവൂർ |

**പെൺകുട്ടികൾ**

| പേര് വീട്ടുപേര് | ഇടവക | ഫൊറോന |
|---|---|---|
| അന്ന (മിഥില) കുന്നപ്പള്ളി | കിളിയന്തറ | കുന്നോത്ത് |
| ആൻമരിയ പള്ളുരുത്തിൽ | പുറവയൽ | നെല്ലിക്കാംപൊയിൽ |
| എയ്ഞ്ചലീന ഓലിക്കൽപള്ളത്ത് | കരുവൻചാൽ | വായാട്ടുപറമ്പ് |

**സഭാതല ക്യാമ്പ്**

അതിരൂപതയിൽനിന്നും പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കുട്ടികൾക്കുള്ള സഭാതല ക്യാമ്പ് 2018 ഡിസംബർ 27-29 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തുന്നു.

## 17. ദിയാകോണിയ കർമ്മ പദ്ധതി

ഡിസംബർ മാസത്തിൽ **വി. ഗ്രന്ഥ വായനയ്ക്കും പഠനത്തിനും** പ്രത്യേക പ്രാധാന്യം നല്കുകയാണ്. വചനത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും വചനം പഠിക്കുന്നതിനുമുള്ള ഈ അവസരം എല്ലാവരും പ്രയോജനപ്പെടുത്തുമല്ലോ. സൺഡേസ്കൂൾ തലത്തിൽ ചെയ്യേണ്ട കർമ്മപദ്ധതികൾ:

1. ക്ലാസടിസ്ഥാനത്തിൽ ബൈബിൾ ഭാഗങ്ങൾ പകർത്തിയെഴുതൽ മത്സരം നടത്തുക.
2. വചനം പഠിച്ച് ആകർഷകമായി എഴുതി ഇടവകാതലത്തിൽ നിശ്ചയിച്ചിരിക്കുന്ന മരത്തിൽ പ്രദർശിപ്പിക്കുക.

## 18. ഡിസിഎൽ ഐക്യു ചലഞ്ച് പരീക്ഷ

"നാം ഒരു കുടുംബം" എന്ന വിശ്വമാനവിക മുദ്രാവാക്യവുമായി ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ വിദ്യാർഥികളെയും ഒന്നിപ്പിച്ച് അവരുടെ സമഗ്ര വ്യക്തിത്വവികസനത്തിനായി പരിശീലനം നൽകുന്ന ഏഷ്യയിലെതന്നെ ഏറ്റവും വലിയ ബാലസംഘടനയാണ് ദീപിക ബാലസഖ്യം അഥവാ ഡിസിഎൽ. കുട്ടികളുടെ ബുദ്ധിവികസനവും പൊതുവിജ്ഞാനവും വ്യക്തിത്വവികസനവും ലക്ഷ്യമാക്കി ദീപിക ബാലസഖ്യം എല്ലാ വർഷവും ഐക്യു സ്കോളർഷിപ്പ് പരീക്ഷ സ്കൂളുകളിൽ സംഘടിപ്പിച്ചുവന്നിരുന്നു. എന്നാൽ, ഈ വർഷം മുതൽ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സ്കൂളുകളിൽ നടന്നുവന്നിരുന്ന എല്ലാ സ്വകാര്യ സ്കോളർഷിപ്പ് പരീക്ഷകളും നിരോധിച്ചിരിക്കുകയാണ്. വേദപാഠ ക്ലാസുകൾക്കോ, സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കോ തടസം വരാതെ സൺഡേസ്കൂൾ കേന്ദ്രീകരിച്ച് ഈ പരീക്ഷ നടത്തുവാനാണ് അഭിവന്ദ്യ പിതാക്കന്മാർ നിർദ്ദേശിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ സൺഡേസ്കൂൾ വഴി നടത്തി 2019 ജനുവരി 12 ശനിയാഴ്ചയാണ് പരീക്ഷ നടത്തുക. ഫെബ്രുവരി രണ്ടാംവാരം പരീക്ഷാഫലം പ്രഖ്യാപിക്കും.

"ഡിസിഎൽ ഐക്യു ചലഞ്ച്" എന്നാണ് പരീക്ഷയുടെ പേര്. എൽകെജി മുതൽ പത്താംക്ലാസ് വരെയുള്ള കുട്ടികൾക്ക് പരീക്ഷയിൽ പങ്കെടുക്കാം. എല്ലാ ക്ലാസിനും പ്രത്യേകം പരീക്ഷയായിരിക്കും. ഒബ്ജക്ടീവ് മാതൃകയിൽ ഒ എം ആർ ഷീറ്റ് ഉപയോഗിച്ചാണ് പരീക്ഷ നടത്തുന്നത്. ഓരോ ക്ലാസിനും പ്രത്യേകം സഹായക ഗ്രന്ഥങ്ങളും ഉണ്ട്. അത് രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായി നല്കുന്നതാണ്. പരീക്ഷയിൽ ജാതി-മത വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും ചേരാവുന്നതാണ്. പരീക്ഷയ്ക്ക് 80 ശതമാനം ചോദ്യങ്ങളും സഹായകഗ്രന്ഥത്തിൽനിന്നും 20 ശതമാനം പൊതുവിജ്ഞാനവുമായിരിക്കും.

പരീക്ഷാഫീസ് 120 രൂപയാണ്. അതിൽ 20 രൂപ സൺഡേ സ്കൂളിന്റെ ഫണ്ടിലേക്ക് എടുക്കാം (optional). ബാക്കി 100 രൂപ വീതം ഡിസിഎൽ ഓഫീസിൽ അടച്ചാൽ മതിയാകും. ഈ പരീക്ഷയിൽ നമ്മുടെ ഇടവകയിലെ കുട്ടികൾക്കും ഇടവക പരിധിയിലുള്ള മറ്റു മതസ്ഥരായ കുട്ടികൾക്കും പങ്കെടുക്കാവുന്നതാണ്. മേൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ കുട്ടികളെ അറിയിച്ച് പരമാവധിപേരെ പരീക്ഷയിൽ പങ്കെടുപ്പിക്കുമല്ലോ (**വിശദവിവരങ്ങൾ വെബ്സൈറ്റിലും വാട്സാപ്പ് ഗ്രൂപ്പിലും ലഭ്യമാണ്**)

## 19. സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ

വിശ്വാസപരിശീലന ക്ലാസുകളും പാഠ്യപദ്ധതിയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നതിനായി സീറോ മലബാർ സഭാതലത്തിൽ സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും ആരംഭിച്ചിരിക്കുന്നു. സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷനാണു സ്മാർട്ട് കാറ്റക്കിസം പദ്ധതിക്കു രൂപം നല്കിയത്.

ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ, പഠനസഹായികൾ, അനുബന്ധപ്രവർത്തനങ്ങൾ എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.org എന്ന വെബ് പോർട്ടലിലൂടെ ലഭിക്കും. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലുള്ള പാഠപുസ്തകങ്ങൾ ഇത്തരത്തിൽ ഡിജിറ്റൽ രൂപത്തിൽ ഉപയോഗിക്കാനാകും. ഓരോ പാഠങ്ങളേയും ആധാരമാക്കിയുള്ള ക്ലാസിന്റെ ഓഡിയോ വേർഷൻ, ഉള്ളടക്കത്തിന്റെ പശ്ചാത്തലം, പവർപോയിന്റ് പ്രസന്റേഷൻ (പിപിടി), അധ്യാപകസഹായി എന്നിവയും വെബ് പോർട്ടലിലുണ്ട്.

ഓരോ ക്ലാസുകളിലെയും വിദ്യാർത്ഥികളുടെ വിശ്വാസ, വ്യക്തിത്വ വളർച്ചയ്ക്കു പ്രചോദനമാകുന്ന ജീവിതചരിത്രങ്ങൾ, കഥകൾ, വീഡിയോകൾ എന്നിവ പോർട്ടലിൽ ഉണ്ടാകും. അനുദിനവിശുദ്ധർ, പ്രചോദനാത്മകകഥകൾ, ഹ്രസ്വചിത്രങ്ങൾ, ആക്ഷൻ സോങ്ങുകൾ, ഡോക്യുമെന്ററികൾ, ചെറിയ വേദോപദേശം, ബൈബിൾ, വിശ്വാസ

പരിശീലനത്തെ സഹായിക്കുന്ന വിവിധ വെബ്സൈറ്റുകളുടെ ലിങ്കുകൾ എന്നിവയും സ്മാർട്ട് കാറ്റക്കിസം പോർട്ടലിൽ കാണാനാകും. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കും സ്മാർട്ട് കാറ്റക്കിസം വെബ്പോർട്ടലിൽ നിന്നുള്ള പഠനസഹായികളും മറ്റും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാനാകും.

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.syromalabarcatechesis.org ലൂടെയും വെബ് പോർട്ടലിലേക്കു പ്രവേശിക്കാം.

## 20. വിവിധ കുടിശികകൾ

2018-2019 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ ഡിസംബർ 30ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

### 21. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ ജോസ്മൗണ്ട്, കുന്നോത്ത്, വെളിമാനം എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ കാഞ്ഞങ്ങാട്, ചീക്കാട്, പാലാവയൽ, ചെട്ടിയാംപറമ്പ് എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ബൈബിൾ മാസാചരണം

ബൈബിൾ പാരായണമാസമായി കെ.സി.ബി.സി നിർദ്ദേശിക്കുന്നത് ഡിസംബർ മാസമാണ്. വചനം മാംസം ധരിച്ച യേശുവിൽ വളരാനും വചനതീക്ഷ്ണതയിൽ ജ്വലിക്കാനും ബൈബിൾ പാരായണമാസം സമുചിതമായി ആചരിക്കുവാൻ ഇടവകാതലത്തിൽ ഏവരും ശ്രമിക്കുമല്ലോ. സമ്പൂർണ്ണ ബൈബിൾ 96 മണിക്കൂറുകൾകൊണ്ട് വായിച്ച് തീർക്കാവുന്നതാണ്. അഖണ്ഡ ബൈബിൾ പാരായണം ഇടവകകളിൽ സംഘടിപ്പിക്കുന്നത് ഉചിതമാണ്. വചനോന്മുഖ ജീവിതം നയിക്കുവാൻ വിശ്വാസി ആരംഭം കുറിക്കുന്നത് വചനപാരായണത്തിലൂടെയാണ്. സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ അവസാനഭാഗത്ത് നല്കിയിട്ടുണ്ട്.

## 2. ലോഗോസ് ക്വിസ് 2018 സംസ്ഥാനതല സെമിഫൈനൽ മത്സരവിജയികൾ

ലോഗോസ് ക്വിസ് 2018 ൽ വിജയം കരസ്ഥമാക്കിയ എല്ലാവർക്കും അഭിനന്ദനങ്ങൾ! സംസ്ഥാന സെമിഫൈനൽ മത്സരത്തിൽ അതിരൂപതയെ പ്രതിനിധീകരിച്ച് 18 പേർ പങ്കെടുത്തു. ജോർജ് ജൂഡിറ്റ് പെരുമാട്ടിക്കുന്നേൽ എ വിഭാഗത്തിൽ സംസ്ഥാന ഫൈനൽ മത്സരത്തിന് അർഹനായി. ബേബി ആനക്കല്ലിങ്കൽ (പാടിയോട്ടുചാൽ) കുടുംബവിഭാഗത്തിൽ സംസ്ഥാനമത്സരത്തിന് അർഹമായി. സംസ്ഥാന മത്സരങ്ങൾ നവം. 24-25 തീയ്യതികളിലായി എറണാകുളത്ത് നടന്നു.

എ വിഭാഗത്തിൽ സംസ്ഥാനമത്സരത്തിൽ ജോർജ് ജൂഡിറ്റ് പെരുമാട്ടിക്കുന്നേൽ രണ്ടാംസ്ഥാനത്തിന് അർഹനായി. ജോർജ് ജൂഡിറ്റ് അതിരൂപതാകുടുംബത്തിന്റെ അഭിനന്ദങ്ങൾ.

## 3. ലോഗോസ് ക്വിസ് 2017

അതിരൂപതാതലത്തിൽ നടത്തിയ ലോഗോസ് മത്സരത്തിൽ നവംബർ മാസത്തിലെ അതിരൂപതാ ബുള്ളറ്റിനിൽ ചേർക്കാതെപോയ വിജയികളുടെ പേരുകൾ താഴെ ചേർക്കുന്നു.

| ഗ്രൂപ്പ് | പേര് | ഇടവക | മാർക്ക് |
|---|---|---|---|
| ബി | മരിയ പുത്തൻപറമ്പിൽ | ബളാൽ | 91 |
| കുടുംബം | ജോസ് കുട്ടിയാനിക്കൽ | രാജഗിരി | 244 |
| കുടുംബം | പ്രിൻസ് പുന്നക്കുഴി | കാസർഗോഡ് | 235 |
| കുടംബം | മൈക്കിൾ വടക്കേട്ട് | ഭീമനടി | 220 |
| കുടുംബം | ജിജോ മാപ്രക്കാവിൽ | മണക്കടവ് | 219 |
| കുടുംബം | ബെന്നി പറക്കൊട്ടിയേൽ | കാസർഗോഡ് | 218 |

## 4. ബിരുദദാനചടങ്ങ്

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ബിരുദം വിജയകരമായി പൂർത്തിയാക്കിയ തൃശ്ശൂർ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസസമൂഹത്തിലെ 193 പേരുടെ ബിരുദദാനചടങ്ങ് നവം. 9-ാം തീയ്യതി ഗുരുവായൂർ ലിറ്റിൽഫ്ളവർ കോളേജിൽ വച്ച് നടത്തപ്പെട്ടു. മുഖ്യാതിഥിയായിരുന്ന അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് ബിരുദദാനചടങ്ങ് ഉദ്ഘാടനം ചെയ്തു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മാർ ജോസഫ് പാംപ്ലാനി പിതാവ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## 5. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകൾ (ഗ്രീക്ക്)

വി. ഗ്രന്ഥത്തിൽ ഉപരിപഠനം നടത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും (MTh +IMA) ഗ്രീക്കിന്റെ 2nd തല ക്ലാസ്സുകൾ ഡിസം. 15-ാം തീയ്യതി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയാണ് സമയം.

## 6. സപ്ലിമെന്ററി പരീക്ഷ ഡിസം. 8

2018-19 ആദ്യസെമസ്റ്ററിലെ വിഷയങ്ങളിൽ (ജീവന്റെ ദൈവശാസ്ത്രം, വെളിപാട് പുസ്തകം, ഇതരമതദൈവശാസ്ത്രം, വിജ്ഞാനഗ്രന്ഥങ്ങൾ) പരീക്ഷ എഴുതാൻ സാധിക്കാതെ പോയ എല്ലാ വിദ്യാർത്ഥികൾക്കുമായി ഡിസം.8-ാം തീയ്യതി ശനിയാഴ്ച പരീക്ഷാ സെന്ററുകളിൽവച്ച് പരീക്ഷ നടത്തപ്പെടുന്നു. രാവിലെയും ഉച്ചകഴിഞ്ഞും പരീക്ഷ എഴുതാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്. പരീക്ഷ എഴുതേണ്ടവർ ആൽഫാ തിയോളജിയുടെ ഓഫീസിൽ വിളിച്ച് പരീക്ഷ എഴുതുന്ന വിഷയങ്ങളും എണ്ണവും അറിയിക്കേണ്ടതാണ്.

## 7. സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ

| | | | | | |
|---|---|---|---|---|---|
| 01 | ഉത്പ 1-38 | | റൂത്ത് 1-4 | | തോബി 1-3 |
| 02 | ഉത്പ 39-50 | | 1 സാമു 1-31 | 12 | തോബി 4-14 |
| | പുറ 1-27 | | 2 സാമു 1-6 | | യൂദി 1-16 |
| 03 | പുറ 28-40 | 08 | 2 സാമു 7-24 | | എസ്തേ 1-16 |
| | ലേവ്യ 1-23 | | 1 രാജാ 1-17 | | 1 മക്ക 1-5 |
| 04 | ലേവ്യ 24-27 | 09 | 1 രാജാ 18-22 | 13 | 1 മക്ക 6-16 |
| 05 | സംഖ്യ 1-28 | | 2 രാജാ 1-25 | | 2 മക്ക 1-15 |
| | സംഖ്യ 29-36 | | 1 ദിന 1-6 | 14 | ജോബ് 1-42 |
| | നിയ 31 | 10 | 1 ദിന 7-29 | 15 | സങ്കീ 1-76 |
| 06 | നിയ 32-34 | | 2 ദിന 1-19 | 16 | സങ്കീ 77-134 |
| | ജോഷ്വ 1-24 | 11 | 2ദിന 20-36 | 17 | സങ്കീ 135-150 |
| | ന്യായാ 1-13 | | എസ്രാ 1-10 | | സുഭാ 1-31 |
| 07 | ന്യായാ 14-21 | | നെഹെ 1-13 | | സഭാ 1-3 |
| | | | | 18 | സഭാ 4-12 |

| | | | | | |
|---|---|---|---|---|---|
| | ഉത്ത 1-8 | | മിക്കാ 1-7 | | എഫേ 1-6 |
| | ജ്ഞാനം 1-19 | 25 | നാഹും 1-3 | | ഫിലി 1-4 |
| | പ്രഭാ 1-17 | | ഹബ 1-3 | | കൊളോ 1-4 |
| 19 | പ്രഭാ 18-51 | | സെഫാ 1-3 | | 1 തെസ്സ 1-5 |
| | ഏശ 1-8 | | ഹഗ്ഗാ 1-2 | | 2 തെസ്സ 1-3 |
| 20 | ഏശ 9-66 | | സഖ 1-14 | | 1 തിമോ 1-6 |
| 21 | ജറെ 1-47 | | മല 1-4 | | 2 തിമോ 1-4 |
| 22 | ജറെ 48-52 | 26 | മത്താ 1-28 | | തീത്തോ 1-3 |
| | വിലാ 1-5 | | മർക്കോ 1-7 | | ഫിലെ 1 |
| | ബാറൂ 1-6 | 27 | മർക്കോ 8-16 | 31 | ഹെബ്രാ 1-13 |
| | എസെ 1-22 | | ലൂക്കാ 1-24 | | യാക്കോ 1-5 |
| 23 | എസെ 23-48 | 28 | യോഹ1-21 | | 1 പത്രോ 1-5 |
| | ദാനി 1-44 | | അപ്പ 1-13 | | 2 പത്രോ 1-3 |
| 24 | ഹോസി 1-44 | 29 | അപ്പ 14-28 | | 1 യോഹ 1-5 |
| | ജോയേ 1-3 | | റോമാ 1-16 | | 2 യോഹ 1 |
| | ആമോ 1-9 | | 1 കോറി1-16 | | 3 യോഹ 1 |
| | ഒബാ 1 | 30 | 2 കോറി 1-13 | | യൂദാ 1 |
| | യോനാ 1-4 | | ഗലാ 1-6 | | വെളി 1-22 |

## 8. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകളുടെ സമയക്രമം

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| 08.12.2018 | F C C Provincial House, Clarapuram, Aluva | 9.30-4.30 | On the ways of the Prophets<br>Hebrew<br>Universal Letters<br>Indian Church History II |

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റർ, കുഞ്ഞുമിഷനറിമാരെ,

ദൈവം മനുഷ്യനോളം ചെറുതാകാൻ മനസ്സ്കാണിച്ച മഹാസംഭവം ഈ മാസം നമ്മൾ അനുസ്മരിക്കുന്നു. സമാധാനത്തിന്റെയും ശാന്തിയുടെയും പുത്തൻസന്ദേശവുമായി ഇതാ ക്രിസ്തുമസ് വരവായി... കാലം കാതോർത്തിരുന്ന മാനവരാശിയുടെ വലിയ സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും തിരുനാളാണല്ലോ ക്രിസ്മസ്. കവിയും ചിന്തകനുമായ അലക്സാണ്ടർപോപ്പ് പറഞ്ഞുവയ്ക്കുന്നു "ആയിരം പുൽക്കൂടുകളിൽ ഉണ്ണിപിറന്നാലും മനുഷ്യഹൃദയമാകുന്ന പുൽക്കൂട്ടിൽ ഉണ്ണിപിറക്കുന്നില്ലങ്കിൽ ആ ക്രിസ്മസ് ആഘോഷം നിഷ്ഫലമാണ്" എന്ന്. അതേ, ക്രിസ്മസ് അർത്ഥവത്താകുന്നത് നമ്മുടെ ഹൃദയമാകുന്ന പുൽത്തൊട്ടിയിൽ ഉണ്ണിയേശു പിറക്കുമ്പോൾ മാത്രമാണ്. ഉണ്ണിയേശുവിനു വന്നുപിറക്കാൻ നമ്മുടെ ഹൃദയത്തെ നമുക്ക് ഒരുക്കാം... എല്ലാവർക്കും പിറവിത്തിരുനാളിന്റെ ഒരായിരം മംഗളങ്ങൾ...

| | | |
|---|---|---|
| **അനുസ്മരിക്കുന്ന തിരുനാൾ:** | | ഈശോയുടെ തിരുപിറവി |
| ,, **വിശുദ്ധൻ** | : | വി. ഫ്രാൻസീസ് സേവ്യർ |
| **പ്രാർത്ഥനാനിയോഗം** | : | മക്കളില്ലാത്ത ദമ്പതികൾ |
| **സുകൃതജപം** | : | കുഞ്ഞുണ്ണീശോയെ കുഞ്ഞുങ്ങളിൽ നിറയണമേ. |
| **വചനഭേരി** | : | പ്രഭാഷകൻ 26-30 അധ്യായങ്ങൾ മനഃപാഠമാക്കുക |
| **സുകൃതം** | : | 71 പരിശുദ്ധരാജ്ഞി എന്ന ജപം |
| ***ദിയാക്കോണിയ*** | : | വചനോപാസന |

## ശാഖകൾ ശ്രദ്ധിക്കാൻ

1 ശനി : 25 നോമ്പ് ആരംഭം
3 തിങ്കൾ : വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ
8 ശനി : അമലോത്ഭവ മാതാവിന്റെ തിരുനാൾ
9 ഞായർ : ശാഖകളിൽ ക്രിസ്മസ് കാർഡ് നിർമ്മാണം
25 ചൊവ്വ : പിറവിതിരുനാൾ
30 ഞായർ : ബൈബിൾ ഞായർ
31 തിങ്കൾ : വർഷാവസാനദിനം-വി. കുർബ്ബാനയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദി പറയുന്നു.

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, അഗതിമന്ദിരസന്ദർശനം, അൾത്താരബാലന്മാരുടെ സെമിനാർ, കരോൾഗാന മത്സരം, ടീംക്വിസ്, മേഖലയിൽനിന്നു തെരഞ്ഞെടുത്ത് ഒന്ന്, രണ്ട് സ്ഥാനങ്ങൾ ലഭിച്ച കാർഡുകൾ അതിരൂപതയിൽ ഡിസംബർ 24 ന് മുമ്പ് എത്തിക്കുന്നു.

## മതാധ്യാപകദിനം-അതിരൂപതാതല ആഘോഷം

നവംബർ 4-ാം തീയതി ഞായറാഴ്ച കാഞ്ഞങ്ങാട് ശാഖയിൽ വച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയ്ക്കുശേഷം പൊതുസമ്മേളനത്തിൽ മതാധ്യാപകരെ ആദരിക്കുകയും ചെയ്തു. ഫൊറോന വികാരി വെരി. റവ. മാത്യു പരവരാകത്ത്, ഹെഡ്മിസ്ട്രസ് ഷൈനി പേണ്ടാനത്ത് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

## സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും വാർഷികവും ശ്രീ ജെയ്സൺ മാർക്കോസ് അനുസ്മരണവും

നവംബർ 10-ാം തീയതി ശനിയാഴ്ച പേരാവൂർ സെന്റ് ജോസഫ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനവാർഷികവും മാനേജിംഗ് കമ്മിറ്റിയും ജയ്സൺ മാർക്കോസ് അനുസ്മരണവും നടത്തി. സംസ്ഥാന പ്രസിഡന്റ് ബിനു മാങ്കൂട്ടം പതാകയുയർത്തി. തുടർന്ന് ജയ്സൺ മർക്കോസ് സാറിന്റെ കബറിടത്തിൽ പ്രാർത്ഥന നടത്തി. തുടർന്നു നടന്ന മാനേജിംഗ് കമ്മിറ്റി യോഗത്തിൽ വിവിധ രൂപതകളിൽനിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് നടന്ന ക്ലാസ്സ് പ്രശസ്ത ഗാനരചയിതാവും സംഗീതസംവിധായകനുമായ ബേബി ജോൺ കലയന്താനി നയിച്ചു. തുടർന്ന് നടന്ന വാർഷികസമ്മേളനം ആർച്ച് ബിഷപ്പ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം ഉദ്ഘാടനം ചെയ്തു. ബിനു മാങ്കൂട്ടത്തിന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. ജോബി പൂച്ചകണ്ടത്തിൽ സ്വാഗതവും സംസ്ഥാനജനറൽ ഓർഗനൈസർ ഫ്രാൻസീസ് കൊല്ലറേട്ട് നന്ദിയും പറഞ്ഞു. ഫാ. തോമസ് കൊച്ചുകരോട്ട് ജയ്സൺ മാർക്കോസ് അനുസ്മരണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ഷിനോ മോളത്ത്, ബേബി ജോൺ കലയന്താനി, ബിനോയി പള്ളിപ്പറമ്പിൽ, ഫാ. മനോജ് ഒറ്റപ്ലാക്കൽ, ലിബിൻ കല്ലുമാരിക്കുന്നേൽ, റീഗോ മുണ്ടയ്ക്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. 2017-18 പ്രവർത്തനവർഷത്തെ മികച്ച രൂപതകൾക്കും മേഖലകൾക്കും ശാഖകൾക്കുമുള്ള പുരസ്കാരങ്ങളും സമ്മേളനത്തിൽ വിതരണം ചെയ്തു. സംസ്ഥാന മാനേജിംഗ് കമ്മിറ്റിയുടെയും വാർഷികത്തിന്റെയും വിജയത്തിനായി ദിവസങ്ങളോളം അദ്ധ്വാനിച്ച ഫൊറോന വികാരി തോമസ് കൊച്ചുകരോട്ട് അച്ചനും അസി. വികാരി കുര്യാക്കോസ് കാരക്കാട്ട് അച്ചനും വൈസ് ഡയറക്ടർ സി. ജസ്റ്റീന എസ്.എച്ചിനും ടീം അംഗങ്ങൾക്കും മേഖലാഡയറക്ടർ മനോജ് ഒറ്റപ്ലാക്കൽ അച്ചനും വൈസ് ഡയ

റക്ടർ സി. ലിസറ്റ് എസ്.എച്ച്നും മേഖല, ശാഖാഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി. അന്നേദിവസം സമ്മേളനത്തിനായി എത്തിച്ചേർന്ന എല്ലാ പ്രേഷിതർക്കും അവരെകൂട്ടിക്കൊണ്ടുവന്ന എടൂർ, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, പേരാവൂർ മേഖലകളിലെ എല്ലാ ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനും എല്ലാ ശാഖാ ഡയറക്ടർ, വൈസ് ഡയറക്ടേഴ്സിനും ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

## അതിരൂപതാ കൗൺസിൽ വാർഷികം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 59-ാം കൗൺസിലും വാർഷികവും പ്രേഷിത റാലിയും നവംബർ 20-ാം തീയതി രാവിലെ 9.15 ന് പാലാവയൽ സെന്റ് ജോൺസ് ദൈവാലയത്തിൽ ദിവ്യബലിയോടെ ആരംഭിച്ചു. കൗൺസിൽ സമ്മേളനത്തിൽ അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതാപ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരിയിൽ അധ്യക്ഷത വഹിച്ചു. 2017-2018 വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും സമ്മേളനത്തിൽ അവതരിപ്പിച്ചു. അതിരൂപതാ മതബോധന ഡയറക്ടർ ഫാ. ജേക്കബ് വെണ്ണായപ്പള്ളി മിഷൻലീഗ് വാർത്താ പത്രികയായ 'മിഷൻജ്യോതി' പ്രകാശനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ ബിനു മാങ്കൂട്ടം, അതിരൂപതാ ജൂണിയർ പ്രസിഡന്റ് അക്ഷയ് ചിറതലയാട്ട് എന്നിവർ പ്രസംഗിച്ചു. ചെറുപുഷ്പ മിഷൻലീഗ് തോമാപുരം മേഖല പ്രസിഡന്റ് ശ്രീ ജോണി കൊന്നയിൽ, മേഖലാ വൈസ് ഡയറക്ടർ സി. ക്ലെറിൻ എസ്.എ.ബി.എസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

ഉച്ചഭക്ഷണത്തെതുടർന്ന് ചെണ്ടമേളങ്ങളുടെയും ബാന്റുമേളങ്ങളുടെയും അകമ്പടിയോടെ ചെമ്മഞ്ഞകൊടികളും കൈകളിലേന്തി പ്രാർത്ഥനാ മന്ത്രങ്ങളും മുദ്രാവാക്യങ്ങളും മുഴക്കികൊണ്ട് മനോഹരമായ ഫ്ലോട്ടുകളും ഡിസ്പ്ലേകളുമായി പുളിങ്ങോം മൈതാനിയിൽനിന്ന് പാലാവയൽ പള്ളിയിലേയ്ക്ക് നടത്തിയ പ്രേഷിത റാലിയിൽ 6000 ത്തോളം കുട്ടികളും മുതിർന്നവരും പങ്കെടുത്തു. തുടർന്ന് നടന്ന വാർഷികാഘോഷം ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരക പ്രേഷിത അവാർഡ് ജേതാവ് ബിജു മാണിക്കത്താനെ ആദരിക്കൽ, 2017-18 പ്രവർത്തനവർഷത്തെ ബെസ്റ്റ് ശാഖാ-മേഖലാ അവാർഡ് ദാനം, മദർതെരേസ, കുഞ്ഞേട്ടൻ, ഫാൻസി ഡ്രസ്സ് വിജയികൾക്കുള്ള സമ്മാനദാനം, 'നല്ലിടയൻ പദ്ധതി' ഉദ്ഘാടനം എന്നിവ അഭിവന്ദ്യപിതാവ് നിർവ്വഹിച്ചു. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോബി പൂച്ചകണ്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. തോമാപുരം ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമാക്കൽ നല്ലിടയൻ പദ്ധതി ഉദ്ഘാടനം ചെയ്തു. എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. പെറ്റി ട്രീസ, മേഖലാ ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ, പാലാവയൽ ശാഖാ ഡയറക്ടർ ഫാ. തോമസ് ചിറ്റിലപ്പള്ളി എന്നിവർ ആശംസകളർപ്പിച്ച് സംസാ

രിച്ചു. തോമാപുരം, ആയന്നൂർ എന്നീ ശാഖകളിലെ കുട്ടികളുടെ രംഗപൂജക ളോടെ ആരംഭിച്ച കൗൺസിൽ-വാർഷികസമ്മേളനത്തിൽ അതിരൂപതാ ഡയ റക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ ബിജു മണ്ണനാൽ, അതിരൂപതാ സെക്രട്ടറി സുനിൽ കല്ലിടുക്കിൽ എന്നിവർ നന്ദിയും പറഞ്ഞു.

അതിരൂപതാ കൗൺസിൽ-വാർഷിക സമ്മേളനങ്ങളുടെയും പ്രേഷിത റാലിയുടെയും വിജയത്തിനായി രാപകൽ അദ്ധ്വാനിച്ച എല്ലാവർക്കും ചെറു പുഷ്പ മിഷൻലീഗ് അതിരൂപതാകുടുംബത്തിന്റെ സ്നേഹപൂർവ്വകമായ നന്ദി.

## രാജത്വതിരുനാൾ-അതിരൂപതാതല ആഘോഷം

അതിരൂപതാതലത്തിൽ രാജത്വതിരുനാൾ ഡിസംബർ 2-ന് ഏറ്റുപാറ ശാഖയിൽ വച്ച് നടക്കും.

## സംസ്ഥാനതലത്തിൽ തലശ്ശേരി അതിരൂപതയ്ക്ക് മികച്ച നേട്ടം

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപതയും കുന്നോത്ത് മേഖ ലയും സംസ്ഥാനതലത്തിൽ മിഷൻ ഗോൾഡ് സ്റ്റാർ അവാർഡും അങ്ങാടി ക്കടവ് ശാഖാ മിഷൻസ്റ്റാർ അവാർഡും കരസ്ഥമാക്കി. 2017-18 പ്രവർത്ത നവർഷത്തെ വ്യത്യസ്ഥമായ പ്രവർത്തനങ്ങൾ, ജീവകാരുണ്യപ്രവർത്ത നങ്ങൾ, മിഷൻഗ്രാമങ്ങളിൽ ചെയ്ത സേവനങ്ങൾ എന്നിവ പരിഗണിച്ചാണ് ഗോൾഡ് സ്റ്റാർ, മിഷൻസ്റ്റാർ അവാർഡുകൾ ലഭിച്ചത്. മികച്ച പ്രവർത്തന ങ്ങൾ അതിരൂപതാ-മേഖലാ-ശാഖാതലങ്ങളിൽ നടത്താൻ നേതൃത്വം നല്കിയ ഡയറക്ടർമാർക്കും വൈസ് ഡയറക്ടർമാർക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും മിഷനറിമാർക്കും അഭിനന്ദനങ്ങൾ... അനുമോദനങ്ങൾ...

## ലഹരിവിരുദ്ധ കാർട്ടൂൺ, ചിത്രരചന, മുദ്രാവാക്യ മത്സരവിജയികൾ

2.11.18ന് തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ വച്ച് ലഹരി വിരുദ്ധ കാർട്ടൂൺ, ചിത്രരചന, മുദ്രാവാക്യ മത്സരങ്ങൾ നടത്തി. നൂറോളം കുട്ടി കൾ മത്സരത്തിൽ പങ്കെടുത്തു. സാൻ ജോസ് സ്കൂൾ മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീ ബേബി പ്ലാശ്ശേരി, ബിജു മണ്ണനാൽ, ഫാ. ജോസഫ് വേങ്ങക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

## ഉണർവ്വ് : എം.ടി.സി. ക്യാമ്പ്

ഈ വർഷത്തെ ഉണർവ്വ് എം.ടി.സി. ക്യാമ്പ് ഡിസംബർ 28, 29 തീയ തികളിൽ വായാട്ടുപറമ്പ മേഖലയിലെ കരുണാപുരം ശാഖയിൽ വച്ച് നട ത്തുന്നതായിരിക്കും. 2016-17, 2017-18 വർഷങ്ങളിൽ അതിരൂപതാതലത്തിൽ സാംഗ്ലീ, വിജയവാഡ, എന്നീ സ്ഥലങ്ങളിൽ എം.ടി.സി. ക്യാമ്പിനായി പോയ കുട്ടികളാണ് പങ്കെടുക്കേണ്ടത്. ബഹു. വൈസ് ഡയറക്ടർമാർ കുട്ടികളെ ഇക്കാര്യം ഓർമ്മിപ്പിക്കുമല്ലോ. 9496900845, 8281255847 എന്നീ നമ്പറുകളിൽ കുട്ടികളോട് അതിരൂപതാ ഓഫീസിലേക്ക് ഫോൺ വിളിക്കാൻ പറയുമല്ലോ.

## അഭിവന്ദ്യപിതാക്കന്മാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരാങ്ങളോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാർക്കും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും മിഷൻഗ്രാമങ്ങൾക്കും ക്രിസ്മസ് പുതുവത്സരാശംസകൾ അയയ്ക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ടീം ക്വിസ്സ് മത്സരം

ഈ വർഷത്തെ ടീം ക്വിസ്സ് 2019 ജനുവരി 26-ാം തീയിതി രാവിലെ 10 മണിമുതൽ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു. മേഖലയിൽ ഒന്നാംസ്ഥാനം ലഭിച്ച ടീം ആയിരിക്കണം അതിരൂപതയിൽ മത്സരിക്കേണ്ടത്.

പഠനഭാഗങ്ങൾ: പ്രഭാഷകൻ 50% സഭ 30% സംഘടന 20%.

## നിബന്ധനകൾ

- ❖ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ വേദപാഠം പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാം.
- ❖ 6 പേർ ഉൾപ്പെടുന്ന മേഖല ടീമാണ് മത്സരിക്കേണ്ടത്.
- ❖ 2 ആൺകുട്ടികളും 2 പെൺകുട്ടികളും ടീമിൽ നിർബന്ധമായും ഉണ്ടായിരിക്കണം.
- ❖ മേഖലാടീം ഒരേ ശാഖയിൽ നിന്ന്തന്നെ വേണമെന്ന് നിർബന്ധമില്ല.
- ❖ മത്സരം വ്യക്തിഗതമായിരിക്കും. ചർച്ച ചെയ്ത് എഴുതാൻ പാടില്ല.
- ❖ മത്സരത്തിൽ പങ്കെടുക്കുന്ന ടീം അംഗങ്ങളുടെ മുഴുവൻമാർക്കും കൂട്ടിയായിരിക്കും വിജയിച്ച് ടീമിനെ നിശ്ചയിക്കുക.
- ❖ ഏറ്റവുംകൂടുതൽ മാർക്ക്നേടുന്ന വ്യക്തിക്ക് വ്യക്തിഗത സമ്മാനം ഉണ്ടായിരിക്കും.
- ❖ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ്, ബാഡ്ജ്, പഠിക്കുന്നക്ലാസ്സ് തെളിയിക്കുന്ന ശാഖാഡയറക്ടറുടെ കത്ത് എന്നിവ ഉണ്ടായിരിക്കണം.

**NB:** മാർഗ്ഗരേഖ പേജ് 48 കാണുക.

## കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസികയുടെ നിർമ്മാണം ആരംഭിച്ചുകാണുമല്ലോ. മേഖലാതലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26നുള്ളിൽ അതിരൂപതാ ഓഫീസിൽഎത്തിക്കുമല്ലോ (നിബന്ധനകൾ-മാർഗ്ഗരേഖ പേജ് 48-49)

## ദിയാക്കോണിയ

ഈ മാസം ശാഖാതലത്തിൽ ചെയ്യേണ്ടവ:

1. ഇടവകാതലത്തിൽ കൂട്ടുകാരുമൊത്ത് ബൈബിൾ പകർത്തി എഴുതുക.
2. (വചനമരം) ദൈവാലയ പരിസരത്ത് ഒരു മരം തിരഞ്ഞെടുത്ത് ക്രിസ്മസ് ട്രീ പോലെ അലങ്കരിച്ച് കുട്ടികൾ വചനം പഠിച്ച് അത് ആകർഷകമായി എഴുതി നിശ്ചിത മരത്തിൽ കെട്ടിയിടുക.

## ക്രിസ്കാർഡ് നിർമ്മാണം

ക്രിസ്മസ് ആഘോഷഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണമത്സരത്തിൽ മേഖലാതലത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന കാർഡുകൾ ഡിസംബർ 24 ന് മുമ്പ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ക്രിസ്കാർഡ് നിർമ്മാണ നിബന്ധനകൾ

- ചായക്കൂട്ടുകൾ, പഴയ ക്രിസ്മസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കാം.
- നിർമ്മാണസമയം 2 മണിക്കൂർ
- കാർഡിനൊപ്പം പേര്, വീട്ടുപേര്, ഇടവക, അംഗത്വനമ്പർ എന്നിവ ഉണ്ടായിരിക്കണം.
- 15 സെ.മീ. വീതിയും 21.സെ.മി. നീളവുമുള്ള ചാർട്ട് പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ

കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണീശോയുടെ മുഖം പാവപ്പെട്ടവരിൽ ദർശിക്കുവാനും അവരെ സഹായിക്കുവാനും ഈ ക്രിസ്മസ് നാളിൽ നമ്മുടെ



കൊച്ചു ത്യാഗങ്ങളുടെ തുക മാറ്റിവയ്ക്കാം അദിലാബാദ് മിഷനിൽ സാലിഗാം ഗ്രാമത്തിലും അവിടെയുള്ള ബോർഡിങ്ങിലും പഠിക്കുന്ന കുട്ടികൾക്ക് കിടക്കുവാൻ ആവശ്യമായ കട്ടിൽ വാങ്ങുവാനായി നമ്മുടെ അദിലാബാദ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പ്രിൻസ് പിതാവ് സഹായം അപേക്ഷിച്ചിട്ടുണ്ട്. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണഫണ്ട് ഈ വർഷം ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 4500 രൂപയാണ് വില. ഡബിൾ ഡക്കർ ഇരുമ്പ് കട്ടിലാണ് പണിയുന്നത്.

## അതിരൂപതാതല ക്രിസ്മസ് ആഘോഷം

അതിരൂപതാതല ക്രിസ്മസ് ആഘോഷം വായാട്ടുപറമ്പ്-ആലക്കോട് മേഖലകളുടെ സഹകരണത്തോടെ കരുവഞ്ചാൽ ശാന്തിഭവനിൽവച്ച് ഡിസംബർ 22ന് വൈകുന്നേരം നടത്തപ്പെടുന്നു.

## ബൈബിൾ ഞായർ

ഡിസംബർ 30-ാം തീയതി ബൈബിൾ ഞായറിനോടനുബന്ധിച്ച് എല്ലാ ശാഖകളിലും ബൈബിൾ ദിനാചരണം നടത്തുമല്ലോ. ഇടവകകളിലെ സാഹചര്യമനുസരിച്ച് അന്നേദിനം ബൈബിൾ പ്രതിഷ്ഠ, റാലി, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം എന്നിവയോടുകൂടി ബൈബിൾ ഞായർ സമുചിതമായി ആഘോഷിക്കുവാൻ വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. അതിരൂപതാതല ബൈബിൾ ഞായർ ആചരണം മഞ്ഞളാംപുറം ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

## ഡിസംബർ: ശാഖാസന്ദർശനങ്ങൾ

അതിരൂപതാ, ഓർഗനൈസിംഗ് ടീം അംഗങ്ങൾ ഡിസംബർ മാസം കാഞ്ഞങ്ങാട് (ഡിസംബർ-16), പേരാവൂർ (ഡിസംബർ 30), ചെമ്പന്തൊട്ടി (ജനുവരി 6) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നുള്ള കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽവേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. വികാരിയച്ചനെയും സൺഡേസ്കൂൾ ഹെഡ്മാസ്റ്ററിനെയും സന്ദർശനത്തിനുവരുന്ന കാര്യം വൈസ്ഡയറക്ടർ സിസ്റ്റർ പ്രത്യേകം ഓർമ്മിപ്പിക്കണേ. നിശ്ചിതദിവസം ഇടവകയിൽ വിസിറ്റ് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ അത് വിളിച്ചറിയിക്കുമല്ലോ. ചെമ്പന്തൊട്ടി മേഖലയിൽ ഡിസംബർ 9ന് സന്ദർശനം പറഞ്ഞിരുന്നു എന്നാൽ അന്ന് വേദപാഠപരീക്ഷ നടക്കുന്നതിനാൽ ജനുവരി 6-ാം തീയതി നടത്തുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. പനത്തടി ഫൊറോനയിൽ ധ്യാനം നടക്കുന്നതിനാൽ സന്ദർശനം ജനുവരി 13 ന് ആയിരിക്കും.

## ക്ലാസ്സുകൾ സെമിനാറുകൾ

| | | | |
|---|---|---|---|
| ഒക്ടോബർ | 21 | : | അതിരൂപതാ ഡയറക്ടർ തലശ്ശേരി ശാഖയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കുകയും കുട്ടികൾക്കും മാതാപിതാക്കൾക്കും ക്ലാസ്സ് എടുക്കുകയും ചെയ്തു. |
| ,, | 25 | : | വെള്ളാട് ശാഖയിൽ ഡയറക്ടർ സെമിനാർ നടത്തി |
| നവംബർ | 4 | : | കാഞ്ഞങ്ങാട് ശാഖയിൽ ഡയറക്ടർ ദിവ്യബലിയർപ്പിക്കുകയും കുട്ടികൾക്കായി സെമിനാർ നടത്തുകയും ചെയ്തു. |
| ,, | 11 | : | ചീക്കാട് ശാഖയിൽ ഡയറക്ടർ ക്ലാസ്സ് എടുക്കുകയും ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി. |

## ശാഖാസന്ദർശനങ്ങൾ

28.10.18 : ആലക്കോട് മേഖലയിലെ 7 ശാഖകളും വായാട്ടുപറമ്പ് മേഖലയിലെ 1 ശാഖയും, വെള്ളരിക്കുണ്ട് മേഖലയിലെ 1 ശാഖയും സന്ദർശിച്ചു. ആലക്കോട്- സി.മരിയറ്റ് എംഎസ്എംഐ, അരിവിളഞ്ഞപൊയിൽ- ജെയ്സൺ പുളിച്ചമാക്കൽ, ജയഗിരി- ജോബി പനച്ചിക്കൽകരോട്ട്, മാമ്പോ

യിൽ-ജോബി പാണ്ട്യാംപറമ്പിൽ, പരപ്പ-ജോണി കൊന്നയിൽ, ഉദയഗിരി-സി.ഹെലൻ എഫ്സിസി, വിജയഗിരി-ജോയൽ കൈച്ചിറമറ്റത്തിൽ, വായാട്ടുപറമ്പ്-സി. റോഷ്നി എഫ്സിസി, ബളാൽ-ബേബി പ്ലാശ്ശേരി.

4.11.18 ഞായർ: മേരിഗിരി മേഖലയിലെ 9 ശാഖകളും ആലക്കോട് മേഖലയിലെ 5 ശാഖകളും, വെള്ളാട് മേഖലയിലെ 1 ശാഖയും സന്ദർശിച്ചു. പച്ചാണി ജോയൽ കൈച്ചിറമറ്റം, കാര്യപ്പള്ളി-മാണി കണിയാരോലിക്കൽ, വിമലശ്ശേരി-ജെറിൻ ചേമ്പാലക്കുന്നേൽ, രയറോം-സണ്ണി പടിഞ്ഞാറേചിറ്റേടത്ത്, ചെറുപാറ-സി. ഷാരോൺ എംഎസ്എംഐ, എടക്കോം- ജോണി കൊന്നയിൽ, പെരുമ്പടവ്-സജി കുന്നത്ത്, പെരിങ്ങാല-സുനിൽ കല്ലിടുക്കിൽ, വെള്ളരിയാനം-ജോബി പാണ്ട്യാംപറമ്പിൽ, കാർത്തികപുരം-ജോബി പനച്ചിക്കൽ കരോട്ട്, കുട്ടാപറമ്പ്-സജി കുളങ്ങരമുറി, ചീക്കാട്-സുനിൽ ചെന്നിക്കര, മണക്കടവ്-ജയ്സൺ പുളിച്ചമാക്കൽ, നെല്ലിപ്പാറ സി. ഹെലൻ എഫ്സിസി, വെള്ളാട് -സി. റോഷ്നി എഫ്സിസി.

11.11.2018 ഞായർ: ചെറുപുഴ മേഖലയിലെ ശാഖകൾ സന്ദർശിച്ചു. അരവഞ്ചാൽ-ജോയൽ കൈച്ചിറമറ്റത്തിൽ, ചെറുപുഴ-ബേബി പ്ലാശ്ശേരി, ചൂരപ്പടവ്-ടോമി അഴകത്ത്, ജോസ്ഗിരി-ഷേർളി പാമ്പനാൽ, കോലുവള്ളി-ടോണി ഇരുപ്പകാട്ട്, കോഴിച്ചാൽ- റോഷ്നി എഫ്സിസി, മുളപ്ര-സി.ഹെലൻ, പാടിച്ചാൽ-മാണി കണിയാരോലിക്കൽ, പുളിങ്ങോം-ജോണി കൊന്നയിൽ, ഉമ്മർപൊയിൽ-ജ്യോതിസ് മരിയ എസ്.എച്ച്., താബോർ- ജോബി പാണ്ട്യാംപറമ്പിൽ, തിരുമേനി-സി.പ്രിൻസി എഫ്.സി.സി.

18.11.2018 ഞായർ: തോമാപുരം മേഖലയിലെ 13 ശാഖകളും, മേരിഗിരി മേഖലയിലെ 1 ശാഖയും, ചെറുപുഴ മേഖലയിലെ 1 ശാഖയും സന്ദർശിച്ചു. മേരിഗിരി-സി. മരിയറ്റ് എംഎസ്എംഐ, രാജഗിരി-ജെറിൻ ചേമ്പാലക്കുന്നേൽ, തോമാപുരം-ബേബി പ്ലാശ്ശേരി, പാലാവയൽ-ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ബഡൂർ-സി. റോഷ്നി എഫ്സിസി, മണ്ഡപം-ബിജു കൊച്ചുപൂവക്കോട്ട്, കടുമേനി-ജോണി കൊന്നയിൽ, കാവുന്തല-ജോബി പാണ്ട്യാംപറമ്പിൽ, കുളിനീർ- ഷേർളി പാമ്പനാൽ, ആയന്നൂർ-സി.പ്രിൻസി എഫ്സിസി, തയ്യേനി- ജോയൽ കൈച്ചിറമറ്റം, കമ്പല്ലൂർ-സി.റോഷ്നി എഫ്സിസി, കണ്ണിവയൽ-സജി കുന്നത്ത്, ചാവറഗിരി-സി. ജ്യോതിസ് എസ്എച്ച്.

## മിഷൻ പച്ചക്കറിതോട്ടം

മിഷൻ പച്ചക്കറിത്തോട്ടം രണ്ടാംഘട്ട സന്ദർശനത്തിനായി എക്സിക്യൂട്ടീവ് അംഗങ്ങൾ ഈ മാസം വരുന്നതാണ്.

## വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് ശാഖാവൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ജനുവരി 26-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് വി. കുർബ്ബാനയോടുകൂടി തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. എല്ലാ വൈസ് ഡയറക്ടേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കുമല്ലോ.

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

മനുഷ്യമക്കൾക്കാകമാനം രക്ഷയുടെ മാർഗമായി ഭൂമിയിൽ അവതരിച്ച ദൈവപുത്രനായ മിശിഹായുടെ തിരുപ്പിറവിയുടെ പുണ്യദിനത്തിന്റെ ഓർമ്മ ആഘോഷിക്കുവാൻ നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ... കൊച്ചുകൊച്ചു സുകൃതങ്ങളും ത്യാഗങ്ങളും നന്മപ്രവൃത്തികളും കോർത്തിണക്കി നമ്മുടെ കൊച്ചുഹൃദയങ്ങളിൽ ഉണ്ണീശോയ്ക്ക് പിറക്കാൻ മനോഹരമായ പുൽക്കൂടു നിർമ്മിക്കാം.... ഉണ്ണീശോയുടെ എല്ലാ കൊച്ചുകൂട്ടുകാർക്കും ഒരായിരം ക്രിസ്മസ് മംഗളങ്ങൾ....

**നിറംകൊടുക്കാമോ വിജയികൾ**

- I എയ്ഞ്ചൽ സാജു - ചായ്യോത്ത്
- II അലീന തുണ്ടിയിൽ - വിജയഗിരി
- III അൽഫോൻസ കരിമരുതുംചാലിൽ - അൽഫോൻസാഗിരി

**നിങ്ങൾക്കറിയാമോ വിജയികൾ**

- I ട്രീസ മരിയകാക്കിയാനിയിൽ - വെള്ളാട്
- II അൽഫോൻസാ തടത്തിമാക്കൽ - കരിക്കോട്ടക്കരി
- III ഇവാന ട്രീസ കണക്കശ്ശേരിൽ - പെരിങ്ങാല

## അഭിനന്ദനങ്ങൾ

നവംബർ 10-ാം തീയതി പേരാവൂർ വച്ച്നടത്തപ്പെട്ട സംസ്ഥാനമാനേജിംഗ് കമ്മറ്റിയിൽ തലശ്ശേരി, കണ്ണൂർ, മാനന്തവാടി, താമരശ്ശേരി, പാലക്കാട് രൂപതകൾ ഉൾകൊള്ളുന്ന മലബാർ റീജണൽ ഓർഗനൈസറായി സംസ്ഥാന സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ബേബി പ്ലാശ്ശേരി സാറിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

## ഈശോയെപ്പോലെ സഹിക്കാം...

ഈ മാസം നമുക്ക് ഈശോയെപ്പോലെ സഹിക്കാം എന്ന ആറാം അധ്യായം പഠിക്കാം. കുഞ്ഞുകൂട്ടുകാരേ ഈശോ നമുക്കുവേണ്ടി എത്ര വലിയ സഹനമാണ് ഏറ്റെടുത്തത്. കുരിശോളം സഹിക്കുന്ന ഈശോയെ അല്ലേ നാം കാണുന്നത്. ഒറ്റപ്പെടുത്തലും, കുറ്റപ്പെടുത്തലും, പരിഹാസവും, തള്ളിപ്പറയലും ഒക്കെ മൗനമായി ഈശോ സഹിച്ചു. പരാതിയില്ലാതെ സഹിക്കുന്ന ഈശോയുടെ ജീവിതമാതൃക നമുക്ക് സ്വന്തമാക്കാം. ഈശോയെപ്പോലെ നമുക്കും പരാതിയില്ലാതെ സഹനങ്ങളെ സ്വീകരിക്കാം.

## അഭിവന്ദ്യപിതാക്കന്മാർക്ക് കത്ത്

ക്രിസ്തുമസിനോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാർക്ക് ക്രിസ്മസ് ആശംസകളറിയിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ക്രിസ് കാർഡ് നിർമ്മാണം

ക്രിസ്മസ് ആഘോഷഭാഗമായി തിരുബാലസഖ്യ അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണത്തിൽ മേഖലാതലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കാർഡുകൾ ഡിസംബർ 24ന് മുമ്പ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ക്രിസ്കാർഡ് നിർമ്മാണ നിബന്ധനകൾ

* ചായകൂട്ടുകൾ, പഴയ ക്രിസ്മസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കാം.
* നിർമ്മാണ സമയം 2 മണിക്കൂർ
* കാർഡിനൊപ്പം പേര് വീട്ടുപേര്, ഇടവക, അംഗത്വനമ്പർ എന്നിവ ഉണ്ടായിരിക്കണം.
* 15 സെ.മി. വീതിയും 21 സെ.മി. നീളമുള്ള ചാർട്ട് പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.

## ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യ ആനിമേറ്റേഴ്സ് മീറ്റിംഗ് ജനുവരി 26-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. എല്ലാ ആനിമേറ്റേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കുമല്ലോ.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ (സമർപ്പണ ഫണ്ട്)

കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണീശോയുടെ മുഖം പാവപ്പെട്ടവരിൽ ദർശിക്കുവാനും അവരെ സഹായിക്കുവാനും ഈ ക്രിസ്മസ്നാളിൽ നമ്മുടെ കൊച്ചുത്യാഗങ്ങളുടെ തുക മാറ്റിവയ്ക്കാം. അദിലാബാദ് മിഷനിൽ സാലിഗാം ഗ്രാമത്തിലും ബോർഡിങ്ങിലും പഠിക്കുന്ന കുട്ടികൾക്ക് കിടക്കുവാൻ ആവശ്യമായ കട്ടിൽ വാങ്ങുന്നതിനായി അദിലാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ

പ്രിൻസ് പിതാവ് നമ്മുടെ സഹായം അപേക്ഷിച്ചിട്ടുണ്ട്. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ വർഷം ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ കലോത്സവം

തിരുബാലസഖ്യം അതിരൂപതാ കലോത്സവം 2019 ജനുവരി 12-ാം തീയതി ശനിയാഴ്ച ചെമ്പേരിയിൽ വച്ച് നടത്തുന്നതായിരിക്കും. മേഖലമത്സരവിജയികളുടെ ലിസ്റ്റ് ജനുവരി 1ന് മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ. മേഖലാ മത്സരത്തിൽ വ്യക്തിഗത ഇനത്തിൽ ഒന്നാംസ്ഥാനം കിട്ടുന്ന ടീമിനും അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒരു കുട്ടിക്ക് ഒരു വ്യക്തിഗതഇനത്തിലും ഒരു ഗ്രൂപ്പ് ഇനത്തിലും മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. അതിരൂപതയിൽനിന്ന് നല്കിയ ഫോമിൽ മേഖലാവിജയികളുടെ ലിസ്റ്റ് ചേർത്ത് 2 കോപ്പി അതിരൂപതാ ഓഫീസിൽ എത്തിക്കുവാൻ മേഖലാ വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

## ജൂബിലി പ്രാർത്ഥന

തിരുബാലസഖ്യം ജൂബിലി വർഷത്തോടനുബന്ധിച്ച് തയ്യാറാക്കിയ ജൂബിലി പ്രാർത്ഥനയോടുകൂടിയ പടങ്ങൾ എല്ലാ ശാഖയിലും എത്തിക്കാണുമെന്ന് കരുതുന്നു. ഇനിയും ഏതെങ്കിലും ശാഖകളിൽ കിട്ടിയിട്ടില്ലെങ്കിൽ എത്രയുംപെട്ടെന്ന് ആ വിവരം ഓഫീസിൽ അറിയിക്കുമല്ലോ.

## ജൂബിലി ഗാനം

തിരുബാലസഖ്യം ജൂബിലി വർഷത്തോടനുബന്ധിച്ച് ഫാ. ലൂയി മരിയദാസ് തയ്യാറാക്കിയ തിരുബാലസഖ്യം ജൂബിലി ഗാനത്തിന്റെ പ്രകാശനം ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ കൗൺസിൽ വാർഷികത്തിൽവച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. അന്നേദിവസം ജൂബിലിഗാനം തയ്യാറാക്കി ആലപിച്ച ഫാ. ലൂയി മരിയദാസിനും ഇടവകയിലെ കൊച്ചുകൂട്ടുകാർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും... ജൂബിലി ഗാനം ഉടനേതന്നെ എല്ലാ ശാഖകളിലും എത്തിക്കുന്നതായിരിക്കും എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

## ആനിമേറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്

ജറുസലേം ക്വിസ് പഠനഭാഗം- മത്തായി, മർക്കോസ്, ലൂക്ക എന്നീ സുവിശേഷങ്ങളിലെ മാർഗ്ഗരേഖയിൽ തന്നിരിക്കുന്ന അധ്യായങ്ങളും ആമുഖവും മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

## യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം
## തിരുസഭയോടൊപ്പം സമൂഹത്തോടൊപ്പം

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

**തലശ്ശേരി അതിരൂപതാ യുവജന മഹാസംഗമവും യൂവജനറാലിയും**
**ഡിസംബർ 8-2018 (രണ്ടാംശനിയാഴ്ച)**
**ശ്രീപുരം സ്കൂൾ ഓഡിറ്റോറിയം, കണ്ണൂർ**

യുവജനവർഷത്തിന്റെ നാനാവിധ പ്രവർത്തനങ്ങൾ വിജയിപ്പിക്കാനായി ഏവരും നൽകുന്ന എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദി അറിയിക്കുന്നു.

ഈ വർഷത്തെ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധയർഹിക്കുന്ന യുവജന മഹാസംഗമത്തിന്റെ മുന്നൊരുക്കങ്ങളിലാണല്ലോ നമ്മൾ. മാറുന്ന സാമൂഹിക സാഹചര്യത്തിൽ നമ്മുടെ യുവജനങ്ങൾ ഒത്തുചേരേണ്ടത് അനിവാര്യമാണ്. ആയതിനാൽ നമ്മുടെ അതിരൂപതയിലെ യുവജനങ്ങൾ കണ്ണൂർ യുവജനമഹാസംഗമത്തിൽ അണിചേരുകയാണ്. ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.
യുവജനവർഷ മഹാസംഗമത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കട്ടെ.

തീയതി: 2018 ഡിസംബർ-8 (രണ്ടാം ശനിയാഴ്ച)

9.15 : യുവജന റാലി കണ്ണൂർ ആകാശവാണി നിലയത്തിന്റെ സമീപത്തുനിന്നും ശ്രീപുരം സ്കൂൾ ഓഡിറ്റോറിയത്തിലേക്ക്. 16 ഫൊറോനകളിൽനിന്നുമുള്ള യുവജനങ്ങളും മറ്റുള്ളവരും റീജിയൻ അടിസ്ഥാനത്തിൽ റാലിയിൽ അണിനിരക്കുന്നു.

9.30 : പരിപാടികൾ സമയത്ത് പൂർത്തിയാക്കേണ്ടതുകൊണ്ട് കൃത്യം 9.30ന് യുവജന റാലി ആംഭിക്കുന്നതാണ്

11.00 : പൊതുസമ്മേളനം, മോട്ടിവേഷൻ ടോക്ക്, കൾച്ചറൽ പ്രോഗ്രാം.

1.30 : സ്നേഹവിരുന്ന്

* യുവജന റാലിയിൽ പങ്കെടുക്കുന്ന ഏവർക്കും ടീ ഷർട്ടും ഉച്ചഭക്ഷണവും വെള്ളവും നൽകുന്നതാണ്. ഇവ മൂന്നിനും കൂടി 50 രൂപയാണ് ഒരാൾ അടയ്ക്കേണ്ടത്.
* പങ്കെടുക്കുന്നവരുടെ എണ്ണവും 50 രൂപയും നവംബർ 30 ന് മുമ്പ് കെ സി വൈ എം ഓഫീസിൽ ഏൽപ്പിച്ചാൽ മാത്രമേ ടീ ഷർട്ട് ലഭ്യമാക്കാൻ സാധിക്കുകയുള്ളു.

* ഡിസംബർ 5 വ്യാഴാഴ്ച നടക്കുന്ന ഫൊറോന പ്രസിഡന്റുമാരുടെ മീറ്റിംഗിൽ ഓരോ ഫൊറോനയും തന്നിരിക്കുന്ന എണ്ണമനുസരിച്ചുള്ള ടീഷർട്ടും ഭക്ഷണകൂപ്പണും ഏൽപ്പിക്കുന്നതായിരിക്കും.
* നാല് റീജിയൺ അടിസ്ഥാനത്തിലായിരിക്കും റാലിയിൽ പങ്കെടുക്കേണ്ടതും, ഓഡിറ്റോറിയത്തിൽ ഇരിക്കേണ്ടതും, ഭക്ഷണം കഴിക്കേണ്ടതും.

## റീജിയണുകൾ

ഇരിട്ടി റീജിയൺ - പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ
ചെമ്പേരി റീജിയൺ - പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ്
ആലക്കോട് റീജിയൺ - വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി, ചെറുപുഴ
കാസർഗോഡ് റീജിയൺ - തോമാപുരം, വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, പനത്തടി

* ഒരു റീജിയന് 7 മിനിട്ടുള്ള ഒരു പ്രോഗാം അവതരിപ്പിക്കാനുള്ള അവസരമുണ്ടായിരിക്കും.

## യുവജനവർഷ അവാർഡുകൾ

യുവജന സംഗമത്തിൽ വച്ച് യുവജന വർഷത്തിൽ പ്രഖ്യാപിക്കുന്ന 10 അവാർഡുകൾ നൽകുന്നതാണ്. അവാർഡിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഫൊറോന പ്രസിഡന്റ്/ഫൊറോന ഡയറക്ടർ എന്നിവരെ Contact ചെയ്യുക. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഡയറക്ടേഴ്സും പ്രസിഡന്റുമാരും ശ്രദ്ധിക്കുമല്ലോ.

## "ബത്‌ലഹേം യങ്ങ് മീറ്റ്"

തലശ്ശേരി അതിരൂപതാ കെ സി വൈ എം ന്റെ ആഭിമുഖ്യത്തിൽ നമ്മുടെ ഇടവകയിലെ യുവജനങ്ങളെ ഒരുമിച്ചുകൂട്ടുക എന്ന ലക്ഷ്യത്തോടെ ക്രിസ്മസ് അവധിക്കാലത്ത് നടത്തിവരുന്ന യുവജന കൂട്ടായ്മ "ബത്‌ലഹേം യങ്ങ് മീറ്റ്" എല്ലാ വർഷവും ഏറെ മനോഹരമായി നടത്തുവാൻ നിങ്ങൾ ശ്രദ്ധിക്കുന്നതിൽ സന്തോഷമുണ്ട്. ഈ വർഷവും ഓരോ ഇടവകയുടെയും സാഹചര്യമനുസരിച്ച് 24-ാം തിയതി യുവജനങ്ങളെ ഒരുമിച്ചുകൂട്ടി ഒരു മണിക്കൂറെങ്കിലും ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുകയും, ക്രിസ്മസ് കേക്ക് മുറിച്ച് ക്രിസ്മസ് ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യാവുന്നതാണ്. തുടർന്ന് യുവജനങ്ങൾക്ക് കുമ്പസാരിക്കാൻ അവസരം ഒരുക്കുകയും പുൽക്കൂട് നിർമ്മാണത്തിന് പങ്കടുപ്പിക്കുവാൻ ശ്രദ്ധിക്കയും ചെയ്യുമല്ലോ?

## "ആർമി" യുവജന കൺവെൻഷൻ എടൂർ

ഒക്ടോബർ 28-ന് എടൂർ ഫൊറോന യുവജന കൺവെൻഷൻ എടൂർ സെന്റ് മേരിസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. ആന്റണി തറേക്കടവിൽ അച്ചന്റെ കാർമ്മികത്വത്തിൽ വി. ബലിയോടെ ആരംഭിച്ച കൺവെൻഷൻ ഫൊറോന വികാരി റവ. ഫാ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ ആശംസ

കൾ അർപ്പിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയിൽ കെ സി വൈ എം യുവജന സംഘടനയെക്കുറിച്ച് ക്ലാസ്സ് നയിച്ചു. യുവജനങ്ങൾ ഈ കാലഘട്ടത്തിൽ എങ്ങനെ ദൈവാനുഭവത്തിൽ വളരണമെന്ന് തന്റെ അനുഭവങ്ങളിലൂടെ വ്യക്തമാക്കിക്കൊണ്ട് മനോഹരമായ ക്ലാസിനും ആരാധനയ്ക്കും ചട്ടമല സെന്റ്. മേരീസ് ദൈവാലയ വികാരി റവ. ഫാ. ആന്റണി വെട്ടിയാനിക്കൽ നേതൃത്വം നൽകി. ശ്രീ. ഷോണറ്റിന്റെ നേതൃത്വത്തിലുള്ള മ്യൂസിക് ടീം മനോഹരമായി ഗാനങ്ങൾക്ക് നേതൃത്വം നൽകി. എടൂർ ഫൊറോന കൺവെൻഷൻ ഏറ്റവും വിജയകരമായി തീർത്ത ഫൊറോന ഡയറക്ടർ റവ. ഫാ. ടോമി നടുവിലെക്കുറ്റിനും, ഫൊറോന പ്രസിഡന്റ് ശ്രീ. ലിബിൻ ജോർജിന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതിക്കും, എടൂർ യൂണിറ്റ് ഭാരവാഹികൾക്കും, വിവിധ ഇടവകകളിൽ നിന്നും വന്ന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് യുവജന സുഹൃത്തുക്കൾക്കും, ആർമി മനോഹരമാക്കിതീർത്ത ബഹു. ആന്റണി വെട്ടിയാനിക്കൽ അച്ചനും ശ്രീ ഷോണറ്റിന്റെ നേതൃത്വത്തിലുള്ള ടീം അംഗങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## “ആർമി” യൂത്ത് കൺവെൻഷൻ കുന്നോത്ത്

നവംബർ 4 ഞായറാഴ്ച കുന്നോത്ത് ഫൊറോനയുടെ ആഭിമുഖ്യത്തിൽ അങ്ങാടിക്കടവ് ഡോൺബോസ്കോ ആർട്ട്സ് & സയൻസ് കോളേജിൽ വച്ച് യൂത്ത് കൺവെൻഷൻ അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിയുടെ കാർമ്മികത്വത്തിൽ വി. ബലിയോടെ ആരംഭിച്ചു. തുടർന്നു നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് ചെരുവിൽ സ്വാഗതവും ഫൊറോന വികാരി റവ. ഫാ. ജോസഫ് ചാത്തനാട്ട് ഉദ്ഘാടനവും നിർവ്വഹിച്ചു. ഡോൺബോസ്കോ കോളേജ് റെക്ടർ റവ. ഫാ. തോമസ് എസ് ഡി ബി, രൂപതാ പ്രസിഡന്റ് ശ്രീ ജിതിൻ മുടപ്പാല മേഖലാ പ്രസിഡന്റ് ശ്രീ. റ്റോമിൻ തോമസ് പോൾ എന്നിവർ സംസാരിച്ചു. റവ. ഫാ. മനോജ് ഒറ്റപ്ലാക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ആരാധനയോടെ സമാപിച്ച ആർമി പ്രോഗ്രാം  മനോഹരമാക്കാൻ ശ്രീ ഷോണറ്റിന്റെ നേതൃത്വത്തിലുള്ള മ്യൂസിക് ടീമും സജീവമായിരുന്നു. കുന്നോത്ത് ഫൊറോന കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിച്ച ഫൊറോന ഡയറക്ടർ ബഹു. തോമസ് ചെരുവിലച്ചനും, ബഹു. ജോസഫ് ചാത്തനാട്ടച്ചനും, ബഹു. തോമസച്ചനും, ബഹു. മനോജച്ചനും, ടോമിന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതിക്കും, യൂണിറ്റ് ഭാരവാഹികൾക്കും, പങ്കെടുത്ത എല്ലാ ഡയറക്ടേഴ്സിനും., ആനിമേറ്റേഴ്സിനും, എല്ലാ യുവജന സുഹൃത്തുക്കൾക്കും, ഷോബിക്കും തലശ്ശേരി അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി.

## “ആർമി” യൂത്ത് കൺവെൻഷൻ മേരിഗിരി

മേരിഗിരി ഫൊറോന യൂത്ത് അസംബ്ലി നവംബർ 11 ന് മേരിഗിരി ലിറ്റിൽ ഫ്ളവർ  ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് ഫൊറോന

വികാരി റവ. ഫാ. മാത്യു മണിമലത്തറപ്പേൽ ഉദ്ഘാടനം ചെയ്തു. വിവിധ ഇടവകകളിൽ നിന്നുമായി 600 ഓളം യുവജനങ്ങൾ പങ്കെടുത്ത ആർമി കൺവെൻഷന് റവ. ഫാ. ആന്റണി വെട്ടിയാനിക്കൽ നേതൃത്വം നൽകി. ശ്രീ. ഷോണറ്റിന്റെ നേതൃത്വത്തിലുള്ള മ്യൂസിക് ടീം കൺവെൻഷൻ സജീവമാക്കി. രാവിലെ 9.30 ന് അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിയുടെ കാർമ്മികത്വത്തിൽ വി. ബലിയോടെ ആരംഭിച്ച കൺവെൻഷൻ 4.00 മണിയോടെ സമാപിച്ചു. യുവജന കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിച്ച ഫൊറോന ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കലച്ചനും, ആനിമേറ്റർ സി. റ്റെയ്സിക്കും എല്ലാ ഒരുക്കങ്ങളും നടത്തിയ ഫൊറോനയിലെ എല്ലാ യുവജന സുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

## ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് & സിൻഡിക്കേറ്റ് മീറ്റിംഗ്

ഡിസംബർ 8 ന് നടക്കാനിരിക്കുന്ന യുവജന മഹാ സംഗമത്തെക്കുറിച്ച് ചർച്ച ചെയ്യുവാനും ആലോചിക്കുവാനുമായി ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, സിൻഡിക്കേറ്റ് അംഗങ്ങളുടെ മീറ്റിംഗ് തളിപ്പറമ്പ് സെന്റ്. മേരിസ് ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നവംബർ 3 ന് നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

## "മഞ്ഞ് 2k 18" പ്രകൃതി സഹവാസ ക്യാമ്പ്

നവംബർ 16,17,18 തിയതികളിൽ പനത്തടി ഫൊറോനയുടെ ആതിഥേയത്വത്തിൽ രാജപുരം മാനടുക്കം സെന്റ് സെബാസ്റ്റ്യൻ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് പ്രകൃതി സഹവാസ ക്യാമ്പ് **"മഞ്ഞ് 2k 18"** നടത്തപ്പെട്ടു. വിവിധ ഫൊറോനകളിൽ നിന്നുമായി 60 യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പ് 1-ാം ക്ലാസ്സ് വിദ്യാർത്ഥിനികളായ ഷിബി കിഴക്കേവീട്ടിലും ട്രീസ തെക്കേ കാരിക്കാട്ടിലും ചേർന്ന് ഉദ്ഘാടനം ചെയ്തു. മലബാറിലെ ഊട്ടി എന്നറിയപ്പെടുന്ന റാണിപുരത്തേയ്ക്ക് നടത്തിയ **വനയാത്ര** ക്യാമ്പിനെ ആകർഷകമാക്കി. റാണിപുരം മലനിരകളുടെ സ്വാഭാവിക ഭംഗി നശിപ്പിക്കുന്ന പ്ലാസ്റ്റ്ക് മാലിന്യങ്ങൾ വനമേഖലയിൽ നിന്നും ശേഖരിച്ച് റാണിപുരത്തെ പ്ലാസ്റ്റിക് വിമുക്തമാക്കിക്കൊണ്ട് ക്യാമ്പംഗങ്ങൾ മാതൃകയായി. യുവജനങ്ങൾ ഗ്രൂപ്പ് തിരിഞ്ഞ് പ്രകൃതിയെ പഠിക്കുകയും ചെയ്തു. തുടർന്ന് റാണിപുരം റിസോർട്ടിൽ വച്ച് യുവജനങ്ങൾ തമ്മിൽ ഒരാത്മീയ ബന്ധം സ്ഥാപിക്കത്തക്കവിധത്തിൽ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. മൂന്നു ദിവസം നീണ്ടുനിന്ന ക്യാമ്പിന്റ സമാപനത്തിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ക്യാമ്പിന്റെ ആദ്യ അവസാനംവരെ ഞങ്ങളോടൊപ്പം എല്ലാ കാര്യങ്ങളിലും സജ്ജീവമായിരുന്ന മാനടുക്കം പള്ളി വികാരി റവ. ഫാ. മാത്യു ഇടമുളയിൽ അച്ചനും, കിരണിന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതിക്കും, ആൽബിന്റെ നേതൃത്വത്തിലുള്ള യൂണിറ്റ് ഭാരവാഹികൾക്കും കമ്മിറ്റിക്കാർക്കും കൈക്കാരന്മാർക്കും മാതൃവേദി അംഗങ്ങൾക്കും

ഇടവകാംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ശ്രീ. സുബിൻ പട്ടമാടിയിൽ മെമ്മോറിയൻ ബസ്റ്റ് ക്യാമ്പർ അവാർഡ്

മാനടുക്കത്തുവച്ചു നടത്തപ്പെട്ട മഞ്ഞ് 2k 18 സഹവാസ ക്യാമ്പിൽ പങ്കെടുത്ത യുവജനങ്ങളിൽ നിന്നും കുമാരി നിമിഷ ടോം മേമനയിൽ പ്രഥമ ശ്രീ. സുബിൻ മെമ്മോറിയൽ ബസ്റ്റ് ക്യാമ്പർ അവാർഡിന് അർഹയായി. അഭിനന്ദനങ്ങൾ.

## ആദരാഞ്ജലികൾ

കെ സി വൈ എം എസ് എം വൈ എം തലശ്ശേരി അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തകനായിരുന്ന ചെമ്പന്തൊട്ടി ഫൊറോന മുൻപ്രസിഡന്റ് ശ്രീ. സുബിൻ ജോസിന്റെ ആകസ്മിക നിര്യാണത്തിൽ അതിരൂപതാ സമിതി ഉൾപ്പെടെ അനേകം യുവജനങ്ങൾ സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. ദു:ഖാർത്തരായ കുടുംബാംഗങ്ങൾക്ക് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ. സുബിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

## ആർമി യുവജന കൺവെൻഷൻ സമാപനം

തലശ്ശേരി അതിരൂപത യുവജനവർഷത്തോടനുബന്ധിച്ച് കെ സി വൈ എം, എസ് എം വൈ എം ന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഏകദിന യുവജന കൺവെൻഷൻ ആർമി തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ ഡിസംബർ 30 ന് പേരാവൂർ ഫൊറോനയിൽ സമാപനം കുറിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

"തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ചു." (യോഹ 3/16) സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പുത്തൻ സന്ദേശവുമായി വീണ്ടും ക്രിസ്തുമസ്സ് വന്നെത്തുകയായി. വചനം മാംസം ധരിച്ച് പുത്രൻ തമ്പുരാൻ ഒരു ശിശുവായി പിറന്നത് ഒരു കുടുംബത്തിലായിരുന്നു. അത് ഈ ഭൂമിയിലെ സകലകുടുംബങ്ങളെയും രക്ഷാകരമായ ദൈവീക പദ്ധതിയിലേക്ക് നയിക്കുവാനായിരുന്നു. പരസ്പരം സ്നേഹം പങ്കിട്ടുകൊണ്ട് ഇല്ലാത്തവരുമായി നമുക്കുള്ളത് പങ്കുവച്ചുകൊണ്ട് സ്നേഹം പങ്കിടാനായി ദൈവം മനുഷ്യനായതിന്റെ സന്തോഷവും സമാധാനവും അനുഭവിക്കാൻ നമുക്കൊരുങ്ങാം. ഓരോ കുടുംബവും നസ്രത്തിലെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ രൂപപ്പെടട്ടെ.

## I. 1) ദിയാക്കോണിയ പ്രോഗ്രാം

വചന പഠനത്തിനായി പ്രത്യേകം ശ്രദ്ധിക്കാം. ദൈവവചന സ്റ്റിക്കറുകൾ ഫാമിലി അപ്പൊസ്റ്റൊലേറ്റ് തയ്യാറാക്കിയിരിക്കുന്നത് എല്ലാവീടുകളിലും മാതൃവേദി അംഗങ്ങൾ എത്തിച്ചുകൊടുക്കുക. വചനത്തിനനുസൃതമായ ജീവിതസാക്ഷ്യം നൽകുന്നതിനായി ദത്തുഭവനങ്ങളെ സഹായിക്കുക.

## 2) ദമ്പതീ ക്വിസ്സ് - 2018

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ദമ്പതീ ക്വിസ്സ് 2018 നവംബർ 10-ാം തിയ്യതി രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടത്തപ്പെട്ടു. നെല്ലിക്കാംപൊയിൽ മേഖലയിലെ കാലാങ്കി ഇടവകാംഗം കൊളത്തുവീട്ടിൽ ബേബി, ജോളി ദമ്പതികൾക്ക് ഒന്നാം സ്ഥാനവും, വെള്ളരിക്കുണ്ട് മേഖലയിലെ ചുള്ളി ഇടവക അറക്കൽ സണ്ണി, സലീല ദമ്പതികൾ രണ്ടാം സ്ഥാനവും നെല്ലിക്കാംപൊയിൽ മേഖല മണിക്കടവ് ഇടവകയിലെ നരിമറ്റത്തിൽ ജോസ്, ത്രേസ്യാമ്മ ദമ്പതികൾ മൂന്നാം സ്ഥാനവും, പേരാവൂർ മേഖല കൊളക്കാട് ഇടവകയിലെ മനോജ്, റോസ്‌ലിൻ മടിയത്ത് നാലാം സ്ഥാനവും എടൂർ മേഖല കരിക്കോട്ടക്കരി ഇടവകാംഗം മനോജ്, മഞ്ജുഷ കണ്ടത്തിൽ അഞ്ചാം സ്ഥാനവും കരസ്ഥമാക്കി. കൂടാതെ പൈസക്കരി ഇടവകാഗം സിബിച്ചൻ, ജിൻസി പള്ളിച്ചിറ, ഇടപ്പുഴ ഇടവകാംഗം ജേക്കബ്ബ്, ലിന്റു ഒറ്റത്തെങ്ങുംങ്കൽ, മാവുംചാൽ ഇടവകാംഗം ജെയിംസ്, എൽസി ആകപ്പള്ളിൽ എന്നിവർ പ്രോത്സാഹന സമ്മാനങ്ങൾക്ക് അർഹരായി. വിജ

യികൾക്ക് തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. അബ്രാഹം പോണാട്ട് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, അതിരൂപതാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി റെജി പോത്തനാമുഴി എന്നിവർ ഏവർക്കും ആശംസകളും അഭിനന്ദനങ്ങളും നേർന്നു. ദമ്പതീ ക്വിസ്സ് മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അവരെ അതിനായി തയ്യാറാക്കിയ മേഖല, യൂണിറ്റ് ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

## 3) ജീവോത്സവം – 2018 – തലശ്ശേരി

ജീവൻ നൽകാനും സംരക്ഷിച്ച് വളർത്താനുമുള്ള വിളിയാണ് മാതൃത്വവും പിതൃത്വവും. ഓരോ കുഞ്ഞും ദമ്പതികളുടെ സ്നേഹ കൂട്ടായ്മയുടെ അടയാളങ്ങളാണ് . ഈ ആധുനിക കാലഘട്ടത്തിൽ ജീവന്റെ മൂല്യം തിരിച്ചറിഞ്ഞ് കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ പലരും മടികാണിക്കുന്നതുകൊണ്ട് കൂടുതൽ അണുകുടുംബങ്ങൾ രൂപപ്പെടുന്നു. എന്നാൽ ചുരുക്കം ചിലരെങ്കിലും ജീവന്റെ മഹത്വം മനസ്സിലാക്കി, ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകരിച്ച് കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം കൊടുക്കുവാൻ തയ്യാറാകുന്നു. കാലത്തിന്റെ ഒഴുക്കിനെതിരെ നീങ്ങുന്ന അവർക്ക് പ്രോത്സാഹനമേകാൻ അവരുടെ ക്രിസ്തീയ സാക്ഷ്യത്തിന് ബലമേകുവാൻ തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റും പ്രോലൈഫ് കൂട്ടായ്മയും, മാതൃവേദിയും സംയുക്തമായി ജീവോത്സവം 2018 സംഘടിപ്പിക്കുന്നു.നാലും അതിൽ കൂടുതലും മക്കളുള്ള പുതിയ തലമുറയിലെ കുടുംബങ്ങളെ ആദരിക്കുന്ന ഈ സ്നേഹസംഗമത്തിൽ പങ്കുചേരാൻ ഏവരെയും ക്ഷണിക്കുന്നു.

| | | |
|---|---|---|
| തീയതി | : | 2018 ഡിസംബർ 22 ശനി |
| സമയം | : | 10:30 am |
| സ്ഥലം | : | സന്ദേശഭവൻ |

**പങ്കെടുക്കുന്നവർ :** 4 ഉം അതിൽ കൂടുതൽ കുട്ടികളുമുള്ള കുടുംബം ഇളയകുട്ടി 2015 ജനുവരി 1 ന് ശേഷം ജനിച്ചതായിരിക്കണം. പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ഡിസംബർ 8 ന് മുമ്പായി ഓഫീസിൽ വിളിച്ചറിയിക്കുവാൻ ശ്രദ്ധിക്കണെ. **ഫോൺ : 9400206974**

## 4) സഖറിയാസ് കൺവെൻഷൻ

60 വയസ്സിന് മുകളിൽ പ്രായമുള്ള ദമ്പതികൾക്കു വേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം. ചെമ്പന്തൊട്ടി ഫൊറോനയ്ക്കു വേണ്ടി സഖറിയാസ് കൺവെൻഷൻ ഡിസംബർ 17, 18, 19 തിയ്യതികളിൽ ചെമ്പന്തൊട്ടി ഫൊറോന ദേവാലയത്തിൽ വച്ച് നടത്തുന്നതാണ്. ദമ്പതികളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

## കല്ലുമുതിരക്കുന്ന്

നവംബർ 19, 20, 21 തിയ്യതികളിൽ പേരാവൂർ ഫൊറോനയ്ക്കുവേണ്ടി സഖറിയാസ് കൺവെൻഷൻ നടത്തപ്പെട്ടു. 60 വയസ്സിനു മുകളിൽ പ്രായമുള്ള 400 ഓളം പേർ പങ്കെടുത്തു. മാർ ജോസഫ് പാംപ്ലാനി, ഫാ.തോമസ് കൊച്ചുകരോട്ട്, ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ എന്നിവർ കൺവെൻഷൻ ദിവസങ്ങളിൽ വി.കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. പേരാവൂർ മേഖലയിലെ മാതൃവേദി അംഗങ്ങൾ കൺവെൻഷനു ഒരുക്കമായി ഹോം മിഷൻ നടത്തുകയും ധ്യാന ദിവസങ്ങളിൽ സഹായിക്കുകയും ചെയ്തു. പേരാവൂർ മേഖലയിലെ മാതൃവേദി അംഗങ്ങൾ, മേഖലാ ഡയറക്ടർ ഫാ. അനീഷ് കുളത്തറ കൺവെൻഷനു നേതൃത്വം നൽകിയ മലബാർ ക്രിസ്റ്റീൻ ടീം അംഗങ്ങൾ എന്നിവരെ നന്ദിയോടെ അനുസ്മരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

## 5) തൂവാനീസ

കെ.എസ്.ടി യുടെ കീഴിൽ പ്രവർത്തിക്കുന്ന തൂവാനീസ (ഭാഗ്യവതി) മിനിസ്ട്രിയോട് സഹകരിച്ച് മാതൃവേദി അംഗങ്ങളും ചെയിൻ റോസറി നടത്തി സഭയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് അഭിവന്ദ്യപിതാക്കന്മാർ ആഗ്രഹിക്കുന്നു. വെഞ്ചരിച്ച ജപമാലകൾ കൈമാറി തുടർച്ചയായി നടത്തുന്ന ജപമാലകൾ മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥനാ ചൈതന്യം പോഷിപ്പിക്കുവാൻ സഹായകമാണ്.

## 6) അറിയിപ്പുകൾ

1) ഡിസംബർ മാസത്തിൽ ദിയാക്കോണിയ പ്രവർത്തനഭാഗമായി വചനപ്രചരണത്തിനു വേണ്ടിയുള്ള സ്റ്റിക്കറുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ഭവനത്തിലും സ്ഥാപിക്കാൻ മനോഹരമായ വചനങ്ങൾ അടങ്ങിയ വചന സ്റ്റിക്കറുകളാണ്. ഓരോ യൂണിറ്റിനും എത്ര വേണമെന്ന് ഓർഡർ ശേഖരിച്ച് മേഖലാ ഭാരവാഹികൾ ഓഫീസിൽ അറിയിക്കുക. (സ്റ്റിക്കർ ഒന്നിന് 3 രൂപ. മോഡൽ വാട്ടസ് ആപ്പ് ഗ്രൂപ്പിൽ കൊടുത്തിട്ടുണ്ട്)

2) എല്ലാ മാതൃവേദി അംഗങ്ങളും ഒരു അംഗത്വ കാർഡ് എടുക്കുവാൻ ശ്രദ്ധിക്കുക. അംഗത്വ കാർഡിൽ ഒട്ടിക്കുന്ന ഫോട്ടോ സ്റ്റാമ്പ് സൈസ് ആയിരിക്കുന്നതാണ് നല്ലത്. (അംഗത്വ കാർഡ് കവറോടു കൂടി വില ഒന്നിന് 10 രൂപ)

3) 2018 ലെ അംഗത്വ സ്വീകരണവും നവീകരണവും നടത്താത്ത ഇടവകകൾ അമലോത്ഭവ തിരുനാൾ ദിനമായ ഡിസംബർ 8 ന് അത് നടത്താൻ ശ്രദ്ധിക്കുമല്ലോ. അമലോത്ഭവ മാതാവിന് തങ്ങളെത്തന്നെ സമർപ്പിച്ച് ദിവ്യബലിയിൽ സംബന്ധിച്ച് ഒരുക്കത്തോടെ വി.കുർബ്ബാന സ്വീകരിക്കാൻ പരിശ്രമിക്കാം.

4) തിരുക്കുടുംബ തിരുനാൾ ദിനമായ ഡിസംബർ 30 ന് ഓരോ യൂണിറ്റിലും മാതൃവേദിയുടെ നേതൃത്വത്തിൽ കുടുംബദിനമായി ആചരിക്കുക. വി. കുർബ്ബാന മദ്ധ്യേ ദമ്പതികൾ ഒരുമിച്ച് വിവാഹ പ്രതിജ്ഞ പുതുക്കുകയും കുടുംബങ്ങളെ സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുക.

5) മാതൃവേദി യൂണിറ്റ്, മേഖലാതല വാർഷിക റിപ്പോർട്ടുകൾ ഡിസംബർ 29-നകം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## II. പ്രോലൈഫ് നൈറ്റ് വിജിൽ - ശ്രീകണ്ഠാപുരം

25.10.2018 വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് നെടിയങ്ങ പ്രോലൈഫ് ഓഫീസിൽ വച്ച് പ്രോലൈഫ് അംഗങ്ങൾ റവ.ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ യുടെ നേതൃത്വത്തിൽ ഒന്നിച്ചുകൂടുകയും പ്രോലൈഫ് പ്രവർത്തനങ്ങളെ വിലയിരുത്തുകയും, തീരുമാനങ്ങൾ എടുക്കുകയും, പ്രാർത്ഥനാ യോഗം നടത്തി പിരിയുകയും ചെയ്തു.

## III. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

831, 832, 833 എന്നീ എം.പി.സി കോഴ്സുകൾ ഒക്ടോബർ 23–25, നവംബർ 6–8, നവംബർ 13–15 എന്നീ തീയ്യതികളിൽ പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, തല ശ്ശേരി സന്ദേശഭവൻ, എന്നീ സ്ഥലങ്ങളിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 163 ആൺകുട്ടികളും 200 പെൺകുട്ടികളും ഉൾപ്പെടെ ആകെ 363 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 1) എം.പി.സി പേരന്റ്സ് മീറ്റ്

പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, തലശ്ശേരി സന്ദേശഭ വനിൽ എന്നീ സ്ഥലങ്ങളിൽ വച്ച് വച്ച് ഒക്ടോബർ 25, നവംബർ 8, നവം ബർ 15 എന്നീ തീയ്യതികളിൽ എം പി സി 831, 832, 833 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുക യുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ക്ലാസ്സ് നയിച്ചു.

### 2) പ്രീ മാരിറ്റൽ കൗൺസലിംഗ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 831, 832, 833 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽ നിന്നും ആവശ്യപ്പെട്ടതനു സരിച്ച് പ്രീ–മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

### 3. MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

### പ്രത്യേക ശ്രദ്ധയ്ക്ക്:–

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാ പിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. മാതാപി താക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗര വമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേ ണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ.
- എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. ഇനി മുതൽ Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്‌ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചു തരിക. അതോടൊപ്പം രജിസ്ട്രേഷൻ നടത്തിയ നമ്പർ അയക്കുക. വാട്ട്സ് ആപ്പ് നമ്പർ : 9400206974
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

**Family Apostolate, Contact Number: 0490 2343414, Mob: 9400206974**

## Account Details :

**Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JANUARY | 8 - 10 | 22 – 24 | 15 - 17 |
| FEBRUARY | 5 - 7 | 26 – 28 | Nil |
| MARCH | 5 – 7 | 12 – 14 | 26 - 28 |
| APRIL | 2 – 4, 23 - 25 | Nil | 9 - 11 |
| MAY | 21 - 23 | 7 - 9 | Nil |
| JUNE | 25 - 27 | 11 - 13 | Nil |
| JULY | 9 – 11 | Nil | 23 - 25 |
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 3 – 5 | 17 – 19 | 10 – 12 |

## IV. അനുഗ്രഹ മാര്യേജ് ബ്യൂറോ (www.anugrahamarry.com)

വിവാഹവേദിയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ബ്യൂറോ പ്രവർത്തിച്ചു വരുന്നു. ഇന്നിത് സീറോ മലബാർ മാര്യേജ് ബ്യൂറോ എന്നതിലേക്ക് എത്തിക്കഴിഞ്ഞു. എല്ലാ രൂപതകളുമായി ലിങ്ക് ചെയ്ത് വളരെ വിപുലമായ രീതിയിൽ പ്രവർത്തിച്ച് വരുന്നു. ഓൺലൈൻ രജിസ്ട്രേഷൻ അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## V. മാതൃവേദി

### 1) ജീവോത്സവം

- ജീവന്റെ മൂല്യത്തെക്കുറിച്ചുള്ള ക്ലാസുകൾ, സെമിനാറുകൾ, പദയാത്രകൾ തുടങ്ങിയവ നടത്തിക്കൊണ്ട് സമൂഹത്തിൽ ചലനം സൃഷ്ടിക്കുക.
- കൂടുതൽ കുഞ്ഞുങ്ങളെ വളർത്തുന്ന കുടുംബങ്ങൾക്ക് കുട്ടികളെ പഠിപ്പിക്കാൻ സന്മനസ്സുള്ള സ്പോൺസർമാരെ കണ്ടെത്തിക്കൊടുക്കുക.
- കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങളെ ഇടവകാ തലത്തിലും മേഖലാ തലത്തിലും ഒരുമിച്ച്കൂട്ടി സഹായങ്ങളും അഭിനന്ദനവും നൽകുക.
- ജീവനു ഭീഷണിയാകുന്ന അക്രമങ്ങൾക്കെതിരെ പ്രതികരിക്കുക.
- വൃദ്ധമാതാപിതാക്കൾ ബാധ്യതയല്ല, അനുഗ്രഹമാണ് എന്ന സന്ദേശം നൽകിക്കൊണ്ട് അവരെ സംരക്ഷിക്കാനുള്ള ബോധ്യം വളർത്തുക.
- മാരകമായ കീടനാശിനി, വിഷപ്രയോഗങ്ങൾക്കെതിരെ പ്രതികരിക്കുക.
- ഗർഭചിദ്രം കൊലപാതകമാണ് എന്ന ബോധ്യം ജനിപ്പിച്ച് അതിനെ തടയുക.

### 2) ജ്വാല - കുന്നോത്ത്

2018 ഒക്ടോബർ 27 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ കുന്നോത്ത് മേഖലയുടെ ജ്വാല പ്രോഗ്രാം കുന്നോത്ത് ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. കുന്നോത്ത് മേഖല മാതൃവേദി ഡയറക്ടർ ഫാ.ജേക്കബ്ബ് കരോട്ട് സ്വാഗതം ആശംസിച്ചു. കുന്നോത്ത് മേഖലാ പ്രസിഡണ്ട് ശ്രീമതി ജെസ്സി പുറ്റാമറ്റം ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. കുന്നോത്ത് ഫൊറോനാ വികാരി റവ. ഫാ. ജോസഫ് ചാത്തനാട്ട് ചടങ്ങ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തി. സി.ജീസ് മാത്യു സി.എച്ച്.എഫ്, ബ്രദർ സച്ചിൻ കരക്കൊഴുപ്പിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. തുടർന്ന് സാൻജോസ് അക്കാഡമി ഡയറക്ടർ ഫാ.പയസ് പടിഞ്ഞാറേമുറിയിൽ ക്ലാസ്സ് നയിച്ചു. കുന്നോത്ത് മേഖലാ സെക്രട്ടറി ശ്രീമതി ജീന കുളത്തുംങ്കൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി രാജി പൈത്തോട്ടത്തിൽ കണക്കും അവതരിപ്പിച്ചു. കുന്നോത്ത് മേഖലാ ആനിമേറ്റർ സി.ഫിൽസി എസ്.എ.ബി.എസ് ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു. ജ്വാല പ്രോഗ്രാം നന്നായി നടത്തുവാൻ സഹകരിച്ച കുന്നോത്ത് മേഖലയ്ക്കും ഭാരവാഹികൾക്കും അനുമോദനങ്ങൾ.

## 3) ജ്വാല - പേരാവൂർ

2018 നവംബർ 3 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ പേരാവൂർ മേഖലയുടെ ജ്വാല പ്രോഗ്രാം കണിച്ചാർ സെന്റ് ജോർജ്ജ് ദേവാലയത്തിൽ വച്ച് നടന്നു. പേരാവൂർ മേഖല മാതൃവേദി ഡയറക്ടർ ഫാ.അനീഷ് കുളത്തറ സ്വാഗതം ആശംസിച്ച ചടങ്ങിൽ പേരാവൂർ മേഖലാ പ്രസിഡണ്ട് ശ്രീമതി ബീന കിഴക്കേൽ അദ്ധ്യക്ഷത വഹിച്ചു. കണിച്ചാർ ഇടവക വികാരി റവ.ഫാ.ജോർജ്ജ് തെക്കുംച്ചേരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തി. സി.ജീസ് മാത്യു സി.എച്ച്.എഫ്, ബ്രദർ സച്ചിൻ കരക്കൊഴുപ്പിൽ, പേരാവൂർ മേഖലാ ആനിമേറ്റർ സി.എൽസി ജെയിംസ് എസ്.എച്ച് എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. പേരാവൂർ മേഖലാ സെക്രട്ടറി ശ്രീമതി ഷൈനി കല്ലുപുരയ്ക്കൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി മേരി മോളത്ത് കണക്കും അവതരിപ്പിച്ചു. തുടർന്ന് ശ്രീ ടി.എം ജോസ് തയ്യിൽ ക്ലാസ്സ് നയിച്ചു. കണിച്ചാർ മേഖലാ ആനിമേറ്റർ സി.നോയൽ എസ്,എ.ബി.എസ് ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു. തുടർന്ന് പേരാവൂർ മേഖലയുടെ നേതൃത്വത്തിൽ പ്രളയ ബാധിതരായ കുടുംബങ്ങൾക്കായി നടപ്പിലാക്കുന്ന കോഴിയും കൂടും പദ്ധതിയുടെ ഉദ്ഘാടനം ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ നിർവ്വഹിച്ചു. ആദ്യഘട്ട ത്തിൽ അഞ്ച് കുടുംബങ്ങൾക്കാണ് കോഴിയും കൂടും വിതരണം ചെയ്തത്. എല്ലാ പ്രോഗ്രാമുകളും നല്ലരീതിയിൽ ക്രമീകരിച്ച പേരാവൂർ മേഖലാഭാരവാഹികൾക്കുംവാഹികൾക്കും കണിച്ചാർ യൂണിറ്റിനും അനുമോദനങ്ങൾ.

### മാതൃവേദി പ്രോഗ്രാംസ് - ഡിസംബർ

| | |
|---|---|
| ഡിസംബർ 1 | - സെനറ്റ് മീറ്റിംഗ് - തളിപ്പറമ്പ് (02.00 pm) |
| ഡിസംബർ 29 | - ജനറൽ ബോഡി - തളിപ്പറമ്പ് (10.00 am) |
| | - ജ്വാല - തളിപ്പറമ്പ് (02.00 pm) |
| ഡിസംബർ 22 | - ജീവോത്സവം തലശ്ശേരി (10.30 am) |

ജ്വാല പ്രോഗ്രാമുകൾക്ക് പങ്കെടുക്കുമ്പോൾ യൂണിറ്റുകളുടെ റിക്കാർഡുകളും പരിശോധനയ്ക്ക് കൊണ്ടുവരേണ്ടതാണ്.

## 4) ഡയറക്ടറച്ചന്റെ യൂണിറ്റ് സന്ദർശനങ്ങൾ

പടിയൂർ, കാലാങ്കി ഇടവകകളിൽ സന്ദർശനം നടത്തി ദിയാക്കോണിയ പ്രവർത്തനങ്ങൾ വിലയിരുത്തി.

## 5) സമ്പൂർണ്ണ മാതൃവേദി - മാവുംചാൽ

നവംബർ 4-ാം തീയതി മാവുംചാൽ ഇടവകയിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ വി. കുർബ്ബാനയർപ്പിക്കുകയും മാവുംചാൽ യൂണിറ്റിനെ സമ്പൂർണ്ണ മാതൃവേദിയായി പ്രഖ്യാപിക്കുകയും ചെയ്തു. ഇടവകയിലെ മുഴുവൻ അമ്മമാരെയും മാതൃവേദിയിൽ പ്രവർത്തിക്കാൻ ഒരുക്കിയ യൂണിറ്റ് ഡയറക്ടർ ലിൻസ് വെട്ടിയോലിൽ അച്ചനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ

## 6) ഹരിതം 2018

പച്ചക്കറികൾ, ഔഷധ സസ്യങ്ങൾ, പൂച്ചെടികൾ, ഫലവൃക്ഷത്തൈകൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയ ജൈവ കൃഷികളാണ് വില യിരുത്തുന്നത്. (അടുക്കളത്തോട്ടം) മേഖലാ തലത്തിൽ രണ്ട് പേരെ തെര ഞ്ഞെടുത്ത് ഡിസംബർ 8 ന് മുമ്പായി ഓഫീസിൽ പേര് വിവരം നൽകണം. ഡിസംബർ 22 ന് മുമ്പായി രൂപതാതലത്തിലുള്ള വിലയിരുത്തൽ നടത്തുന്ന താണ്.

## 7) അതിരൂപതാ സെനറ്റ് മീറ്റിംഗ് – തളിപ്പറമ്പ്

തലശ്ശേരി അതിരൂപതാ മാതൃവേദി സെനറ്റ് മീറ്റിംഗ് ഡിസംബർ 1 ന് ഉച്ചയ്ക്ക് 2 മണിക്ക് തളിപ്പറമ്പ് സെൻ്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നട ത്തപ്പെടുന്നു. അതിരൂപതാ ഭാരവാഹികളും മേഖലാ പ്രസിഡണ്ട്മാരും മേഖലാ സെനറ്റ് മേമ്പേഴ്സിൽ നിന്ന് ഒരാളുമാണ് മീറ്റിംഗിൽ പങ്കെടുക്കേണ്ടത്.

## 8) മാതൃവേദി ജനറൽ ബോഡി മീറ്റിംഗ് – തളിപ്പറമ്പ്

തലശ്ശേരിഅതിരൂപതാമാതൃവേദി ജനറൽബോഡിമീറ്റിംഗ് ഡിസംബർ 29 ന് ശനിയാഴ്ചരാവിലെ 10 മണിക്ക്തളിപ്പറമ്പ് സെൻ്റ്മേരീസ് പള്ളിഓഡിറ്റോ റിയത്തിൽവച്ച് നടത്തപ്പെടുന്നു. രൂപതാ ഭാരവാഹികൾ, മേഖല ആനിമേ റ്റർ, മേഖല പ്രസിഡണ്ട്, മേഖലസെക്രട്ടറി, മേഖല ട്രഷറർ, മേഖലസെനറ്റ് മേമ്പേഴ്സിൽ നിന്നുംഒരാൾ, യൂണിറ്റ് പ്രസിഡണ്ട്എന്നിവരാണ്മീറ്റിംഗിൽ പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവരുടെഎണ്ണംഡിസംബർ 8 ന് മുമ്പായി ഓഫീ സിൽഅറിയിക്കേണ്ടതാണ്.

### 9) മേഖലാ/യൂണിറ്റ്റിപ്പോർട്ടുകൾ

മാതൃവേദിയൂണിറ്റ്, മേഖലാറിപ്പോർട്ടുകൾഡിസംബർ 29 ന് നടക്കാ നിരിക്കുന്ന ജനറൽബോഡിമീറ്റിംഗിലോഅതിനു മുമ്പായോ ഓഫീ സിൽഎത്തിക്കേണ്ടതാണ്. അതിനു ശേഷം നൽകുന്ന റിപ്പോർട്ടുകൾവില യിരുത്തലിനായി പരിഗണിക്കുന്നതല്ല.

## 10) മേഖലാതല പ്രവർത്തനങ്ങൾ

### ഹീലിംഗ് മീൽസ് – കാഞ്ഞങ്ങാട്

25.10.2018 ന് കാഞ്ഞങ്ങാട് മേഖലാ മാതൃവേദി മലപ്പച്ചേരിയിൽ ഉള്ള ന്യൂ മലബാർ പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികളെ സന്ദർശി ക്കാൻ ബഹു.ഡയറക്ടർ അനൂപച്ചൻ്റെ നേതൃത്വത്തിൽ ഏഴു ഇടവകകളിൽ നിന്നായി 25 അമ്മമാർ അവിടെ പോയി. 15300 രൂപയും 9562 രൂപയുടെ സാധനങ്ങളും, വട്ടയപ്പവും പഴങ്ങളും അവർക്ക് കൊണ്ടുപോയി കൊടുത്തു. അച്ചൻ്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ അച്ചനും മേഖലാ പ്രസി ഡണ്ടും വിവിധ ഇടവകകളിലെ ആനിമേറ്റർ സിസ്റ്റർമാരും ആശംസ അർപ്പിച്ചു സംസാരിച്ചു. അമ്മമാരും അവിടുത്തെ അന്തേവാസികളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ചാക്കോ ചേട്ടൻ അന്തേവാസികളെക്കു റിച്ചും അവിടുത്ത പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചു.

## VI. പ്രോലൈഫ് നൈറ്റ് വിജിൽ - ശ്രീകണ്ഠാപുരം

25.10.2018 വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് നെടിയങ്ങ പ്രോലൈഫ് ഓഫീസിൽ വച്ച് പ്രോലൈഫ് അംഗങ്ങൾ റവ.ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ യുടെ നേതൃത്വത്തിൽ ഒന്നിച്ചുകൂടുകയും പ്രോലൈഫ് പ്രവർത്തനങ്ങളെ വിലയിരുത്തുകയും തീരുമാനങ്ങൾ എടുക്കുകയും, പ്രാർത്ഥനാ യോഗം നടത്തി പിരിയുകയും ചെയ്തു.

## VII. ഹോം മിഷൻ - മണ്ടളം

മണ്ടളം സെന്റ് ജൂഡ് ഇടവകയിൽ നവംബർ 12 മുതൽ 18 വരെ തല ശ്ശേരി അതിരൂപതാ ഹോം മിഷൻ ടീം അംഗങ്ങൾ ഹോം മിഷൻ വിജയക രമായി നടത്തി. 420 ഭവനങ്ങൾ ഉള്ള മണ്ടളം ഇടവകയിൽ 6 കോൺഗ്രിഗേ ഷനിൽനിന്നായി 24 സിസ്റ്റേഴ്സ് ഹോംമിഷനിൽ പങ്കുചേർന്നു. എസ്.എച്ച്, സി.എം.സി, എസ്.എ.ബി.എസ്, എൻ.എസ്, എം.എസ്.എം.ഐ, എസ്.കെ. ഡി, എഫ്.സി.സി എന്നീ കോൺഗ്രിഗേഷനിൽ നിന്നുള്ള 24 സിസ്റ്റേഴ്സ് 6 ടീം ആയി ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് കുടുംബാംഗങ്ങളുടെ വിഷമങ്ങളും കുടുംബ പ്രശ്നങ്ങളും കേട്ടറിഞ്ഞ് ആശ്വസിപ്പിക്കുകയും കൂടു തൽ സുദൃഢമായ കുടുംബബന്ധങ്ങളിലേക്ക് കടന്നുവരാൻ സഹായിക്കു കയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രാർത്ഥനാ കൂട്ടായ്മക ളിലൂടെ ഐക്യവും സ്നേഹവും വളർത്താൻ സാധിച്ചു. ഫാമിലി അപ്പൊ സ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ 12-ാം തീയ്യതി വൈകിട്ടി ഹോം മിഷൻ ടീം അംഗങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചർച്ച നടത്തി പ്രാർത്ഥിച്ച് ഒരുക്കുകയും ചെയ്തു. അവസാന ദിവസം മാതാപിതാ ക്കൾക്കും, യുവജനങ്ങൾക്കും, കുട്ടികൾക്കും ഗ്രൂപ്പുകളായിത്തിരിച്ച് ക്ലാസു കൾ നൽകി. എല്ലാറ്റിനും നേതൃത്വവും സഹായസഹകരണങ്ങളും നൽകിയ മണ്ടളം ഇടവക വികാരി ഫാ.ജോസ് പൂവന്നിക്കുന്നേലച്ചൻ, കൈക്കാരന്മാർ, കോർഡിനേറ്റർ, ഇടവകയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ്, വാർഡ് പ്രതിനിധി കൾ എന്നിവർക്കും ഹോംമിഷൻ നടത്തിയ ബഹു.സിസ്റ്റേഴ്സിനും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അനുമോദനങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## പ്രൊബേഷൻ പൂർത്തീകരണം

സർക്കാർ ഉത്തരവ് ജി.ഒ.(പി) 308/2013 പ്രകാരം 1/06/11 നും അതിനു ശേഷവും സേവനത്തിൽ പ്രവേശിപ്പിച്ച അധ്യാപകർക്ക് പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കാൻ കമ്പ്യൂട്ടർ പരിശീലനം 45 മണിക്കൂർ പൂർത്തിയാക്കിയതായ സർക്കാർ അംഗീകൃത സാക്ഷ്യപത്രം ഉണ്ടായിരിക്കണം. അതോടൊപ്പം കെ ടെറ്റും നിർബന്ധമാക്കിയിരിക്കുകയാണ്. ആയതിനാൽ മേൽ സൂചിപ്പിച്ച യോഗ്യതകൾ ഇല്ലാത്തവർ ഉടൻ നേടണമെന്ന് ഓർമ്മിപ്പിക്കുന്നു.

പ്രധാനാധ്യാപകൻ മുകളിൽ സൂചിപ്പിച്ച യോഗ്യതയുള്ളവരെ മാത്രമേ പ്രൊബേഷൻ പൂർത്തീകരണത്തിനായി നിർദ്ദേശിച്ച് അയക്കാവുള്ളൂ. പ്രൊബേഷൻ കാലഘട്ടത്തിൽ ക്ലാസുകളും സ്കൂളിലെ ഇതര പ്രവർത്തനങ്ങളും വിലയിരുത്തി കൃത്യമായ റിപ്പോർട്ട് കോർപ്പറേറ്റ് ഓഫീസിൽ നൽകണം. ചിലർക്കെങ്കിലും പ്രൊബേഷൻ കാലഘട്ടം നീട്ടിവെക്കേണ്ടത് ആവശ്യമായി വരും. വിദ്യാലയങ്ങളുടെയും വിദ്യാർത്ഥികളുടെയും മികവായിരിക്കണം പ്രധാന ലക്ഷ്യം.

അധ്യാപകരുടെ കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യതയുടെ കാര്യത്തിലുള്ള വിട്ടുവീഴ്ച്ച വരും തലമുറയോട് ചെയ്യുന്ന അപരാധമായിരിക്കും. അധ്യാപകരുടെ കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ട്രയിനിംഗ്, സ്കൂൾ തലത്തിൽ അവരുടെ ചിലവിൽ നടപ്പിലാക്കണം. സ്കൂൾ അധ്യയന സമയം ഇതിനായി വിനിയോഗിക്കരുത്. രാവിലെയും വൈകുന്നേരവും അധ്യാപകർക്ക് കമ്പ്യൂട്ടർ പഠനത്തിനായി ട്യൂഷൻ ക്ലാസുകൾ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ചില അധ്യാപകർ കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടെന്ന് പറയുന്നുണ്ട്. എന്നാൽ അത് വളരെ പരിമിതമായ അറിവാണ്.എല്ലാ അധ്യാപകർക്കും ലാപ്ടോപ്പ് സ്വന്തമായി ഉണ്ടായിരിക്കണം. ഓരോ ദിവസവും കമ്പ്യൂട്ടർ പരിജ്ഞാനത്തിൽ വളരാൻ പരിശ്രമിക്കണം.

## വിജ്ഞാന കൈരളി പ്രചരിപ്പിക്കരുത്.

നമ്മുടെ വിദ്യാലയങ്ങൾ ന്യൂനപക്ഷ പദവിയുള്ള വിദ്യാലയങ്ങളാണല്ലോ. ഭരണഘടന അനുവദിക്കുന്ന അവകാശങ്ങളോടെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ, വിദ്യാലയം സ്ഥാപിക്കുകയും ദൈനംദിന ഭരണനിർവഹണം നടത്തുകയും ചെയ്യുന്ന ന്യൂനപക്ഷത്തിന്റെ സംസ്കാരം നിലനിർത്തണമെന്ന് ഭരണഘടനാ ശിൽപികൾ സ്വപ്നം കണ്ടിരുന്നു.

എന്നാൽ മതനിരാസത്തിന്റെയും അവഹേളനത്തിന്റെയും ആശയങ്ങളും ആഹ്വാനങ്ങളും സർക്കാർ സംവിധാനങ്ങളിൽ നിന്ന് പ്രചരിക്കുന്നത് ഖേദകരവും ഭരണഘടനാ വിരുദ്ധവുമാണ്. കേരള സർക്കാർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണമായ വിജ്ഞാനകൈരളി ക്രൈസ്തവ മതവിശ്വാസവിരുദ്ധമായ ആശയങ്ങൾ വിദ്യാർത്ഥികളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതായി അറിയുന്നു. അതിനാൽ നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ വിജ്ഞാനകൈരളി എന്ന പ്രസീദ്ധീകരണം വിതരണം ചെയ്യരുതെന്ന് അറിയിക്കുന്നു. മതസാഹോദര്യവും, വിവിധ മതങ്ങളെയും മതവിശ്വാസികളെയും അവരുടെ ആശയങ്ങളെയും ആദരിക്കുന്ന സംസ്ക്കാരവും വിദ്യാർത്ഥികളിൽ വളരാൻ ഉതകുന്ന പുസ്തകങ്ങളും, മാസികകളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ അധ്യാപകർ ശ്രദ്ധിക്കണം. ന്യൂനപക്ഷ സംസ്ക്കാരത്തിനും വിശ്വാസത്തിനുമെതിരെ അപകീർത്തികരമായ പ്രസ്താവനകൾ നടത്തുന്ന പ്രസിദ്ധികരണങ്ങൾക്കെതിരെ പ്രതികരിക്കണമെന്നും ആഹ്വാനം ചെയ്യുന്നു. ഈ പ്രസിദ്ധീകരണം നടത്തുന്ന മത്സരങ്ങളും പരീക്ഷകളും നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കരുതെന്നും അറിയിക്കുന്നു.

## വിദ്യാലയ ടൂർ

പ്രവർത്തിദിനങ്ങളിൽ വിദ്യാലയ ടൂർ നടത്താൻ പാടില്ല എന്ന ഉത്തരവ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഇറക്കിയിട്ടുണ്ട്. ആയതിനാൽ പ്രവർത്തി ദിനങ്ങളിലും ഞായറാഴ്ചകളിലും ടൂർ നടത്താൻ പാടില്ല. ഞായറാഴ്ച ദിവസങ്ങൾ ഉൾപ്പെടുന്ന രീതിയിൽ ടൂർ പാടില്ല എന്ന് കഴിഞ്ഞ വർഷം തന്നെ സർക്കുലറിലൂടെ സൂചിപ്പിച്ചിരുന്നതാണ്. എന്നാൽ, പല സ്കൂളുകളിലും ഈ കാര്യങ്ങൾ അവഗണിച്ചും ശ്രദ്ധിക്കാതെയും ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്കും മതബോധനത്തിനും കുട്ടികൾക്ക് പങ്കെടുക്കാൻ സാധിക്കാത്ത രീതിയിൽ ടൂർ ചില സ്കൂളുകളിൽ നിന്ന് ക്രമീകരിക്കുന്നതായി അറിയുന്നു. ഇത് ആവർത്തിക്കാൻ പാടില്ല. നമ്മുടെ വിദ്യാലങ്ങളിൽ യാതൊരു കാരണവശാലും ഞായറാഴ്ച ദിവസങ്ങളിൽ ടൂർ ക്രമീകരിക്കരുത്. ക്രിസ്തുമസ് അവധിക്കാലത്തോ അല്ലെങ്കിൽ മറ്റ് അവധി ദിനങ്ങളിലോ മാത്രം കേന്ദ്രീകരിച്ച് വിദ്യാലയ ടൂർ ക്രമീകരിക്കണമെന്ന് പ്രധാനാധ്യാപകരെ ഓർമ്മിപ്പിക്കുന്നു.

## മെയിന്റനൻസ് ഗ്രാന്റ്

നമ്മുടെ സ്കൂളുകളുടെ 2018–19 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് അപേക്ഷകൾ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിച്ചിട്ടുണ്ട്. അനുബന്ധമായി സമർപ്പിക്കേണ്ട അക്കൗണ്ട് ബുക്ക്, വൗച്ചർ എന്നിവ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓരോ സ്കൂളിനും വേണ്ടി വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് കത്തുകൾ വരുന്നുണ്ട്. ആയതിനാൽ ഉടൻ തന്നെ മുകളിൽ

സൂചിപ്പിച്ച രേഖകൾ വിദ്യാഭ്യാസ ഓഫീസുകളിൽ ഹാജരാക്കി മെയിന്റനൻസ് ഗ്രാന്റ് ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണം. മുൻവർഷങ്ങളിലെ ഗ്രാന്റ് ലഭ്യമാക്കണം.

**സംസ്ഥാനതല വിജയികൾ**

തേർത്തല്ലി മേരിഗിരി ഹയർസെക്കണ്ടറി സ്കൂളിലെ കായിക മത്സരത്തിൽ വിജയികളായവർ

ഹാൻഡ്ബോൾ : നിഖിൽ തോമസ്, അലീന ആൽബർട്ട്, സ്നേഹ മോൾ ജോസഫ്

ബോക്സിങ്ങ് : ക്രിസ്റ്റീന ജോഷി, ജോസ്മി ജോസഫ്

ബാറ്റ്മിന്റൺ (എച്ച്.എസ് വിഭാഗം) : പോൾ ജോൺ

## സദ്ഗമയ പി. ടി. ചാക്കോ പ്രസംഗ മത്സര വിജയികൾ

**എടൂർ സെന്റർ**

**എൽ.പി വിഭാഗം**

ഒന്നാം സ്ഥാനം : നന്ദിത വത്സൻ സെന്റ് ജോസഫ് യു.പി സ്കൂൾ കുന്നോത്ത്

രണ്ടാം സ്ഥാനം : ദിയ അൽഫോൻസ ഷെറിൻ വയത്തൂർ യു.പി.എസ് ഉളിക്കൽ

മൂന്നാം സ്ഥാനം : അന്ന മേരി ബിനു മഞ്ഞളാംപുറം യു.പി സ്കൂൾ

**യു.പി വിഭാഗം**

ഒന്നാം സ്ഥാനം : സജിന സജി വയത്തൂർ യു.പി.എസ് ഉളിക്കൽ

രണ്ടാം സ്ഥാനം : ജിയോ അരുൺ സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ് വീർപ്പാട്

രണ്ടാം സ്ഥാനം : എലിസബത്ത് തോമസ് സെന്റ് ജോസഫ്സ് യു.പി സ്കൂൾ കുന്നോത്ത്

മൂന്നാം സ്ഥാനം : നന്ദഗോപൻ കെ.എസ് സെന്റ് ജോസഫ്സ് യു.പി സ്കൂൾ കുന്നോത്ത്

**എച്ച്.എസ് വിഭാഗം**

ഒന്നാം സ്ഥാനം : ഡാരിസ് ബെന്നി സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ് വെളിമാനം

രണ്ടാം സ്ഥാനം : റിച്ച റോസ് സോണി സെന്റ് മേരീസ് എച്ച്.എസ്.എസ് എടൂർ

മൂന്നാം സ്ഥാനം: ഹറോൾഡ് ജിസ് സേക്രട്ട് ഹാർട്ട് എച്ച്.എസ്.എസ് അങ്ങാടിക്കടവ്

**ചെമ്പേരി സെന്റർ**

**എച്ച്.എസ്.എസ് വിഭാഗം**

ഒന്നാം സ്ഥാനം : അലൻ കരിഷ്മ ജോസഫ് സെന്റ് മേരീസ് എച്ച്.എസ്.എസ് എടൂർ

രണ്ടാം സ്ഥാനം : തെരേസ് മരിയ പ്രിൻസ് സെന്റ് തോമസ് എച്ച്.എസ്.എസ് തോമാപുരം

മൂന്നാം സ്ഥാനം : മിഥില മാത്യു സെന്റ് തോമസ് എച്ച്.എസ്. എസ് കിളിയന്തറ

**വായാട്ടുപറമ്പ സെന്റർ**

**എൽ.പി വിഭാഗം**

| | |
|---|---|
| ഒന്നാം സ്ഥാനം : ജോൺ എൽസ് ടോം | തോമാപുരം എൽ.പി |
| രണ്ടാം സ്ഥാനം : ലയ മരിയ ബെന്നി | വായാട്ടുപറമ്പ യു.പി |
| മൂന്നാം സ്ഥാനം : ആനിയ സുനിലൽ | പുലിക്കുരുമ്പ യു.പി |

**യു.പി വിഭാഗം**

| | |
|---|---|
| ഒന്നാം സ്ഥാനം : നിയ ബെന്നി | പാലാവയൽ എച്ച്.എസ് |
| രണ്ടാം സ്ഥാനം : ആദിത്യൻ സുനിൽ | പുലിക്കുരുമ്പ യു.പി |
| മൂന്നാം സ്ഥാനം : അന്ന പി ടോം | വായാട്ടുപറമ്പ യു.പി |

**എച്ച്.എസ് വിഭാഗം**

| | |
|---|---|
| ഒന്നാം സ്ഥാനം : റോസ് മരിയറ്റ് ബാബു | തോമാപുരം എച്ച്.എസ് |
| രണ്ടാം സ്ഥാനം : റിച്ചാർഡ് പി.ജെ | കടുമേനി എച്ച്.എസ് |
| മൂന്നാം സ്ഥാനം : ടാനി എലിസബത്ത് ജോസ് | വായാട്ടുപറമ്പ എച്ച്.എസ് |
| മൂന്നാംസ്ഥാനം : ലിസ് റോസ് | കുടിയാന്മല എച്ച്.എസ് |

**ഫാ. മാത്യു ശാസ്താംപടവിൽ**
അസി. കോർപ്പറേറ്റ് മാനേജർ

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ


**പുതിയ പുസ്തകം**

**മലബാർ കുടിയേറ്റത്തിന്റെ കാണാപ്പുറങ്ങൾ**

**ഡോ. സെബാസ്റ്റ്യൻ ഐക്കര**

നാനൂറിൽ അധികം പേജുകൾ

വില : 350 രൂപ

മലബാർ കുടിയേറ്റത്തെക്കുറിച്ചുള്ള ആധികാരിക ഗ്രന്ഥം. കുടിയേറ്റക്കാർക്കിടയിൽ ജീവിതം ബലി ചെയ്ത വൈദിക ശേഷ്ഠരുടെ അനുഭവക്കുറിപ്പുകൾ. പ്രതിസന്ധികളെ അതിജീവിച്ച ഒരു ജനതയുടെ ഉണത്തെഴുന്നേല്പ്പിന്റെയും അതിജീവനത്തിന്റെയും ചരിത്രമാണ് ഈ പുസ്തകം.

പ്രസാധകർ : ജീവൻ ബുക്സ്, ഭരണങ്ങാനം

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

***ഫോൺ : 8281750777 , 8281730777***

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയുടെ വിവിധ പരീക്ഷാപരിശീലനങ്ങൾ ഈ ദിവസങ്ങളിൽ വിവിധകേന്ദ്രങ്ങളിൽ സജീവമായി നടത്തപ്പെട്ടുകൊണ്ടിരിക്കുന്നു. മധ്യവേനൽ അവധിക്കാലങ്ങളിൽ നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട സമയമാണ് നവംബർ-ഡിസംബർ മാസങ്ങൾ. ഈ വർഷം പ്ലസ് ടു കഴിയുന്ന കുട്ടികൾക്ക് ഉപരിപഠനത്തിനാവശ്യമായ നിരവധി പരീക്ഷാവിജ്ഞാപനങ്ങൾ ഇപ്പോൾത്തന്നെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇടവകകളിലുമുള്ള കുട്ടികളെ ഇത്തരം പരീക്ഷകളെഴുതാൻ പ്രേരിപ്പിക്കുകയും ഇതിനുവേണ്ടിയുള്ള പരിശീലനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. പലപ്പോഴും സ്കൂൾ പരീക്ഷകൾ അവസാനിക്കുന്ന കാലഘട്ടത്തിലായിരിക്കും മാതാപിതാക്കളും കുട്ടികളും ഇത്തരം പ്രവേശന പരീക്ഷകളെ ഗൗരവത്തോടെ കാണാറുള്ളത്. മാത്രവുമല്ല നമ്മുടെ പ്രദേശങ്ങളിലെ കുട്ടികൾ ഇത്തരം പരീക്ഷകൾ എഴുതിയാൽ വിജയിക്കില്ലെന്ന മിഥ്യാധാരണയ്ക്ക് പലപ്പോഴും അടിമപ്പെട്ടുപോകാറുണ്ട്. നല്ല പരിശീലനങ്ങൾ ലഭ്യമാവാത്തതിന്റെ അഭാവം കുട്ടികളുടെ വിജയത്തെ സാരമായി ബാധിക്കാറുണ്ട് എന്നതും വാസ്തവമാണ്. ഈ പ്രശ്നത്തെ അതിജീവിക്കാനായി നമ്മുടെ അതിരൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ എൻട്രൻസ് പരിശീലനക്യാമ്പുകൾ ആരംഭിക്കുകയാണ്. സാമ്പത്തികലാഭം എന്നതിനേക്കാൾ ഈ കാലഘട്ടത്തിൽ മലബാറിൽ നിന്ന് ഏറെ റാങ്കുകൾ സൃഷ്ടിക്കുകയെന്നതാണ് അക്കാഡമി വിഭാവനം ചെയ്യുന്നത്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇടവകകളിലും പഠനത്തിൽ വളരെ മുന്നോക്കം നിൽക്കുന്നവരും സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കുട്ടികളുണ്ടെങ്കിൽ അവർക്ക് പ്രത്യേകപരിഗണന നൽകി പരിശീലിപ്പിക്കാനും സാൻജോസ് അക്കാഡമി തയ്യാറാണ്. ബഹു.വികാരിയച്ചന്മാരുടെയും പ്രധാനാദ്ധ്യാപകരുടെയും പ്രത്യേകശ്രദ്ധയും താൽപര്യവും ഇക്കാര്യത്തിൽ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

## I. U.G.C. NET Crash Coaching Camps

മെഡിക്കൽ - എഞ്ചിനീയറിംഗ്-നിയമം എന്നീ എൻട്രൻസ് പരീക്ഷകളുമായി ബന്ധപ്പെട്ടും, ദേശീയ-സംസ്ഥാന യൂണിവേഴ്സിറ്റികൾ, മറ്റു പ്രത്യേകസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടും എൻട്രൻസ് പരീക്ഷ

കളുടെ അപേക്ഷകൾ സമർപ്പിക്കേണ്ട സമയമാണിപ്പോൾ. ഇതുമായി ബന്ധപ്പെട്ട വിവിധപരീക്ഷകൾക്ക് ഒരുക്കമായി ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന Entrance Crash Coaching **2019 മാർച്ച് 28** മുതൽ അതിരൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ വച്ച് ആരംഭിക്കപ്പെടുന്നതാണ്. **പേരാവൂർ, കുന്നോത്ത്, ആലക്കോട്, വെള്ളരിക്കുണ്ട്** എന്നീ കേന്ദ്രങ്ങളിലായിരിക്കും ഇത്തവണത്തെ Crash Coaching കൾ നൽകപ്പെടുക. വിദ്യാർത്ഥികൾക്ക് ഭവനങ്ങളിൽ നിന്ന് ദിനംപ്രതി കോച്ചിംങ് സെന്ററുകളിൽ എത്തിച്ചേരാവുന്ന വിധത്തിലാണ് ക്ലാസുകൾ ക്രമപ്പെടുത്തുന്നത്. ഓരോ സെന്ററുകളിലും പരമാവധി 50 കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. അതിനാൽതന്നെ സീറ്റുകൾ പരിമിതമായിരിക്കും. ബഹു. അച്ചൻമാർ നമ്മുടെ ഇടവകകളിലെ മിടുക്കരായ കുഞ്ഞുങ്ങളെ സെന്ററുകളിലേക്ക് പറഞ്ഞയയ്ക്കുമല്ലോ. താമസിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സെന്ററുകളോട് അനുബന്ധിച്ചിട്ടുള്ള സ്ഥലങ്ങളിൽ താമസസൗകര്യം ക്രമീകരിക്കാൻ സഹായിക്കുന്നതാണ്.

## II. U.G.C. NET Crash Coaching

സർവ്വകലാശാലകളിലും കോളേജുകളിലും ശാസ്ത്ര-മാനവിക വിഷയങ്ങളിൽ അദ്ധ്യാപകരാകുവാനും ജൂണിയർ റിസേർച്ച് ഫെലോഷിപ്പോടെ ഗവേഷണത്തിനുമുള്ള യോഗ്യതാപരീക്ഷയായ U.G.C., NET പരീക്ഷ ഡിസംബർ 18-ാം തിയതി മുതൽ പുതിയ പരീക്ഷാസംവിധാനങ്ങളോടെ നടത്തപ്പെടുകയാണ്.

NET പരീക്ഷയ്ക്ക് ഒരുക്കമായി സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 7 ഞായറാഴ്ച മുതൽ ആർട്സ് വിഷയങ്ങളിൽ രണ്ടുമാസം നീണ്ടുനിൽക്കുന്ന Crash Coaching ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ വച്ച് ആരംഭിച്ചു. 10 am-4 pm വരെയാണ് ക്ലാസുകൾ നടത്തപ്പെടുന്നത്. 10 ഞായറാഴ്ചകളിലായുള്ള കോഴ്സാണിത്. വിവിധ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും പ്രഗല്ഭ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകികൊണ്ടിരിക്കുന്നു.

## III. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET മൂന്നാം ബാച്ചിന്റെ പരിശീലനം 15.12.2018 ശനിയാഴ്ച ഇരിട്ടി സെന്റ് ജോസഫ്സ് ചർച്ച് ഓഡിറ്റോറിയം, തളിപ്പറമ്പ് സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതാണ്. പുതിയ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## IV. Bridge +

2020 ലെ എൻട്രൻസ് പരീക്ഷ ലക്ഷ്യമാക്കി ഈ വർഷം +1 ലേക്ക് പ്രവേശിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക് നല്കികൊണ്ടിരിക്കുന്ന ഒന്നാം വർഷ

എൻട്രൻസ് പരിശീലനം വിജയകരമായി ഇരിട്ടി പുഷ്പാരാം ഐ.ടി.ഐ യിൽവച്ചും തോമാപുരം എച്ച്. എസ്. എസ് ൽ വച്ചും നടന്നുകൊണ്ടിരിക്കുന്നു. ഒന്നാം വർഷ പരിശീലനം അവസാനഘട്ടത്തിലാണുള്ളത്. +1 ക്ലാസ്സിലെ മുഴുവൻ വിഷയങ്ങളും കുട്ടികൾ പഠിച്ചുകഴിഞ്ഞിരിക്കുന്നു. മാത്രവുമല്ല വിവിധ ഗവൺമെന്റ് സ്കോളർഷിപ്പ് പരീക്ഷകൾ എഴുതുവാൻ കുട്ടികൾ സജ്ജരായി കഴിഞ്ഞിരിക്കുന്നു. 2019 വർഷത്തിലേക്കുള്ള +1, +2 എൻട്രൻസ് അഡ്മിഷൻ ഡിസംബർ മാസം മുതൽ ആരംഭിക്കുന്നതാണ്.

കുന്നോത്ത്, തോമാപുരം എന്നിവയ്ക്ക് പുറമെ വെള്ളരിക്കുണ്ട്, ആലക്കോട് എന്നിവിടങ്ങളിലും പുതിയ എൻട്രൻസ് കോച്ചിംങ് സെന്ററുകൾ അടുത്ത അധ്യയനവർഷത്തിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതാണ്.

## V. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C., U.P.S.C. പരീക്ഷകൾ ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാതലമാണിത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലനപദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. പൈസക്കരി ദേവമാതാകോളേജ്, ആലക്കോട് മേരിമാതാ കോളേജിലുമായി 200 ഓളം വിദ്യാർത്ഥികൾ പരിശീലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു.

## VI. ജോലി ഒഴിവ്

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനകേന്ദ്രങ്ങളിലേക്ക് കെമിസ്ട്രി, ഫിസിക്സ്, കണക്ക്, സുവോളജി, ബോട്ടണി എന്നീ വിഷയങ്ങളിൽ പി.ജി കഴിഞ്ഞ അധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കുന്നതാണ്. ഈ വിഷയങ്ങളിൽ മികച്ച എൻട്രൻസ് കോച്ചിംങ് നൽകാൻ പ്രാഗല്ഭ്യമുള്ള അധ്യാപകരെയാണ് അക്കാഡമി പ്രതീക്ഷിക്കുന്നത്. നമ്മുടെ ഇടവകകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ ബഹു.വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിക്കുമല്ലോ. അതോടൊപ്പം പി.എസ്.സി കോച്ചിംങ്ങിന്റെ ഭാഗമായുള്ള വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കാൻ യോഗ്യരായ അധ്യാപകരെയും അക്കാഡമിയിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. നമ്മുടെ കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന അധ്യാപക-ഉദ്യോഗാർത്ഥികളായ സഹോദരങ്ങൾക്ക് ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

വിവിധ സ്ഥാപനങ്ങളും കമ്പനികളും അവരുടെ വിവിധ കേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകൾ സാൻജോസ് അക്കാഡമിയിൽ അറിയിക്കാറുണ്ട്. നമ്മുടെ ഇടവകകളിൽപ്പെടുന്ന അഭ്യസ്ഥവിദ്യരായ ആളുകൾക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഇത്തരം ജോലി ഒഴിവുകളെ സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതാണ്.

## സെമിനാറുകൾ - ക്ലാസ്സുകൾ

മാതാപിതാക്കൾ, പി.ടി.എ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക ക്ലാസ്സുകളും സെമിനാറുകളും സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ഇടവകകളിലും, സ്ഥാപനങ്ങളിലും നടത്തിക്കൊടുക്കുകയും ആവശ്യമായ റിസോഴ്സ് പേഴ്സൺസിനെ ക്രമീകരിച്ച് നല്കുന്നതുമാണ്. ആവശ്യമെങ്കിൽ സാൻജോസ് ഓഫീസുമായി ബന്ധപ്പെടുമല്ലോ

1. 30.10.2018 ഞായറാഴ്ച കരിക്കോട്ടക്കരി ഇടവകയിൽ ജപമാല മാസത്തോടനുബന്ധിച്ചിട്ടുള്ള ആഘോഷ സമാപനത്തിൽ ബഹു.പയസ് പടിഞ്ഞാറെമുറിയിലച്ചൻ വി.കുർബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഇതിനവസരം നൽകിയ ബഹു.ആന്റണി പുന്നൂരച്ചനെ ഏറെ നന്ദിയോടെ സ്മരിക്കുന്നു.

അന്നേ ദിവസം തന്നെ എടൂർ വച്ച് നടന്ന എടൂർ ഫെറോന യുവജന കൂട്ടായ്മയായ ആർമി-2018 ൽ ബഹു. ഡയറക്ടറച്ചൻ യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും സാൻജോസ് അക്കാഡമി കോഴ്സുകളെ കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

2. 04.11.2018 ഞായറാഴ്ച അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ വച്ചു നടന്ന കുന്നോത്ത് ഫെറോന യുവജന കൺവെൻഷൻ-ആർമി 2018 ൽ ബഹു. പയസ് പടിഞ്ഞാറെമുറിയിലച്ചൻ സാൻജോസ് അക്കാഡമിയെ സംബന്ധിച്ചിട്ടുള്ള കാര്യങ്ങൾ യുവജനങ്ങളുമായി പങ്കുവച്ചു.

3. 11.11.2018 ഞായറാഴ്ച ദിയാക്കോണിയയുടെ ഭാഗമായി ബഹു. പയസ് പടിഞ്ഞാറെമുറിയിലച്ചൻ കാർത്തികപുരം ഇടവക സന്ദർശിച്ചു. ഇതിന് അവസരം നല്കിയ ബഹു. ഐസക് മറ്റത്തിലച്ചന് പ്രത്യേകം നന്ദിപറയുന്നു. അതിനുശേഷം മേരിഗിരി ഫെറോന ആർമി 2018 പ്രോഗ്രാമിൽ യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

4. 18.11.2018 ഞായറാഴ്ച വായാട്ടുപറമ്പ് ഫെറോന ഇടവകയിൽ ബഹു. ഡയറക്ടറച്ചൻ വി.കുർബാനയർപ്പിക്കുകയും ഇടവക സമൂഹത്തോട് സാൻജോസ് അക്കാഡമിയിലെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഉച്ചക്കഴിഞ്ഞ് മാവുള്ളാൽ ദേവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമിയെപ്പറ്റിയുള്ള കാര്യങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

5. 21.11.2018 ബുധനാഴ്ച ബഹു.ഡയറക്ടറച്ചൻ ചെട്യാംപറമ്പ് ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

6. 25.11.2018 ഞായറാഴ്ച കീഴ്പ്പള്ളി ഇടവകയിൽ വി. കുർബ്ബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ആലക്കോട് വച്ച് നടന്ന ആർമി 2018 ൽ ബഹു. ഡയറക്ടറച്ചൻ സംബന്ധിക്കുകയും യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

അടുത്ത വർഷത്തെ ബി.ടെക് അഡ്മിഷനെക്കുറിച്ച് കുട്ടികളും രക്ഷാകർത്താക്കളും ചിന്തിക്കാൻ തുടങ്ങുന്ന സമയമാണിത്. കേരളാ ഗവൺമെന്റ് നടത്തുന്ന എൻട്രൻസ് പരീക്ഷയുടെയും, പ്ലസ്ടു മാർക്കിന്റെയും അടിസ്ഥാനത്തിലാണല്ലോ അഡ്മിഷൻ ലഭിക്കുന്നത്. എൻജിനീയറിംഗ് മേഖലയിലെ തൊഴിലവസരങ്ങൾ സ്വദേശത്തും വിദേശത്തും തുടർന്നു പോകാനാണ് സാധ്യത. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും, ഇൻഡസ്ട്രിയൽ റോബോട്ടിക്സിന്റെയും, മെഷീൻ ലേണിംഗിന്റെയും ഒരു കാലഘട്ടമാണല്ലോ ഇത്. ആഗോളതലത്തിലുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ കുട്ടികളുടെ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കാൻ വേണ്ട പരിശ്രമങ്ങൾ വിമൽ ജ്യോതിയുടെ ഭാഗത്തുനിന്നും ചെയ്തുകൊണ്ടിരിക്കുന്നു.

നമ്മുടെ കുട്ടികളെ എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറാക്കുന്നതിനായി കഴിഞ്ഞ 10 വർഷങ്ങളിലും നടത്തിയിരുന്നതുപോലെ ഈ വർഷവും, റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് കോളേജിൽ വച്ചു നടത്തുന്നുണ്ട്. പ്ലസ്ടു പരീക്ഷ കഴിയുന്നതിന്റെ അടുത്തദിവസം മുതലായിരിക്കും ക്ലാസ്സുകൾ ആരംഭിക്കുക. ഡിസംബർ 1 മുതൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

## പ്ലേസ്മെന്റ് വാർത്തകൾ

1. മെക്കാനിക്കൽ, സിവിൽ എൻജിനീയറിംഗ് വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന യു.എ.ഇ ആസ്ഥാനമായി പ്രവർത്തിക്കുന്ന AGILE BUSINESS CONSULTING കമ്പനി, വിമൽ ജ്യോതിയിൽ ഒക്ടോബർ അവസാന ആഴ്ച്ച റിക്രൂട്ട്മെന്റ് നടത്തി. പ്രസ്തുത കമ്പനി ഏഴുപേരെ തിരഞ്ഞെടുത്തു.
2. INFINIZ IT SOLUTIONS 23.10.2018ന് ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി 24 കുട്ടികളെ തിരഞ്ഞെടുത്തു.
3. പ്രമുഖ ട്രെയിനിംഗ് കമ്പനിയായ FACE ACADEMY വിവിധ തസ്തികകളിലേയ്ക്കായി നടത്തിയ നാഷണൽ ലെവൽ ടെസ്റ്റിൽ വിമൽ ജ്യോതിയിൽ നിന്ന് 63 കുട്ടികൾ രണ്ടാം റൗണ്ടിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു.
4. DIGITAL CORE TECHNOLOGIES നടത്തിയ ഓഫ് ക്യാമ്പസ് പൂൾ റിക്രൂട്ട്മെന്റിൽ നമ്മുടെ ഏതാനും കുട്ടികൾ തിരഞ്ഞെടുക്കപ്പെട്ടു.

5. പ്രമുഖ Overseas Education Consultancy ആയ SANTA MONICA വിദേശരാജ്യങ്ങളിലെ തൊഴിലവസരങ്ങളെക്കുറിച്ച് 7.11.18ന് വിമൽ ജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി സെമിനാർ നടത്തി.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി

സിവിൽ സർവ്വീസ്, UPSC, PSC പരീക്ഷകൾക്ക് തയ്യാറാകുന്ന കുട്ടികൾക്കുവേണ്ടി ഒരു സൗജന്യ ഓറിയന്റേഷൻ ക്ലാസ്സ് ഡൽഹി ALS ന്റെ നേതൃത്വത്തിൽ 24.11.2018 ഉച്ചയ്ക്ക് 2 മണി മുതൽ ചെമ്പേരി വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ വച്ച് നടത്തപ്പെട്ടു. സിവിൽ സർവ്വീസ് രംഗത്തെ പ്രശസ്ത അദ്ധ്യാപകരായ ജോജോ മാത്യൂസ്, മനീഷ് ഗൗതം എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## North Malabar Spelling Bee Competition 2018

ഈ വർഷത്തെ സ്പെല്ലിംഗ് ബീ കോംമ്പറ്റീഷൻ നവംബർ 22-ാം തീയതി വിമൽ ജ്യോതിയിൽ നടന്നു. കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിലെ Govt., Aided, Unaided, CBSE, ICSC തുടങ്ങിയ സ്കൂളുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 150 ഓളം കുട്ടികൾ പങ്കെടുത്തു. ശ്രീകണ്ഠപുരം മേരിഗിരി സീനിയർ സെക്കന്ററി സ്കൂളിലെ ഭദ്ര ഉമേഷ് ഒന്നാം സ്ഥാനവും, കണ്ണൂർ ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അഭിമന്യു കെ.സി. രണ്ടാം സ്ഥാനവും, കണ്ണൂർ സെന്റ് ട്രീസാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ലിയാന ജബീൻ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടിയവർക്ക് യഥാക്രമം Rs.10000/-, Rs.7000/-, Rs.5000/- വീതം ക്യാഷ് പ്രൈസ് നൽകി. അവസാന റൗണ്ടിൽ എത്തിയ 10 പേർക്ക് 1000/- രൂപാ വീതം പ്രോത്സാഹന സമ്മാനങ്ങളും നൽകി.

## കായികരംഗം

എ.പി.ജെ അബ്ദുൾകലാം കേരളാ ടെക്നോളജിക്കൽ യൂനിവേഴ്സിറ്റി കായികമേളയിൽ ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ നിഖിൽ ബെന്നി ലോംഗ് ജംബിൽ രണ്ടാം സ്ഥാനവും, ആൽഫിൻ ജോസ് 1500 മീറ്റർ ഓട്ടമത്സരത്തിൽ മൂന്നാം സ്ഥാനവും നേടി. ജേതാക്കൾക്കും പരിശീലകർക്കും വിമൽ ജ്യോതിയുടെ അഭിനന്ദനങ്ങൾ.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് മേൽവെട്ടം**

ചെയർമാൻ, വിമൽജ്യോതി

# കരിസ്മാറ്റിക് നവീകരണരംഗം

## നാഷണൽ കൺവൻഷൻ

17-ാമതു ദേശീയ കരിസ്മാറ്റിക് കൺവൻഷൻ 2018 ഒക്ടോബർ 19 മുതൽ 21 വരെ മേഘാലയുടെ തലസ്ഥാനമായ ഷില്ലോംഗിൽവെച്ച് നടന്നു. തലശ്ശേരി സോണിൽനിന്നും 6 പേർ പങ്കെടുത്തു. നോർത്ത് ഈസ്റ്റിൽ വെച്ച് ആദ്യമായി നടക്കുന്ന കൺവെൻഷൻ എന്ന നിലയിൽ യുവജനങ്ങൾ ഏറ്റവും കൂടുതൽ പേർ പങ്കെടുത്ത കൺവെൻഷൻ എന്ന നിലിയിലും ശ്രദ്ധിക്കപ്പെട്ട കൺവെൻഷനായിരുന്നു. റോമ 12:11 “തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ” എന്നതായിരുന്ന കൺവെൻഷൻ തീം. കേരളത്തിൽനിന്നും 40 പേർ പങ്കെടുത്തു. മൂന്ന് ആർച്ച് ബിഷപ്പുമാരും 5 ബിഷപ്പുമാരും ധാരാളം വൈദികരും സിസ്റ്റേഴ്സും പങ്കെടുത്തിരുന്നു.

## മിഷൻയാത്ര : നേപ്പാൾ മിഷൻ

തലശ്ശേരി സോണിന്റെ ആദ്യത്തെ വിദേശ മിഷൻയാത്ര കൺവെൻഷനോടനുബന്ധിച്ച് നടത്തുകയുണ്ടായി. സോണിൽനിന്നും വി.എൽ അബ്രാഹം സാർ, തങ്കച്ചൻ കൂടക്കാട്ട്, ദേവസ്യ തൈപറമ്പിൽ എന്നിവർ ഖോരക്പൂർ, നേപ്പാൾ ഭാഗത്തേക്ക് മിഷൻയാത്ര നടത്തി. ഒക്ടോബർ 21 മുതൽ 28 വരെയുള്ള മിഷൻ യാത്രയിൽ ഖോരക്പൂർ ബിഷപ് എമിരറ്റസ് മാർ ഡോമിനിക് കോക്കാട്ട്, മാർ തോമസ് തുരുത്തിമറ്റം എന്നിവരെ സന്ദർശിച്ചു. നേപ്പാളിലെ പൊക്രാ, കാഡ്മണ്ടു എന്നിവിടങ്ങളിൽ നടത്തിയ മിഷൻ യാത്രയിൽ ഭവനസന്ദർശനം നടത്തുകയും അനുഭവം പങ്കുവെയക്കുകയും ചെയ്തു. രണ്ടിടത്തും തലശ്ശേരി രൂപതക്കാരായ വൈദികരുടെ ആതിഥ്യം വഹിക്കാനിടയായി. അനുഭവം പങ്കുവെക്കാനിടയായി. സോണിന്റെ മൂന്നാമത്തെ മിഷൻയാത്രയാണിത്.

## ദേശീയ മധ്യസ്ഥപ്രാർത്ഥനാ സമ്മേളനം (PUSH)

നവംബർ 18 മുതൽ 21 വരെ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വെച്ചു നടക്കുന്ന ഈ പ്രോഗ്രാമിൽ സോണിൽനിന്നും 60 പേർ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**അപ്പച്ചൻ ചക്കിട്ടമുറിയിൽ**
സോണൽ കോ-ഓർഡിനേറ്റർ

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

# ഇൻഫാം വാർത്തകൾ

വർഷങ്ങളായി ചൂഷണത്തിനും അവഗണനയ്ക്കും വിധേയമായി കഴിയുന്ന റബ്ബർ കർഷകർ പ്രതിഷേധിക്കാനും പ്രതികരിക്കാനും തയ്യാറാകാത്തത് അത്ഭുതകരമാണ്. ഓരോ ദിവസം ചെല്ലുന്തോറും റബ്ബർ വിലയിടിവ് തുടരുകയാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ റബ്ബർ വില 100ൽനിന്ന് കുറയുന്നു. ഈ സാഹചര്യം മുതലാക്കി പരമാവധി വില താഴാനുള്ള മത്സരത്തിലാണ് വൻകിട റബ്ബർ ലോബികൾ. മാസങ്ങളായി റബ്ബർ കർഷകർക്ക് ലഭിച്ചിരുന്ന ഇൻഷൂറൻസ് മുടങ്ങിക്കിടക്കുകയാണ്. റബ്ബറിന് 200 രൂപ വില നിശ്ചയിച്ച് 1000 കോടി രൂപയെങ്കിലും കേന്ദ്ര സർക്കാർ അനുവദിക്കണമെന്നുള്ള കർഷകന്റെ നിലവിളി സർക്കാർ പൂർണ്ണമായും അവഗണിക്കുകയാണ് ചെയ്തത്.

കേരളത്തിലെ രാഷ്ട്രീയ കിടമത്സരങ്ങളും നിലവാരവും ധാർമികതയുമില്ലാത്ത ചാനൽ ചർച്ചകളും യാഥാർത്ഥ്യങ്ങളിൽനിന്നും കാർഷിക പ്രശ്നങ്ങളിൽനിന്നും ജനശ്രദ്ധ മാറ്റിവിടുകയാണ് ചെയ്യുന്നത്.

ഇന്ന് സമൂഹത്തിൽ ഏറ്റവുമധികം ചൂഷണത്തിന് വിധേയമായിട്ടുള്ളവരും അവഗണിക്കപ്പെട്ടവരും അടിച്ചമർത്തപ്പെട്ടവരുമായ ഈ കർഷകജനതയെ അവകാശങ്ങളിലേക്കുള്ള പോരാട്ടത്തിനും അതുവഴി സ്വാതന്ത്ര്യത്തിലേക്കും കൈപിടിച്ചുയർത്താൻ സഭയോടൊത്ത് നമുക്കും പരിശ്രമിക്കാം.

## ദേശീയ ജനറൽബോഡി

കാഞ്ഞിരപ്പള്ളി പാറത്തോട് മലനാട് ഡവലപ്മെന്റ് സൊസൈറ്റിയിൽ ചേർന്ന ഇൻഫാം ദേശീയ ജനറൽബോഡിയോഗം അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. ഇൻഫാം ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ അധ്യക്ഷത വഹിച്ചു. ദേശീയ ജനറൽ സെക്രട്ടറി ഷെവലിയാർ വി.സി. സെബാസ്റ്റ്യൻ, ഫാ. ആന്റണി കൊഴുവനാൽ, ശ്രീ സ്കറിയ നെല്ലംകുഴി, ബേബി പെരുമാലിൽ എന്നിവർ പ്രസംഗിച്ചു. വിവിധ സംസ്ഥാനങ്ങളിലെ ഇൻഫാം രൂപീകരണം, ഇൻഫാം ഭരണഘടനാ ഭേദഗതി, സംസ്ഥാന സമിതി രൂപീകരണം, കർഷക സംഘടനകളുടെ കൂട്ടായ്മ എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

## ഇൻഫാം സംസ്ഥാന സമിതി

സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പള്ളി, പ്രസിഡന്റ് ജോസ് എടപ്പാട്ട്, സെക്രട്ടറി ഫാ. ജോസഫ് കാവനാടി, ഫാ. തോമസ് മറ്റമുണ്ടയിൽ, ജോയന്റ് ഡയറക്ടർ, അഡ്വ. അബ്രാഹം, ജോ. സെക്രട്ടറി, സണ്ണി

അരഞ്ഞാലിൽ ട്രഷറർ എന്നിവരടങ്ങുന്ന സംസ്ഥാന സമിതിയെ തിരഞ്ഞെടുത്തു.

## അഭിനന്ദനങ്ങൾ

ഇൻഫാം സംസ്ഥാന സമിതി സെക്രട്ടറിയായി തിരഞ്ഞെടുത്ത ഫാ. ജോസഫ് കാവനാടിക്കും സംസ്ഥാന വൈസ് പ്രസിഡന്റായി തിരഞ്ഞെടുത്ത ഡോ. ജോസഫ് തോമസിനും ഇൻഫാം കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു!

കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യയുടെ അത്മായ സെക്രട്ടറിയായി നിയമിതനായ ഷെവ. വി.സി. സെബാസ്റ്റ്യൻ സാറിന് ഇൻഫാം കണ്ണൂർ ജില്ലാ കമ്മറ്റിയുടെ അഭിനന്ദനങ്ങൾ.

## ആദരാഞ്ജലികൾ

ഇൻഫാം കണ്ണൂർ ട്രഷറർ ലാലിച്ചൻ കുഴിയാത്തിന്റെ മാതാവ് നിര്യാതയായി. ഇൻഫാം കണ്ണൂർ ജില്ലാ കമ്മറ്റിയുടെ പ്രാർത്ഥനയിൽ നിറഞ്ഞ ആദരാഞ്ജലികൾ.

ഇൻഫാം കണ്ണൂർ ജില്ലാ ജനറൽ സെക്രട്ടറി ശ്രീ തുണ്ടത്തിൽ സണ്ണിയുടെ സഹോദരൻ ജോർജിന്റെ നിര്യാണത്തിൽ ജോർജിന്റെ കുടുംബാംഗങ്ങൾക്ക് ഇൻഫാം കുടുംബത്തിന്റെ അനുശോചനം.

## മെമ്പർഷിപ്പ് വിതരണം

ഇൻഫാം ചെമ്പന്തൊട്ടി യൂണിറ്റിന്റെ നേതൃത്വത്തിൽ കർഷക സമ്മേളനവും മെമ്പർഷിപ്പ്  വിതരണവും നടന്നു. ചെമ്പന്തൊട്ടി ഫൊറോന വികാരി ഫാ. ജോസ് മാണിക്കത്താഴെ സമ്മേളനം ഉദ്ഘാടനം ചെയ്തു. എല്ലാ വാർഡുകളിലും മാതൃകാ പച്ചക്കറി കൃഷി നടത്താൻ തീരുമാനിച്ചു.

## എടൂർ മേഖലാ കമ്മറ്റി

എടൂർ മേഖലാ കമ്മിറ്റി ഉരുപ്പുംകുറ്റി പാരീഷ്ഹാളിൽ ചേർന്നു. മേഖലാ പ്രസിഡന്റ് സാജൂ തെക്കേക്കരയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം മേഖലാ ഡയറക്ടർ ഫാ. ആന്റണി പുന്നൂർ ഉദ്ഘാടനം ചെയ്തു.തേർത്തല്ലി o ഉരുപ്പുംകുറ്റി വികാരി ഫാ. ടോമി നടുവിലേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. തുടർന്നു ഉരുപ്പുംകുറ്റി യൂണിറ്റ് പ്രസിഡന്റായി ജോസ് മൂത്തേടം സെക്രട്ടറി ബാബു പൊന്മലക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ യൂണിറ്റ് രൂപീകരിച്ചു.

## കർഷക സെമിനാർ

ഉരുപ്പുംകുറ്റി പാരീഷ്ഹാളിൽ ഇൻഫാം മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സെമിനാർ നടത്തുകയുണ്ടായി. വാഴകൃഷിയുടെ വിവിധ വശങ്ങ

ളെക്കുറിച്ച കൃഷി ഓഫീസർ ബാബു നടുവത്ത് (കേളകം) ക്ലാസ് നയിച്ചു. ഫാ. ടോമി നടുവിലേക്കൂറ്റ് ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ പ്രസിഡന്റ് സാജു തെക്കേക്കര അധ്യക്ഷത വഹിച്ചു. ഫാ. ആന്റണി പുന്നൂർ മുഖ്യപ്രഭാഷണം നടത്തി. ശ്രീ ജോസ് മൂത്തേടം, ബാബു പൊന്മലക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

**ഇൻഫാം RPS കുടുംബസംഗമം**

ചെമ്പന്തൊട്ടി ചുഴലി ഇൻഫാം യൂണിറ്റിന്റെയും RPS ന്റെയും സംയുക്താഭിമുഖ്യത്തിൽ വാർഷികവും കുടുംബസംഗമവും നടത്തി. യോഗം ഇ. പി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ലാലിച്ചൻ കുഴിയാത്ത് സി.എ. ജോസഫ്, സി.കെ. അച്യുതൻ, അരുൺ കുഴിയാത്ത്, ജോളി കുഴിയാത്ത്, ജിമ്മി കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു. തുടർന്നു ഗാനമേളയും കലാപരിപാടികളും അവതരിപ്പിച്ചു.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

## ഗ്രെയ്സ് ഭവൻ

കിളിയന്തറ ജോസ്ഗിരി പ്രൊവിൻഷ്യൽ ഹൗസിനോടനുബന്ധിച്ച പഴയ ബാലികാഭവൻ കെട്ടിടത്തിൽ പാവപ്പെട്ട ഏകസ്ഥരായ സ്ത്രീകൾക്ക്വേണ്ടി ഗ്രെയ്സ് ഭവൻ എന്ന പേരിൽ 18.10.2018 മുതൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. വീടുകളിൽ ഏകസ്ഥരായവർ ഉണ്ടെങ്കിൽ ഈ നമ്പറിൽ അറിയിക്കുക. ഭക്ഷണവും താമസവും സൗജന്യമായി നല്കുന്നതാണ്.

**ഫോൺ : 9495765796**

# നിർമ്മലഗിരി വാർത്തകൾ

## അഭിനന്ദനങ്ങൾ

24 വർഷം നിർമ്മലഗിരി കോളെജിൽ ഇംഗ്ലീഷ് വിഭാഗത്തിൽ അധ്യാപികയായിരുന്ന ഡോ. സി. മേരിക്കുട്ടി അലക്സ് എസ്.എ.ബി.എസ്. രാജപുരം പയസ് ടെന്റ് കോളേജിന്റെ പ്രിൻസിപ്പളായി നിയമിതയായി. 31.10.2018ന് കോളേജ് മാനേജർ മാർ ജോസഫ് പാംപ്ലാനിപിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സിസ്റ്ററിന് അഭിനന്ദനങ്ങളും ആശംസകളും നേർന്ന് യാത്രയയപ്പ് നല്കി.

## ദേശീയ സെമിനാർ

ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും നിർമ്മലഗിരി കോളേജ് ഹിസ്റ്ററി ഡിപ്പാർട്ടുമെന്റിന്റെയും ആഭിമുഖ്യത്തിൽ ലോകപൈതൃക വാരാചരണവും ഏകദിനദേശീയ സെമിനാറും നടത്തി. 19.11.2018ന് നടന്ന ദേശീയ സെമിനാർ ഡോ. രാഘവൻ പയ്യനാട് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പിൾ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷതവഹിച്ചു.

യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റിൽ വനിതവിഭാഗം 100, 200 മീറ്റർ ഓട്ടത്തിൽ സിബില ലിറ്റാ ജോൺ ഒന്നാംസ്ഥാനവും ഹാമർ ത്രോ പുരുഷവിഭാഗത്തിൽ സായന്ദ് പി. രണ്ടാംസ്ഥാനവും ഡിസ്കസ് ത്രോ പുരുഷവിഭാഗത്തിൽ മാത്യൂസ് ജോർജ് മൂന്നാംസ്ഥാനവും നേടി.

കെഎസ്ഇബി സംഘടിപ്പിച്ച പവർക്വിസ് മത്സരത്തിൽ നിർമ്മലഗിരി കോളേജിലെ അമൃത് ഒന്നാംസ്ഥാനവും അലൻ മാത്യു രണ്ടാംസ്ഥാനവും നേടി.

## റാങ്കിന്റെ തിളക്കം

കണ്ണൂർ യൂണിവേഴ്സിറ്റി എം.എ. ഇക്കണോമിക്സ് പരീക്ഷയിൽ നിർമ്മലഗിരി കോളേജിലെ അനുശ്രീ കെ. ഒന്നാം റാങ്കും അഖില പി.വി. മൂന്നാം റാങ്കും കരസ്ഥമാക്കി. വിജയികൾക്കും അധ്യാപകർക്കും അനുമോദനങ്ങൾ.

**പി.ആർ.ഒ.**

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

നമ്മുടെ അതിരൂപത പ്രതീക്ഷയോടെ കാത്തിരിക്കുന്ന കുടുംബ കൂട്ടായ്മകളുടെ രൂപീകരണം നടന്നു വരികയാണല്ലോ. വളരെ താല്പ്പര്യത്തോടെ പുതിയ ഈ ശൈലിയെ നെഞ്ചിലേറ്റിയ വൈദികരെയും ദൈവജനത്തെയും അഭിനന്ദിക്കുന്നു.

മിക്കവാറും എല്ലാ ഇടവകകളിലും യൂണിറ്റുകൾ തിരിച്ച് ഭാരവാഹികളെ നിശ്ചയിച്ച് ഈ സംവിധാനത്തെ ഒരുക്കി കഴിഞ്ഞു. ഇനിയും ചില ഇടവകകൾ റിപ്പോർട്ട് ഇവിടെ എത്തിക്കാനുണ്ട്. എല്ലാ ഭാരവാഹികളുടെയും ലിസ്റ്റ് ലഭ്യമായി കഴിഞ്ഞാൽ മാത്രമെ ആശയ വിനിമയത്തിനും പ്രവർത്തനക്ഷമതക്കും വേഗം ലഭ്യമാകുകയുള്ളു. ഭാരവാഹികൾക്കുള്ള ഫൊറോനതല പരിശീലനങ്ങൾ നടന്നിരിക്കുകയാണ്. ജനത്തിന്റെ സജീവ പങ്കാളിത്തംകൊണ്ട് ശ്രദ്ധ പിടിച്ചു പറ്റിയ ഈ സമ്മേളനങ്ങൾ സഭാബോധത്തിനും അത്മായ പങ്കാളിത്തത്തിനും നൽകുന്ന ഉണർവ്വ് വലുതാണ്. ഒന്നിച്ച് ചേരുമ്പോൾ ഉണ്ടാകുന്ന ഊർജ്ജം കൂടുതൽ തീഷ്ണതയോടെ പ്രവർത്തിക്കാൻ അംഗങ്ങൾക്ക് കരുത്തേകും;

ഈ സമ്മേളനങ്ങളുടെ വെളിച്ചത്തിൽ ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. ഇത് പഴയ പ്രാർത്ഥനാ യോഗം അല്ല. പ്രാർത്ഥനയും മീറ്റിംഗും ഭക്ഷണക്രമീകരണവും മനോഹരമായി ഒന്നിപ്പിക്കുന്ന കുടുംബ കൂട്ടായ്മകളാണ്. ഇത് നടത്തുന്ന രീതി മനസിലാക്കിയാൽ മാത്രമേ ഇത് ഭംഗിയായി അവതരിപ്പിക്കുവാൻ കഴിയൂ. അതിനാൽ പ്രാർത്ഥന നടത്തുന്ന രീതിയും റിപ്പോർട്ട് എഴുതുന്ന രീതിയും ഭക്ഷണത്തിന്റെ ആവശ്യകതയുമൊക്കെ വികാരിയച്ചന്മാർ പാരീഷ് കൗൺസിലിലും പള്ളിയിലും പറഞ്ഞു മനസിലാക്കണം. ഫൊറോന സമ്മേളനങ്ങളിൽ പങ്കെടുക്കാത്തവരെ പ്രത്യേകമായി ബോധവൽക്കരിക്കണം.

2. ഈ സംവിധാനം അതിരൂപതയുടെ ഭരണപരവും നയപരവുമായ തീരുമാനമാണ്. ഇത് ഇടവകകളിൽ നടപ്പിൽ വരുത്തുകതന്നെ വേണം. ഇത് ആവശ്യമില്ല എന്ന് വയ്ക്കുവാൻ അച്ചൻമാർക്ക് സാധിക്കുകയില്ല. ജനത്തിന് അവകാശപ്പെട്ട ഈ പുതിയ ശൈലി ജനത്തിന് നിഷേധിക്കരുത്.

3. പാതി വെന്ത ചോറിനും പാതി മനസിലാക്കിയ ആശയത്തിനും നിലനില്പ്പില്ല. അതിനാൽ ഈ ആശയത്തെ ഭാഗികമാക്കാതെ അതിന്റെ പൂർണ്ണതയിലും സമഗ്രതയിലും ജനത്തിന് കൊടുക്കണം. യൂണിറ്റുകളിൽ റിപ്പോർട്ട് എഴുതണം. നിയമാവലി വായിച്ച് പഠിപ്പിക്കണം. അതിനെക്കാൾ ഉപരിയായി എല്ലാ വീടുകളിലും പുസ്തകം എത്തിക്കണം. കുറച്ച് പുസ്തകങ്ങൾ വാങ്ങിച്ച് പള്ളിയിൽ നിന്ന് കൊണ്ടുപോയി പ്രാർത്ഥന നടത്തുന്ന പഴയ

ശൈലി ഗുണകരമല്ല. പള്ളിയിൽ നിന്ന് പൊതുവായി കൊടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ജനംതന്നെ പണം കൊടുത്ത് വാങ്ങിക്കും. അവർ പുസ്തകവുമായി പ്രാർത്ഥനയ്ക്ക് വരട്ടെ (ഈ ശൈലി മാറ്റം നിർബന്ധിക്കണം). എല്ലാ വീടുകളിലും രണ്ട് പുസ്തകം ഉണ്ടാകുമ്പോൾ സന്ധ്യാ പ്രാർത്ഥന നടത്തുവാനും ഉപകരിക്കും.

4. ഇടവക കോർഡിനേറ്റർമാർ യൂണിറ്റുകളുടെ പ്രവർത്തനം ശ്രദ്ധിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യണം.

5. ഫൊറോന സമ്മേളനങ്ങളിൽ ജനം കടന്നു വന്നത് നമ്മുടെ സഭയുടെ ഉണർത്തുപാട്ടായി നാം കാണണം. ജനത്തിന് ഇത് താല്പ്പര്യമാണ്; ജനം വേറിട്ടൊരു ശൈലി ആഗ്രഹിക്കുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കി ജനത്തെ കൂടെ നിർത്തുവാനും അതിലൂടെ ഇടവകയെയും സഭയെയും സജീവമാക്കുവാനും അച്ചന്മാർ ശ്രദ്ധിക്കണം. ഇടവകകൾ സജീവമായാൽ ഇടവകയുടെ ആത്മീയകാര്യങ്ങളും ഭൗതിക കാര്യങ്ങളും സുന്ദരമായും എളുപ്പത്തിലും നടപ്പിലാക്കുവാൻ വികാരിമാർക്ക് സാധിക്കും.

## അതിരൂപതാതല ഉദ്ഘാടനം - ചെമ്പേരിയിൽ

ഡിസംബർ 1 ന് നടക്കുന്ന അതിരൂപതാതല ഉദ്ഘാടനം വളരെ സ്നേഹത്തോടെ ഏറ്റെടുത്ത ചെമ്പേരി ഇടവകയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. എല്ലാ യൂണിറ്റ് പ്രസിഡന്റുമാരും ബഹുമാനപ്പെട്ട വൈദികരും സിസ്റ്റർ ആനിമേറ്റർമാരും കോർഡിനേറ്റർമാരുമാണ് ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

## ഫ്രൂട്ട്സ് ഫൊറോന കൺവെൻഷൻ

അഭിവന്ദ്യ പിതാക്കന്മാരുടെ താല്പ്പര്യവും പങ്കാളിത്തവുമാണ് ഫ്രൂട്ട്സ് ഫൊറോന കൺവെൻഷനുകളെ വിജയിപ്പിച്ചത്. ഭാരിച്ച തിരക്കുകൾക്കിടയിലും മൂന്ന് ഫൊറോനകളിൽ എത്തുവാൻ അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവ് സമയം കണ്ടെത്തിയത് ഒത്തിരി സന്തോഷം നൽകി. ഹൃദയപൂർവ്വം നന്ദി പറയുന്നു. 13 ഫൊറോനകളിലും യോഗത്തിൽ സംബന്ധിക്കുകയും കൂട്ടായ്മക്ക് ദിശാബോധം നൽകി മനോഹരമായി പ്രസംഗിക്കുകയും ചെയ്ത മാർ ജോസഫ് പാംപ്ലാനി പിതാവിനെ അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. ഫൊറോന ഡയറക്ടർമാർ വളരെ താല്പ്പര്യപൂർവ്വം സമ്മേളനം സംഘടിപ്പിച്ചതിന് നന്ദി. ജനത്തെ പറഞ്ഞയച്ച വൈദികരോട് ഏറെ കടപ്പെട്ടിരിക്കുന്നു.

**നമുക്ക് ഒന്നിച്ച് നിൽക്കാം നമ്മുടെ സഭയെ വളർത്താം.**

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# എ.കെ.സി.സി.

ഉണ്ണീശോയുടെ പിറവിതിരുനാളിന്റെ ആശംസകൾ! ശാന്തിയുടെയും സമാധാനത്തിന്റെയും പ്രതീകമായ ക്രിസ്തുമസിനെ നമുക്കും വരവേൽക്കാം. ഉണ്ണീശോയുടെ പിറവിതിരുനാളിനായി നമുക്കും ഒരുങ്ങാം.

## കത്തോലിക്കാ കോൺഗ്രസ് ഫൊറോന നേതൃസംഗമങ്ങൾ

**നവംബർ മാസത്തിൽ നടന്ന നേതൃസംഗമങ്ങൾ**

നവംബർ 01 – വ്യാഴം – നെല്ലിക്കാംപൊയിൽ, കുന്നോത്ത്
നവംബർ 13 – ചൊവ്വ – പനത്തടി
നവംബർ 14 – ബുധൻ – എടൂർ
നവംബർ 16 – വെള്ളി – പൈസക്കരി

ഫൊറോന നേതൃസംഗമം വിജയിപ്പിക്കുന്നതിന് ശ്രമിച്ച എ.കെ.സി.സി ഫൊറോന ഡയറക്ടറച്ചന്മാരെയും നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചന്മാരെയും മറ്റ് വികാരിയച്ചന്മാരെയും അതിരൂപത ഫൊറോന യൂണിറ്റ് ഭാരവാഹികളെയും പ്രത്യേകിച്ച് ചാർജ് വഹിക്കുന്ന ഭാരവാഹികളെയും അഭിനന്ദിക്കുന്നു. യൂണിറ്റ് ഭാരവാഹികൾ, യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ, കുടുംബ കൂട്ടായ്മ യൂണിറ്റ് പ്രതിനിധികൾ എന്നിവരാണ് നേതൃസംഗമത്തിൽ പങ്കെടുത്തത്. തളിപ്പറമ്പ്, ആലക്കോട്, വായാട്ടുപറമ്പ്, കാഞ്ഞങ്ങാട്, തോമാപുരം എന്നീ ഫൊറോനകളിലെ സംഗമങ്ങൾ മാറ്റിവച്ചതിനാൽ പുതിയ തിയതികൾ നിശ്ചയിച്ച് കഴിയുന്നതും വേഗം ബന്ധപ്പെട്ടവർ അറിയിക്കണം.

## കുമ്പസാരം – വിജ്ഞാന കൈരളിയിലെ ലേഖനം

കുമ്പസാരം എന്ന കൂദാശയെ അവഹേളിക്കത്തക്കവിധത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണമായ വിജ്ഞാന കൈരളിയിലെ ലേഖനം പിൻവലിച്ച്, ചീഫ് എഡിറ്റർ മാപ്പുപറയണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധസ്ഥലങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് കമ്മറ്റികളുടെ നേതൃത്വത്തിൽ പ്രതിഷേധപ്രകടനവും മാസികയുടെ കോപ്പി കത്തിക്കലും നടത്തുകയുണ്ടായി. നമ്മുടെ വിശ്വാസത്തെയും പ്രവർത്തനങ്ങളെയും തടസപ്പെടുത്തുന്നവർക്കെതിരെ ഒത്തൊരുമിച്ച് നീങ്ങും എന്നുള്ളതിന്റെ തെളിവാണ് നമ്മുടെ പ്രതിഷേധങ്ങൾ. നിസ്സംഗത വെടിഞ്ഞ് പ്രതികരിക്കേണ്ടിടത്ത് പ്രതികരിക്കാനും, പ്രതിഷേധിക്കേണ്ടിടത്ത് പ്രതിഷേധിക്കാനും കത്തോലിക്കാ കോൺഗ്രസ് നേതാക്കൾക്കും പ്രവർത്തകർക്കും കഴിയണം. വിജ്ഞാന കൈരളിയുടെ ചീഫ് എഡിറ്റർ ഖേദം പ്രകടിപ്പിച്ചതിലൂടെ നമ്മുടെ കൂട്ടായ്മ വിജയിച്ചു എന്ന് മനസിലാക്കാം. പ്രതിഷേധ സമരപരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കർഷകരെ രക്ഷിക്കണം

കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കർഷകരെ രക്ഷിക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ മൂലം കർഷകർ ഇന്ന് ഭയാശങ്കകളോടെയാണ് ജീവിക്കുന്നത്. വനം വകുപ്പും പോലീസും അനങ്ങാപാറ നയമാണ് സ്വീകരിച്ചിരിക്കുന്നത്. കാട്ടുപന്നിയുടെ ആക്രമണം മൂലം ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന വ്യക്തിക്ക് മതിയായ ചികിത്സ നല്കുന്നതിനും, കർഷകർക്ക് വേണ്ട സംരക്ഷണം നൽകുന്നതിനും സർക്കാരും ബന്ധപ്പെട്ടവരും തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ് സമരപരിപാടികൾക്ക് നേതൃത്വം നൽകേണ്ടിവരും. എല്ലാ വിഭാഗം ജനങ്ങളുടെയും സംഘടനകളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി

നവംബർ 6 ന് എർണാകുളം പി.ഒ.സി.യിൽവെച്ച് ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി ചേരുകയുണ്ടായി. അഡ്വ.ടോണി പുഞ്ചക്കുന്നേൽ, ചാക്കോച്ചൻ കാരാമയിൽ എന്നിവർ പങ്കെടുത്തു. അടുത്ത 6 മാസത്തേക്കുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകി.

യൂണിററ് രജിസ്ട്രേഷൻ നടത്താത്ത യൂണിറ്റുകൾ കൗണ്ടർ ഫോയിൽ, മെമ്പേഴ്സ് ലിസ്റ്റ്, ഭാരവാഹികളുടെ ലിസ്റ്റ്(വികാരിയച്ചൻ ഒപ്പിട്ടത്) മെമ്പർഷിപ്പ് സംസ്ഥാന, അതിരൂപത വിഹിതം, രജിസ്ട്രേഷൻ ഫീസ് 100 രൂപ, ബുള്ളറ്റിൻ വരിസംഖ്യ 100 രൂപ എന്നിവ സഹിതം കഴിയുന്നതും വേഗം അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## ദിയാക്കോണിയ

ഡിസംബർ മാസത്തിൽ ക്രിസ്തുമസ് സന്ദേശയാത്ര, കരോൾ ഗാന മത്സരം എന്നിവ ഇടവക തലത്തിലോ, ഫൊറോന തലത്തിലോ സംഘടിപ്പിക്കേണ്ടതാണ്. 25 നോമ്പിന്റെയും ക്രിസ്തുമസിന്റെയും ആശംസകൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല** — അതിരൂപതാ പ്രസിഡന്റ്

**ഫാ. മാത്യു ആശാരിപ്പറമ്പിൽ** — ഡയറക്ടർ

# പ്രതീക്ഷ: ലഹരിവിമോചന ചികിത്സാകേന്ദ്രം

## മാർ ജോർജ് വലിയമറ്റം പിതാവ് പ്രതീക്ഷയിൽ

നവംബർ ഒന്നിന് കേരളപിറവിയുടെയും സകല വിശുദ്ധരുടെയും ആഘോഷങ്ങൾക്ക് നേതൃത്വം നല്കാൻ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് പ്രതീക്ഷയിൽ എത്തിച്ചേർന്നു. രാവിലെ കുർബാനയർപ്പിച്ച് സന്ദേശം നല്കി, സ്റ്റാഫ് അംഗങ്ങളോടും ചികിത്സാർത്ഥികളോടും സംവദിച്ചു.

## ബോധവല്ക്കരണ ക്ലാസ്സ്

അരിവിളഞ്ഞപൊയിൽ ഇടവകയിൽ വിദ്യാർത്ഥികൾക്കുള്ള വി.കുർബാനയർപ്പിച്ച്, പ്രതീക്ഷാ ലഹരിവിരുദ്ധബോധവല്ക്കരണ ക്ലാസ്സ് നടത്തി.

## ക്യാൻസർ ബോധവല്ക്കരണ ക്ലാസ്

പ്രതീക്ഷയുടെയും ചെമ്പേരി കെഡ്രിറ്റ് യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ ചെമ്പേരി പാരീഷ്ഹാളിൽ വച്ച് 'ക്യാൻസർ: കാരണം, രോഗനിർണയം, പ്രതിരോധം, പ്രതിവിധികൾ' എന്ന വിഷയത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സെടുത്തു. ലില്ലിക്കുട്ടി മുതുകുളത്തിൽ സ്വാഗതവും ലില്ലി കൊച്ചുകാലായിൽ നന്ദിയും പറഞ്ഞു.

## ട്രെയിനിംഗ്

ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട 'Implementation of EAT Module' എന്ന പരിപാടിയിലും ട്രെയിനിംഗിലും പ്രതീക്ഷാ പ്രൊജക്ട് ഡയറക്ടർ സി. തെരേസ് സിഎച്ച്എഫ്, അക്കൗണ്ടന്റ് ജിൻസി ജോർജ് മൂലയിൽ എന്നിവർ പങ്കെടുത്തു.

## 35-ാം വാർഷികം നടത്തി

നവംബർ 18-ാം തീയതി പ്രതീക്ഷയുടെ 35-ാം വാർഷികം ചികിത്സാസെന്ററിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30 ന് തലശ്ശേരി മൈനർ സെമിനാരി റെക്ടർ റവ. ഡോ. ജോർജ് കരോട്ട് വി. കുർബാനയർപ്പിച്ചു. തുടർന്ന് ചായ സൽക്കാരത്തിനുശേഷം 10.45 പൊതുസമ്മേളനം ആരംഭിച്ചു. ജോസ്ഗിരി BKJW നഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥിനികളുടെ ഈശ്വരപ്രാർത്ഥനയ്ക്ക് ശേഷം പ്രതീക്ഷാ ഡയറക്ടർ എല്ലാവർക്കും സ്വാഗതം പറഞ്ഞു. അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് അധ്യക്ഷഭാഷണം നടത്തി. മലബാറിൽ മദ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെ അനുസ്മരിച്ച് ലഹരിക്ക് അടിപ്പെട്ടവർ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധയുള്ളവർ ആയിരിക്കണമെന്നും പിതാവ് ഓർമ്മപ്പെടുത്തി. തലശ്ശേരി എഎസ്പി ചൈത്ര തെരേസ ജോൺ ഐപിഎസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

സി. തെരേസ് സിഎച്ച്എഫ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർ, കെ. രാജീവൻ ആശംസയർപ്പിച്ചു.

തുടർന്ന് നടന്ന ആദരിക്കൽ ചടങ്ങിൽ പിണറായി ജനമൈത്രി പോലീസ് പി.ആർ.ഒ. ശ്രീനിവാസൻ സാറിനെ അഭിവന്ദ്യ പിതാവ് ഹാരാർപ്പണം നടത്തി പ്രശംസാഫലകം നല്കി. പ്രതീക്ഷയുടെ പ്രാരംഭപ്രവർത്തകർ ആയിരുന്ന സി. എമിലി എസ്.എ.ബി.എസ്, സി. റോസ് പുളിക്കൽ എസ്.എച്ച്., സി. ആൻസി കുമ്പുളുങ്കൽ എസ്.എച്ച്, മാത്യു എം. കണ്ടത്തിൽ എന്നിവരെ അഭിനന്ദിച്ച് ഹാരാർപ്പണം ചെയ്തി പ്രശംസാഫലകം നല്കി. അഭിവന്ദ്യ പിതാവ് ആദരിച്ചു. പ്രതീക്ഷയിൽ ചികിത്സ നടത്തി 34 വർഷം മുതൽ ഒരു വർഷംവരെ ലഹരിരഹിതജീവിതം നയിക്കുന്നവരെ പൊതുസമൂഹം ആദിരിച്ചു ഷീൽഡും, സ്വർണവും വെള്ളി മെഡലുകളും നല്കി അവർക്കും പിതാവ് അഭിനന്ദനം അർപ്പിച്ചു. ജോയി പെരുമ്പുഴ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, റ്റി.സി. തോമസ്, കെ. ശ്രീനിവാസൻ, സി. എമിലി എന്നിവർ പ്രസംഗിച്ചു.

വാർഷികത്തോടനുബന്ധിച്ച് മൂന്ന് പ്രകാശനങ്ങൾ നടത്തപ്പെട്ടു. സി. ഷാന്റി ജോൺ എസ്കെഡി ചീഫ് എഡിറ്ററായി തയ്യാറാക്കപ്പെട്ട 'സഹയാത്രികൻ' എന്ന കൈയെഴുത്തു പ്രസിദ്ധീകരണം അഭിവന്ദ്യപിതാവ് സി. എമിലി എസ്എബിഎസ് ന് നല്കി പ്രകാശനം നടത്തി. കഴിഞ്ഞ ഒരു വർഷത്തെ പ്രതീക്ഷാ പ്രവർത്തനങ്ങളുടെ ഫോട്ടോ ആൽബം 'Click 2018' സി. റോസ് പുളിക്കലിന് നല്കി അഭിവന്ദ്യ പിതാവ് പ്രകാശന കർമം നിർവഹിച്ചു. സി. ഷാന്റി എസ്കെഡി, ജിൻസി ജോർജ് മൂലയിൽ എന്നിവർ അവതരണവും നടത്തി. ഇതിനോട് ചേർന്ന് 'News 2018' എന്ന പേരിൽ ദീപിക, മനോരമ, മാതൃഭൂമി പത്രങ്ങളിൽനിന്നുമുള്ള ലഹരിസംബന്ധമായ വാർത്തകളുടെ ആൽബം മാത്യു എം. കണ്ടത്തിലിന് നല്കിയും മെത്രാപ്പോലീത്താ പ്രകാശനം നിർവ്വഹിച്ചു.

BKJM വിദ്യാർത്ഥികൾ പൊന്ന്യം സെമിനാരി വിദ്യാർത്ഥികൾ, അയൽപക്ക വിദ്യാർത്ഥികൾ, ചികിത്സാർത്ഥികൾ എന്നിവർ ചേർന്ന് വിവിധ കാലാപരിപാടികളും നടത്തി. 2 മണിയോടുകൂടി ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിച്ചു. സമ്മേളനത്തിൽ സണ്ണി പുത്തേട്ട്, അബ്രാഹം പാരിയ്ക്കാപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു. ആന്റണി അത്താഴപ്പാടം ജോൺ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ, സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കി സഹകരിച്ച ഏവർക്കും നന്ദി.

## ബോധവല്ക്കരണ ക്ലാസ്

മമ്പറം എച്ച്എസ്എസ്-ൽ നിന്നുള്ള പ്ലസ്ടു വിദ്യാർത്ഥികൾക്കായി treatment level നെ കുറിച്ച് ക്ലാസ് നടത്തി. ഫാ. ഡയറക്ടർ, സി. തെരേസ സിഎച്ച്എഫ്, സി. ഷാന്റി എസ്കെഡി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.



# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ

*''വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു അവന്റെ മഹത്വം നമ്മൾ ദർശിച്ചു.'' (യോഹ 1:14)*

### എടൂർ എ.സി. യുടെ റൂബി ജൂബിലി വാർഷികവും സെമിനാറും

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി എടൂർ എസിയുടെ റൂബി ജൂബിലി വാർഷികവും സെമിനാറും 2018 നവംബർ 10-ാം തീയതി ഉരുപ്പുംകുറ്റി സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9 മണിക്ക് ഉരുപ്പുംകുറ്റി ഇടവകവികാരി റവ.ഫാ. തോമസ് നടുവിലേക്കൂറ്റ് വി. കുർബ്ബാനയർപ്പിക്കുകയും തുടർന്ന് സെമിനാർ നയിക്കുകയും ചെയ്തു. 11.30ന് ആരംഭിച്ച വാർഷികസമ്മേളനത്തിൽ എടൂർ എസി പ്രസിഡന്റ് ബ്ര. മൈക്കിൾ പൊടിമറ്റത്തിൽ അധ്യക്ഷത വഹിച്ചു. സി. റോസമ്മ മച്ചിത്താന്നിക്കൽ പ്രാരംഭ പ്രാർത്ഥനയും സി. ആലീസ് കുന്നുംപുറം ജ്ഞാനവായനയും നടത്തി. എസി സെക്രട്ടറി ബ്ര. തോമസ് മാത്യു പള്ളത്തുശ്ശേരി സ്വാഗതം ആശംസിച്ചു. ബ്ര. തോമസ് തകിടിയേൽ എസിയുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കരിക്കോട്ടക്കരി ഇടവക വികാരി റവ.ഫാ. ആന്റണി പുന്നൂർ

➜

### അറിയിപ്പ്

1. നമ്മുടെ ചികിത്സാ സെന്ററിലേക്ക് ആസക്തി രോഗികളെ പറഞ്ഞുവിടുമ്പോൾ ആധാർകാർഡും ഏതെങ്കിലുമൊരു തിരിച്ചറിയൽ കാർഡും നിർബന്ധമായും കരുതുമല്ലോ.

2. എല്ലാമാസവും ആദ്യ ഞായറാഴ്ചകളിൽ പ്രതീക്ഷയിൽ വച്ച് നടക്കുന്ന എഎ മീറ്റിംഗിലേക്ക് മുൻ ചികിത്സാർഥികളെ പറഞ്ഞുവിടാൻ ശ്രദ്ധിക്കണേ നന്ദി.

3. ക്യാൻസർ ബോധവൽക്കരണ ക്ലാസെടുക്കുവാൻ പ്രതീക്ഷാ സ്റ്റാഫിന്റെ സേവനം ലഭ്യമാണ്. കൂടുതൽ കാര്യങ്ങൾക്കായി ചികിത്സാസെന്ററുമായി ബന്ധപ്പെടുക.

സ്നേഹത്തോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. എസിയിലെ ബെസറ്റ് കോൺഫ്രൻസായി തിരഞ്ഞെടുക്കപ്പെട്ട കരിക്കോട്ടക്കരി സെന്റ് തോമസ് കോൺഫ്രൻസിനുള്ള ട്രോഫിയും ക്യാഷ് അവാർഡും സിസി സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.ടി. ജോസഫ് കാരിക്കുന്നേൽ വിതരണംചെയ്തു. നാല്പതു വർഷം പൂർത്തിയാക്കിയ അഞ്ച് അംഗങ്ങളെ ഉരുപ്പുംകുറ്റി ഇടവകവികാരി റവ. ഫാ. തോമസ് നടുവിലേക്കൂറ്റ് ആദരിച്ചു. ഓസാനാം ഫെസ്റ്റിൽ പങ്കെടുത്തവർക്കുള്ള ക്യാഷ് അവാർഡ് വിതരണംചെയ്തു കൊണ്ട് സിസി സെക്രട്ടറി ബ്ര. ദേവസ്യ കളരിക്കൽ എടൂർ എസിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. വിവിധ സംഘടനാപ്രതിനിധികൾ ആശംസകളർപ്പിച്ചു. ജൂബിലേറിയൻ പ്രതിനിധി ബ്ര. അബ്രാഹം വെട്ടിക്കൽ മറുപടി പ്രസംഗം നടത്തി. എടൂർ എസിക്കൊപ്പം നാല്പതാം വാർഷികം ആഘോഷിക്കുന്ന ഉരുപ്പുംകുറ്റി സെന്റ് മേരീസ് കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. സജി കല്ലടതാഴെ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. എസി. ട്രഷറർ ബ്ര. ജോർജ് വടക്കുംകര സമാപന പ്രാർത്ഥന നടത്തി. 120ഓളം അംഗങ്ങൾ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടെ യോഗം അവസാനിച്ചു.

**കരിക്കോട്ടക്കരി കോൺഫ്രൻസുകളുടെ വാർഷിക സമ്മേളനവും കുടുംബസംഗമവും**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കരിക്കോട്ടക്കരി സെന്റ് തോമസ് കോൺഫ്രൻസിന്റെ 44-ാമത്തെയും സെന്റ് മേരീസ് വനിതാ കോൺഫ്രൻസിന്റെ 5-ാമത്തെയും വാർഷികസമ്മേളനവും കുടുംബസംഗമവും 2018 ഒക്ടോബർ 27-ാം തീയതി കരിക്കോട്ടക്കരി സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടത്തുകയുണ്ടായി. 9.15 ന് കരിക്കോട്ടക്കരി അസിറ്റന്റ് വികാരി ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിലിന്റെ നേതൃത്വത്തിൽ ജപമാല വി.കുർബ്ബാന എന്നിവയോടെ ആരംഭിച്ചു. തുടർന്നു നടന്ന വാർഷിക സമ്മേളനത്തിൽ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. റിന്നി വഴുതനപള്ളി അധ്യക്ഷത വഹിച്ചു. മാനന്തവാടി സിസി പ്രസിഡന്റ് ബ്ര. ജോർജ് ആക്കാംതുരുത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. യോഗത്തിൽ വികാരി ഫാ. ആന്റണി പുന്നൂർ അനുഗ്രഹപ്രഭാഷണം നടത്തി. എടൂർ എസി. പ്രസിഡന്റ് ബ്ര. മൈക്കിൾ പൊടിമറ്റം, കോൺഫ്രൻസ് സീനിയർ വൈസ് പ്രസിഡന്റ് ബ്ര. അബ്രാഹം വെട്ടിക്കൽ, കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ജോസഫ് പട്ടമന തുടങ്ങിയവർ സംസാരിച്ചു. ആരോഗ്യ ഇൻഷൂറൻസ് മേഖലയെക്കുറിച്ച് ശ്രീ വി.ജി. സുനിൽ ക്ലാസ്സ് നയിച്ചു. ബ്ര. തോമസ് മാത്യു പള്ളത്തുശ്ശേരി സ്വാഗതവും സെക്രട്ടറിമാരായ ബ്ര. കെ.ടി. തോമസ് കാവുങ്കലും സി. ഷൈമ വെട്ടിക്കലും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ശ്രീ ജോർജ് ഉണ്ണിപ്പള്ളിലിന്റെ ഓർമ്മയ്ക്കായ് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയ എൻഡോവ്മെന്റ് കൈമാറ്റവും ഫോട്ടോ അനാച്ഛാ

ദനവും കോൺഫ്രൻസിന്റെ ആധ്യാത്മിക ഉപദേഷ്ടാവ് ഫാ. ആന്റണി പുന്നൂർ നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ബ്ര. മാത്യു ആലപ്പാട്ട് നന്ദിയും ട്രഷറർ ബ്ര. സണ്ണി ചെമ്പോത്തനാടി സമാപനപ്രാർത്ഥനയും നടത്തി. തുടർന്ന് സ്നേഹവിരുന്നോടെ സമ്മേളനം സമാപിച്ചു.

## നെല്ലിക്കാംപൊയിൽ എ.സി.യുടെ റൂബി ജൂബിലി ഭവന വെഞ്ചരിപ്പ്

റൂബി ജൂബിലിയോടനുബന്ധിച്ച് നെല്ലിക്കാംപൊയിൽ എസി നിർമ്മിച്ച ആറാമത്തെ ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം 2018 നവംബർ 10-ാം തീയതി നെല്ലിക്കാംപൊയിൽ ഫൊറോന വികാരി റവ. ഫാ. ജോസഫ് ആനിത്താനം നിർവ്വഹിച്ചു. നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് കോൺഫ്രൻസ് ഈ ഭവനം 620 സ്ക്വയർ ഫീറ്റിൽ 3,60,000 രൂപ ചെലവിലാണ് നിർമ്മിച്ചത്. ഇടവകാംഗമായ ഇല്ലിക്കൽ ജോർജിന് ഫൊറോന വികാരി റവ. ഫാ. ജോസഫ് ആനിത്താനം ഭവനത്തിന്റെ താക്കോൽ കൈമാറി. പ്രസ്തുത ചടങ്ങിൽ ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. ജിന്റോ ചാലിൽ, കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. ബേബി മഞ്ഞപ്പള്ളിൽ മറ്റ് കോൺഫ്രൻസ് അംഗങ്ങൾ അയൽവാസികൾ എന്നിവർ പങ്കെടുത്തു. തുടർന്ന് സ്നേഹവിരുന്നും നടത്തി.

## ആലക്കോട് എ.സി.യുടെ റൂബി ജൂബിലി ഭവന വെഞ്ചരിപ്പ്

റൂബി ജൂബിലിയോടനുബന്ധിച്ച് ആലക്കോട് എസിയിൽ ആലക്കോട് സെന്റ് മേരീസ് കോൺഫ്രൻസ് നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് തലശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി 18.11.2018ന് നടത്തി. ആലക്കോട് ഫൊറോന വികാരി റവ.ഫാ. ആന്റണി ആനക്കല്ലിൽ സ്വാഗതവും ആലക്കോട് എസി പ്രസിഡന്റ് ബ്ര. മാത്യു ചിറപ്പുറം നന്ദിയും പറഞ്ഞു. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. അഗസ്റ്റിൻ കളപ്പുര, സെക്രട്ടറി ബ്ര. ജോസ് മള്ളാത്ത് എന്നിവർ സംസാരിച്ചു. സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ദേവസ്യ വരമ്പകത്ത് എന്നീ കുടുംബത്തിന് പ്രസ്തുത ഭവനത്തിന്റെ താക്കോൽ ദാനവും നിർവ്വഹിച്ചു. ആറു ലക്ഷം രൂപ മുടക്കി നിർമ്മിച്ച ഭവനം മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി സ്മാരക ഭവനപദ്ധതിയിലേക്ക് സമർപ്പിച്ചു.

## പൊന്മല സെന്റ് ജോസഫ് കോൺഫ്രൻസിന്റെ റൂബി ജൂബിലി വാർഷികാഘോഷം

ചെമ്പേരി എസിയിലെ പൊന്മല സെന്റ് ജോസഫ് കോൺഫ്രൻസിന്റെ റൂബി ജൂബിലി ആചരണം 2018 നവംബർ 10ന് വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. രാവിലെ 9.30ന് ദിവ്യബലിയ്ക്കും തുടർന്നു നടത്തിയ ആത്മീയ സെമിനാറിനും ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജ് മേധാവി റവ. ഡോ. തോമസ് മേൽവെട്ടം നേതൃത്വം നല്കി. തുടർന്ന് ഇടവകയിലെ

മുതിർന്ന മാതാപിതാക്കളെ പൊന്നാടയും ജപമാലയും അണിയിച്ച് ആദരിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇടവകവികാരി റവ. ഫാ. മനോജ് കൊച്ചുപുരയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം റവ. ഡോ. തോമസ് മേൽവെട്ടം ഉദ്ഘാടനം ചെയ്തു. കെആർസിസി വനിതാ കോർഡിനേറ്റർ സി. ജോളി സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണവും തലശ്ശേരി സിസി സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.ടി. ജോസഫ് കാരിക്കുന്നേൽ സിസി സെക്രട്ടറി ബ്ര. ദേവസ്യ കളരിക്കൽ, ചെമ്പേരി എസി സെക്രട്ടറി ബ്ര. ലൂക്കോസ് തൊട്ടിയിൽ, സി. അപർണ്ണ മാളിയേക്കൽ എന്നിവർ ആശംസകളും അർപ്പിച്ചു സംസാരിച്ചു. വിവിധ മത്സരങ്ങളിൽ പങ്കെടുത്തവർക്ക് വികാരി ഫാ. മനോജ് കൊച്ചുപുര സമ്മാനങ്ങളും വിതരണം ചെയ്തു. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. ജോസ് മേന്നേപറമ്പിൽ സ്വാഗതവും സെക്രട്ടറി ബ്ര. ഇ.ജെ. ജോസ് റിപ്പോർട്ട് അവതരണവും വനിതാ മെമ്പർ വിൻസെൻഷ്യൻ ഗാനാലാപനവും കെ.ഇ. ആന്റണി നന്ദിയും നടത്തി.

## തോമാപുരം എ.സി.യുടെ റൂബി ജൂബിലി ഭവന വെഞ്ചരിപ്പ്

തോമാപുരം എസിയിൽ തോമാപുരം സെന്റ് തോമസ് പുരുഷ വനിതാ കോൺഫ്രൻസുകൾ നിർമ്മിച്ച റൂബി ജൂബിലി ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി 19.11.2018 ന് നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമാക്കൽ എസി പ്രസിഡന്റ് ബ്ര. ജോർജ് ഇടക്കര മൈലയ്ക്കൽ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. മത്തച്ചൻ തയ്യിൽ, വനിതാ പ്രസിഡന്റ് സി. ലിസ്സി, തോമാപുരം പുരുഷ വനിതാ കോൺഫ്രൻസിലെ മുഴുവൻ അംഗങ്ങളും അയൽക്കാരും ബന്ധുജനങ്ങളും സുഹൃത്തുക്കളും പങ്കെടുത്തു. എട്ടുലക്ഷം രൂപ ചെലവിൽ 800 സ്ക്വയർ ഫീറ്റിൽ സണ്ണി ചെരിയംകാലായ്ക്കുവേണ്ടി നിർമ്മിച്ച ഈ ഭവനം മാർ വള്ളോപ്പിള്ളി പിതാവിന്റെ സ്മരണയ്ക്കായി സമർപ്പിച്ചു.

സ്നേഹപൂർവ്വം

**ഫാ.ജോസഫ് കാക്കരമറ്റത്തിൽ**
ആത്മീയ ഉപദേഷ്ടാവ്

**ബ്ര.ബാബു ജോസഫ് കൊട്ടാരത്തിൽ**
സിസി പ്രസിഡന്റ്

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## എ.ഡി.എസ്.യു. കലോത്സവം

16-ാമത് എഡിഎസ്‌യു കലോത്സവം 2018 നവംബർ 6ന് ചെമ്പേരി നിർമ്മല സ്കൂളിൽവച്ച് നടത്തി. എഡിഎസ്‌യു മുൻ പ്രസിഡന്റ് കുമാരി അയോണ എലിസബത്തിന്റെ അധ്യക്ഷതയിൽ ചേർന്ന കലോത്സവ സമ്മേളനം ചെമ്പേരി ഫൊറോനവികാരിയും നിർമ്മലാസ്കൂൾ മാനേജരുമായ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് തൈത്തോട്ടം, ബേബി നെട്ടനാനി, എഡിഎസ്‌യു ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ എന്നിവർ പ്രസംഗിച്ചു. എഡിഎസ്‌യു വൈ. പ്രസിഡന്റ് കെ.എസ്. അർജുൻ സ്വാഗതവും സെക്രട്ടറി അനന്തുകൃഷ്ണൻ നന്ദിയും പ്രകാശിപ്പിച്ചു.

11 സ്റ്റേജുകളിലായി 800 ൽ പരം കലാപ്രതിഭകൾ പങ്കെടുത്ത കലോത്സവ വേദികൾ എഡിഎസ്‌യു പ്രസിഡന്റ് മാസ്റ്റർ സഞ്ജയ് ഷാജി എഡിഎസ്‌യു പതാക ഉയർത്തിയതോടെ അനാവരണം ചെയ്യപ്പെട്ടു.

